ശ്രീ. വി. കെ. രാജൻ: സർ, ഈ ബിൽ കൊണ്ടുവന്ന് വളരെ പ്രയോജനകരമായ ഒരു ഉദ്ദേശത്തോടു കൂടിയാണ് വില നിർണ്ണയമൊക്കെ നടത്തിയത്. എന്നാൽ അതിന് തെറ്റായ രീതിയിൽ, അപരിഷ്കൃതമായ നടപടിക്രമമൊക്കെ സ്വീകരിച്ചതിന്റെ ഫലമായിട്ടാണ് നടപ്പിലാക്കാൻ കഴിയാതെ വന്നത്. ഇപ്പോൾ ജില്ലാ കൗൺസിലാണ് അത് പരിശോധിച്ച് നടപ്പിലാക്കേണ്ടതെന്നാണ് ഉദ്ദേശിക്കുന്നത്. ഒരു നിശ്ചിത സമയത്തിനകം അത് പരിശോധിച്ച് സർക്കാരിലേയ്ക്ക് ഭീമമായ സംഖ്യ രജിസ്ട്രേഷന്റെ പേരിലും മറ്റും വരേണ്ടതാണ്. അതിനാവശ്യമായ സത്വര നടപടികളും ഈ ബിൽ പാസ്സായാൽ സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. വി. വിശ്വനാഥമേനോൻ): സർ, ശ്രീ. ഇസ്ഹാക്ക് കുരിക്കൾ പറഞ്ഞ കാര്യങ്ങൾ—രജിസ്ട്രേഷനെ സംബന്ധിച്ച കാര്യങ്ങൾ—ബന്ധപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാം. ശ്രീ. വി. കെ. രാജൻ പറഞ്ഞ കാര്യങ്ങൾ ജില്ലാ കൗൺസിലുകളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്. ഈ ബിൽ പാസ്സാക്കി തരണമെന്ന് അപേക്ഷിക്കുന്നു.

1991-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

1991-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ സഭ പാസ്സാക്കി.

(2) സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1990-ലെ കേരള വനിതാ കമ്മീഷൻ ബിൽ

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1990-ലെ കേരള വനിതാ കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. ടി. കെ. ഹംസ): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സെലക്ട് കമ്മിറ്റി റിപ്പോർട്ട് എല്ലാവരുംകൂടി യോജിച്ചുകൊണ്ടുള്ള റിപ്പോർട്ടാണ്. ഇതിനെ സംബന്ധിച്ചുള്ള നിയമങ്ങൾ വിശദമായി നോക്കി ഞങ്ങൾ അനേകം ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ട്. അതിൽ പ്രധാനമായിട്ട് വന്നിരിക്കുന്നത്, കമ്മീഷനിൽ സ്ത്രീകൾക്കായിരിക്കണം മുൻതൂക്കം കൊടുക്കേണ്ടതെ എന്നാണ്. അതിൽത്തന്നെ ഷെഡ്യൂൾഡ് കാസ്റ്റിൽനിന്നും ഒരാൾ ഉണ്ടായിരിക്കുകയും വേണം. അഞ്ച് മെമ്പർമാർ എന്നുള്ളത് ആറാക്കിയിട്ടുണ്ട്. ഇതിൽ സ്ത്രീകൾക്കാണ് മുൻഗണന കൊടുക്കുന്നത്. ഓഫീസിൽനിന്നും മെമ്പർമാരെ മാറ്റുന്നതു സംബന്ധിച്ച് അവർക്ക് നോട്ടീസ് കൊടുക്കാനും അതിന്റെ കാരണങ്ങളെക്കുറിച്ചുമൊക്കെ വിശദീകരണങ്ങളെഴുതിയിട്ടുണ്ട്. അതുപോലെതന്നെ രജിസ്ട്രേഷൻ ഓഫ് വിമൻസ് ഓർഗനൈസേഷനിൽ രജിസ്റ്റർ ചെയ്യുന്നതോടൊപ്പം തന്നെ വിമൻസ് വിംഗ് പോലുള്ള സംഘടനകളും പ്രവർത്തിക്കുന്നുണ്ട്. സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്നതാണെങ്കിൽ വിമൻസ് വിംഗിനും അപേക്ഷ

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാമെന്നും അപേക്ഷ കൊടുക്കേണ്ടതു് കമ്മീഷനാണെന്നും പറഞ്ഞിട്ടുണ്ടു്. അതിൻമേൽ തീരുമാനമെടുക്കേണ്ടതു് കമ്മീഷനാണു്, ഡയറക്ടറല്ല എന്നുള്ളതും ഇതിനകത്തു വന്നിട്ടുള്ള ഭേദഗതിയാണു്. അതുപോലെ ആതൻറിക്കേഷൻ ഓഫ് ഓർഡേഴ്സ് ഓഫ് കമ്മീഷനെ സംബന്ധിച്ചും പറഞ്ഞിരിക്കുന്ന വ്യവസ്ഥകളാണു്. അതുപോലെ വിമൻസ് ഓർഗനൈസേഷനെ സംബന്ധിച്ചു് എടുക്കുന്ന നടപടികളും, അവർക്കു് കുറെക്കൂടി അധികാരങ്ങളും കൊടുക്കുന്നതു്, പ്ലാനിംഗ് പ്രോസസ്സിൽ പാർട്ടിസിപ്പേറ്റു് ചെയ്യാനുള്ള നടപടിക്രമങ്ങളാണു്. അതുപോലെ സ്ത്രീകളെ ബാധിക്കുന്ന നിയമനിർമ്മാണം, പ്രധാന പ്രശ്നങ്ങളും എല്ലാം ഉണ്ടാകുമ്പോഴും കമ്മീഷനുമായിട്ടു് ആലോചിക്കണം. കമ്മീഷനു് കൊടുക്കേണ്ട പദവിയെ സംബന്ധിച്ചും ഇതിൽ പറഞ്ഞിട്ടുണ്ടു്. ഈ നിയമം അവതരിപ്പിച്ചു് കഴിഞ്ഞശേഷം ചില അഭിപ്രായങ്ങളും വന്നിട്ടുണ്ടു്. ഞാൻ അതെല്ലാം പരിശോധിച്ചു് ചിലതെല്ലാം അംഗീകരിക്കേണ്ടതാണെന്നു തോന്നിയിട്ടുണ്ടു്. ചില ക്ലാരിഫിക്കേഷൻസ് നടത്തേണ്ടതുണ്ടു്. ഈ ബിൽ നിയമസഭയിൽ പാസ്സാക്കുന്ന അവസരത്തിൽ നമ്മുക്കു് അതിനെക്കുറിച്ചു് ചർച്ച ചെയ്തു തീരുമാനിക്കാവുന്നതാണു്. അങ്ങയുടെകൂടി സഹായത്തോടെ ചിലതൊക്കെ ചേർക്കാൻ സാധിച്ചതിൽ എനിക്കു് കൃതാർത്ഥതയുണ്ടു്. ഇതു് സ്ത്രീകളുടെ നിയമമാണു്. വേറെ പല നിയമനിർമ്മാണങ്ങളുമുണ്ടു്. അവർക്കു് പല അവകാശങ്ങളും ഭരണഘടനയിൽ പറഞ്ഞിട്ടുണ്ടു്. ഈ അവകാശങ്ങളൊക്കെയുണ്ടെങ്കിലും ഗവൺമെൻറിൻെറ കീഴിൽ പ്രവർത്തിക്കുന്ന പല സംഘടനകളും അതിൻെറ ഉദ്യോഗസ്ഥൻമാർ അടക്കം പല ന്യായങ്ങളും പറഞ്ഞു് ഇപ്പോഴും ചില പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ത്രീകളെ റിക്രൂട്ടു ചെയ്യുന്നില്ല. ആ വിധത്തിൽ കേന്ദ്ര ഗവൺമെൻറു് ഒരു നിയമം പാസ്സാക്കിയിരിക്കുന്നു. രാത്രി സ്ത്രീകളെ പണിയെടുപ്പിക്കാൻ പാടുകയില്ല. എങ്കിലും പലയിടത്തും ഷിഫ്റ്റിനു് തയ്യാറല്ല. ഈ വിധത്തിലുള്ള അനേകം നടപടികളും ഇന്നു് സ്ത്രീകൾക്കെതിരായിട്ടു് വന്നിരിക്കുന്നു. ഇങ്ങനെ സ്ത്രീകൾക്കെതിരായിട്ടുള്ള പ്രവർത്തനത്തിൽ കേരളത്തിലുള്ള വിമൻസ് ഓർഗനൈസേഷൻ, പ്രത്യേക സംഘടനകളും ഒക്കെ ഇതിനെതിരായിട്ടു് പ്രക്ഷോഭങ്ങളും സമരങ്ങളും ദീർഘകാലമായി നടത്തിയതിൻെറയൊക്കെ ഫലമായിട്ടാണു് ഈ ബിൽ വന്നതു്. ബിൽ എഴുതിയുണ്ടാക്കിയെങ്കിലും പല സംഘടനകളും അഭിപ്രായം അറിയിക്കുവാൻ താമസിച്ചുപോയതു കൊണ്ടോണു് ഒന്നു് ഒന്നരക്കൊല്ലം താമസിച്ചുപോയതു്. എങ്ങനെയായാലും ഈ ബിൽ അവതരിപ്പിക്കാനും പാസ്സാക്കിയെടുക്കാനുംവേണ്ടി സൗകര്യമുണ്ടാക്കി തന്നതിനു് അങ്ങയോടും ഈ നിയമസഭയിലെ എല്ലാവരോടും നന്ദി രേഖപ്പെടുത്തിക്കൊണ്ടു് ഞാൻ സെലക്ടു് കമ്മിറ്റി റിപ്പോർട്ടു് അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: എനിക്കു് തൃപ്തിയായി, ശ്രീമതി ഗൗരിയമ്മ ഇതു പറഞ്ഞല്ലോ?

ശ്രീ. ടി. എം. ജേക്കബ്: ശ്രീമതി ഗൗരി അമ്മ ഇതു പറഞ്ഞതിനു് പ്രത്യേക കാര്യമുണ്ടു്. അങ്ങേക്കു് വനിതകളുടെ കാര്യത്തിൽ പ്രത്യേക താല്പര്യമുണ്ടു്. ഇതൊക്കെ നന്നായി നോക്കുന്നയാളെന്ന നിലയിലാണു് അങ്ങയെ അഭിനന്ദിച്ചതു്.

മി. സ്പീക്കർ: ഈ ബില്ലിൻെറ ചർച്ച തുടങ്ങാം. ശ്രീ. കെ. വി. സുരേന്ദ്രനാഥൻ, അങ്ങയുടെ ഭേദഗതി അവതരിപ്പിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: സർ, ഈ ബില്ലിന്റെ ചർച്ചയിൽ ആദ്യം ശ്രീ. കെ. വി. സുരേന്ദ്രനാഥ് തന്നെ പങ്കെടുക്കണോ?

മി. സ്പീക്കർ: ഞാൻ ഒരു കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. സ്ത്രീകളുടെകൂടെ താമസിച്ചില്ലെങ്കിലും സ്ത്രീകളെക്കുറിച്ച് നല്ലവണ്ണം അറിയാവുന്ന ആളാണ് ശ്രീ. സുരേന്ദ്രനാഥ്.

ശ്രീമതി കെ. ആർ. ഗൗരി അമ്മ: ഈ ബിൽ സെലക്ട് കമ്മിറ്റിയിൽ പോയിട്ട് ഞങ്ങൾ ജനറൽ ഡിസ്ക്കഷൻ മാത്രമല്ല തെളിവെടുപ്പും നടത്തിയിരിക്കുന്നു. തെളിവെടുപ്പിൽ രണ്ടു സിറ്റിംഗ് വിവിധ സംഘടനകളുടെ തെളിവെടുപ്പായിരുന്നു. രണ്ടു സിറ്റിംഗിലാണ് മറ്റു ഡിസ്ക്കഷൻ വന്നത്. ഇതിൽ ധാരാളം സംഘടനകൾ വന്ന് തെളിവു തന്നിട്ടുണ്ട്.

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: സർ, ''ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന'' ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ വിഷയം സംബന്ധിച്ച് മറ്റു ഏതു വിഷയത്തെക്കാളും കൂടുതൽ വിപുലമായ ലിറ്ററേച്ചർ മറ്റു രാജ്യങ്ങളിലും നിലവിലുണ്ട്. ഇതു സംബന്ധിച്ച് വളരെ ഗഹനമായി ആഴത്തിൽ പഠിച്ച ആളുകളുടെ റിപ്പോർട്ടുണ്ട്. വളരെ പ്രസിദ്ധമായ പുസ്തകങ്ങളുണ്ട്. സാർത്രെയുടെ സഹചാരിണിയായിരുന്ന സിമോണിബുവാർ എന്നു പറയുന്ന പ്രശസ്ത വനിത എഴുതിയിട്ടുള്ള, വളരെ ആഴത്തിൽ പഠിച്ച്, മനശ്ശാസ്ത്രപരമായും സാമൂഹ്യതലത്തിലും ശരീരശാസ്ത്രപരമായും ഓരോ തലത്തിലും പഠിച്ച് പ്രസിദ്ധീകരിച്ച പുസ്തകങ്ങളുണ്ട്. ഈ പുസ്തകങ്ങളൊക്കെ വായിക്കാൻ ശ്രീ. ടി. എം. ജേക്കബിനെപ്പോലെയുള്ള ആളുകൾക്ക് യാതൊരു വിലങ്ങും വച്ചിട്ടില്ല. വേണമെങ്കിൽ വാങ്ങിച്ച് വായിക്കാം. അതു വായിക്കാൻ പാടില്ല എന്നുള്ള മുൻവിധിയോടുകൂടി ഒരു പുരുഷ മേധാവിത്വത്തിന്റെ പേരിൽ, അഹങ്കാരത്തിന്റെ പേരിൽ ഇതൊക്കെ പുച്ഛിച്ചു തള്ളുന്ന ആളുകൾക്ക്, ഇത് മറ്റാളുകൾക്ക് പറയുവാൻ എന്തവകാശം എന്ന ചോദ്യം തീർച്ചയായും ചോദിക്കാം. ആ ചോദ്യത്തിന് ഞാൻ ഉത്തരം പറയേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ഞാൻ മനസ്സിലാക്കിയിരിക്കുന്നത്, സ്ത്രീകളുടെ മണം അറിയാവുന്നവർക്കേ സ്ത്രീകളുടെ ഗുണം അറിയാവൂ എന്നാണ്.

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: സർ, അതിന് ഈ വയസുകാലത്ത് പരകായപ്രവേശം ചെയ്യാനൊന്നും എന്നെക്കൊണ്ടാവില്ല.

സർ, ഈ ബിൽ വളരെ നല്ലനിലയിൽ കൂടുതൽ വകുപ്പുകളും ശക്തിപ്പെടുത്തി കുറെക്കൂടി പൂർണ്ണത വരുത്തിയാണ് സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തിരിക്കുന്നത്. അതുകൊണ്ട് അതിനെ സംബന്ധിച്ച് വളരെ കാര്യങ്ങളൊന്നും ഞാൻ പറയാൻ ഉദ്ദേശിക്കുന്നില്ല. ഒന്നുരണ്ടു പ്രധാനപ്പെട്ട മാറ്റങ്ങൾ വരുത്തിയിരിക്കുന്നതിനെ ഞാൻ സ്വാഗതം ചെയ്യുന്നു.

നേരത്തെ നടന്ന ചർച്ചയിൽ ചിലർ അഭിപ്രായപ്പെട്ടു, ആറേഴു മെമ്പർമാരുള്ള വനിതാ കമ്മീഷനിൽ വനിതകളെമാത്രം എടുക്കുന്നതായിരിക്കും നല്ലത് എന്ന്. ചെയർപേഴ്സൺ മാത്രം വനിത പോര, മെമ്പർമാരെല്ലാം വനിതകളായിരിക്കണം എന്ന് അഭിപ്രായപ്പെട്ടു. അങ്ങനെ പറഞ്ഞതിൽ

LIBRARY ARCHIVES Kerala Legislative Assembly

അതിശയമില്ല. കാരണം ഇവിടെ ഒന്നാം വായനയുടെ ചർച്ചയിൽ ഓരോ വനിതകളുടെ കാര്യം അതാതു വനിതകളുടെ വീട്ടിലുള്ള ആളുകൾക്ക് അറിയാവുന്ന മട്ടിൽ വനിതകൾ പുരുഷൻമാരുടെ കയ്യിൽ സുരക്ഷിതരാണെന്നുള്ള അർത്ഥം വരത്തക്കവിധത്തിൽ സംസാരിച്ചു. അതുകൊണ്ട് അതിന് ഒരു കൗണ്ടർക്ലാസ് എന്നുള്ള നിലയിൽ എല്ലാം വനിതകളായിരിക്കണം എന്നു പറഞ്ഞതിൽ തെറ്റൊന്നുമില്ല. പക്ഷെ ഈ ബിൽ സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തിരിക്കുന്ന നിലയിൽ ഇവിടെ വന്നിരിക്കുന്നത് നിർബന്ധമായും പ്രെയർപേഴ്സൺ വനിതയായിരിക്കണം എന്ന നിർബന്ധത്തോടുകൂടി മറ്റു ആറു മെമ്പർമാർ വനിതകളായിരിക്കണം എന്ന നിർബന്ധം കൂടാതെ ഇതു മുഴുവൻ പുരുഷൻമാരാകുന്നതിലും തടസ്സമൊന്നും ഉണ്ടാവുകയില്ല. അത് നല്ല മാറ്റമാണ്. ആ മാറ്റം ഞാൻ സ്വാഗതം ചെയ്യുന്നു. എനിക്ക് ഇപ്പോഴും വ്യക്തമായി മനസ്സിലാകാത്തത് കൂടുതൽ ചർച്ച ആവശ്യമുണ്ടെന്നു പറയുന്നതാണ്. ക്ലാസ് ബൈ ക്ലാസ് ഡിസ്ക്കഷൻ വരുമ്പോൾ നമുക്ക് ചർച്ച ചെയ്യാനാവും.

ഇതിൽ രജിസ്ട്രേഷനു ഒരു വ്യവസ്ഥ ഏർപ്പെടുത്തിയിരിക്കുന്നു. രജിസ്ട്രേഷനു വ്യവസ്ഥ ആവശ്യമാണ്. കാരണം രജിസ്ട്രേഷൻ വരുന്നതുകൊണ്ട് വലിയ ആപത്തൊന്നും ഉണ്ടാവുകയില്ല. പക്ഷെ രജിസ്ട്രേഷനു ആർക്കെല്ലാം അർഹതയുണ്ട്, അതിനുള്ള മാനദണ്ഡം എന്താണ്, ആരെയെല്ലാം അനർഹരായി പ്രഖ്യാപിക്കണം എന്നൊക്കെ നിശ്ചയിക്കാൻ ഡയറക്ടർ പോയി സ്റ്റാന്റിംഗ് ചെയ്ത് അത് റക്കമെൻഡേഷനായി അയയ്ക്കും. ആ റക്കമെൻഡേഷനു പുറത്തു പിന്നെ പരാതിയുണ്ടെങ്കിൽ അതിനെതിരായി അപ്പീൽ കൊടുക്കാൻ ഉള്ള വ്യവസ്ഥ, ഇങ്ങനെ ചട്ടങ്ങളുടെ നൂലാമാല സൃഷ്ടിക്കുന്നതിന് ഇടയായി.

നമ്മുടെ നാട്ടിൻപുറങ്ങളിൽ ഇന്ന് പല തരത്തിലുള്ള വനിതാ സമിതികൾ ഉണ്ടായിട്ടുണ്ട്. സോഷ്യൽ വെൽഫെയർകാരുടെ വനിതാ സംഘടനയുണ്ട്. അത് പാലു കൊടുക്കുന്നതിനും മാതൃശിശുശുശ്രൂഷയ്ക്കും ശിശുസംരക്ഷണത്തിനും വേണ്ടിയാണ്. അതിനുപുറമെ ബ്ലോക്കുതലത്തിൽ വേറെ സംഘടനകളുണ്ട്. അവർ നടന്ന് വനിതാ സമാജങ്ങളുണ്ടാക്കുന്നു. നാട്ടിൻപുറത്ത് എങ്ങോട്ട് തിരിഞ്ഞാലും ഓലപ്പുരകളിലും ചൊറപ്പുരകളിലും വനിതാസമാജങ്ങളുടെ ബോർഡ് കാണാം. ഈ വനിതാ സമാജങ്ങളിൽ ഒട്ടുമുക്കാലുമുള്ള മെമ്പർമാരും സജീവമായി പ്രവർത്തിക്കുന്നവരാണ്. എന്നാൽ ബ്ലോക്കുകളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചവയാണ്, അല്ലെങ്കിൽ സോഷ്യൽ വെൽഫെയർ അഡ്വൈസറി ബോർഡിന്റെ നിർദ്ദേശപ്രകാരം സംഘടിപ്പിച്ചവയാണ് എന്നുള്ള നിലയിൽ അവരെല്ലാം ഓരോ അവകാശവാങ്ങേളുന്നയിക്കാറുണ്ട്. പല സ്ഥലങ്ങളിലും വനിതാ സമാജങ്ങളുടെ മത്സരിപ്പിസിറ്റിയുണ്ട്; ബാഹുല്യമുണ്ട്. കഴിഞ്ഞ ആഴ്ച എന്റെ മണ്ഡലത്തിൽ വന്ന ഒരു പ്രശ്നം, ഒരേ വാർഡിനകത്ത് നാലു വനിതാസമാജം. അവർക്ക് നാലിനും അംഗനവാടികൾ. ഇത് എങ്ങനെ വെട്ടിക്കുറയ്ക്കാൻ സാധിക്കും എന്നത് പ്രശ്നമായി. രണ്ടുമൂന്നു കൊല്ലം മുമ്പ് നെയ്യാറ്റിൻകര താലൂക്കിൽ ആകെ ഞങ്ങളെല്ലാംകൂടി നടന്ന് ബോഗസ് സംഘടനകളെ കണ്ടുപിടിക്കാൻ പരിശോധന നടത്തി. അങ്ങനെ ബോഗസ് വനിതാ സമാജങ്ങൾ ഉണ്ടാക്കുന്നതിന് സൗകര്യമുണ്ടാക്കികൊടുക്കലാവുമോ ഇത്? അങ്ങനെയാകരുത് എന്നുണ്ടെങ്കിൽ ഇതിന് ഒരു സേഫ്ഗാർഡുണ്ടാകണം. രണ്ടാമത് വനിതകളുടെ, സംഘടന രൂപീകരിക്കാനുള്ള സ്വാതന്ത്ര്യം ഉപയോഗിച്ച് സംഘടനകൾ രൂപീകരിക്കുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ മേൽനോട്ടത്തിന് ഉദ്യോഗസ്ഥൻമാർ ആവശ്യമാണ്. അവിടെ ബ്യൂറോക്രസിക്കാരെ ആവശ്യമാണോ? രജിസ്റ്റർ ചെയ്ത വനിതാ സമാജത്തിന് എന്തെങ്കിലും പ്രത്യേക അവകാശം കൊടുക്കുന്ന കാര്യം ഇതിൽ പറഞ്ഞിട്ടില്ല. ഞാൻ ഇത് ഒറ വായന വായിച്ചപ്പോൾ രജിസ്ട്രേഷൻ കൊടുക്കുന്നതിനുള്ള നിർദ്ദേശമുണ്ടെങ്കിൽതന്നെ ആ രജിസ്റ്റേർഡ് സൊസൈറ്റിക്ക് മറ്റു സൊസൈറ്റികളിൽനിന്നും അതീത മായി എന്തെങ്കിലും അവകാശം കൊടുക്കുന്ന വകുപ്പുകൂടി ഉണ്ടായില്ലെങ്കിൽ ഞാൻ ഈ പറഞ്ഞ കുഴപ്പം കൂടുകയേയുള്ളു, കുറയുകയില്ല. അങ്ങനെ പ്രത്യേക അവകാശം എടുത്തു പറയാതെ രജിസ്ട്രേഷൻ വ്യവസ്ഥ എന്തിനാണ് കൊടുത്തിരിക്കുന്നത്. ഈ രാജ്യത്ത് സർക്കാർ അർദ്ധ ഔദ്യോഗിക സ്വഭാവമുള്ള ആറ് ഇൻഡ്യാ കോൺഫറൻസുകളുണ്ട്. അതിൽ ഓരോ രാഷ്ട്രീയപാർട്ടികാരും അതിനേറതായ സംഘടനകളുണ്ട്. ഇതിനൊക്കെ പുറമെ, രാഷ്ട്രീയപാർട്ടിയുടെ നേതൃത്വത്തിലുള്ള അഖിലേൻഡ്യാടി സ്ഥാനത്തിൽ പ്രവർത്തിക്കുന്നതും ഗവൺമെൻറിന്റെ ആശീർവാദത്തോ ടുകൂടി സംഘടിപ്പിച്ചതുമായ വനിതാ സമാജക്കാർ രജിസ്ട്രേഷനു വരണമോ എല്ലാവരും രജിസ്റ്റർ ചെയ്യണമോ, രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ രജിസ്റ്റർ ചെയ്തതിന്റെ പേരിൽ അവർ ക്വെയിംസുമായിട്ട് വരില്ലേ? ഇത്തരം കാര്യങ്ങളെല്ലാംകൂടി ചർച്ച ചെയ്തിട്ട് ഈ പുതുതായി ഇൻട്രൊഡ്യൂസ് ചെയ്തിരിക്കുന്ന രജിസ്ട്രേഷന്റെ ക്ലാസ് ഒന്നുകൂടി പുനഃപരിശോധിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്.

(അദ്ധ്യക്ഷവേദിയിൽ ഡെ: സ്പീക്കർ)

അതുപോലെ ഇതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളാണെങ്കിൽ അതി വിപുലമായ കാര്യങ്ങളാണ്. പ്രത്യേക സ്പെസിഫിക്കായിട്ടുള്ള പ്രോബ്ലംസ്, ജനറലായിട്ടുള്ള പോളിസി, വനിതകളെ സംബന്ധിച്ചിട ത്തോളം നിലവിലിരിക്കുന്ന മൊത്തം പരിതഃസ്ഥിതി പരിശോധിക്കാനുള്ള ഏർപ്പാട്, വാർഷികറിപ്പോർട്ട് എന്നുവേണ്ട പവേഴ്സ് ഓഫ് ദി കമ്മീഷനും ഫംഗ്ഷൻസ് ഓഫ് ദി കമ്മീഷനും ഇതു രണ്ടും കൂടി എടുത്താൽ (എ), (ബി), (സി), (ഡി) മുതൽ വളരെയധികം വിപുലമായ കാര്യങ്ങളുണ്ട്. ഈ കമ്മീഷനിൽ ആറും ഒന്നും ഏഴ് ആളുകളെ ഫുൾ ടൈം ആയിട്ട് പ്രവർത്തിച്ചാൽ ഇതെല്ലാം നമ്മൾ ഉദ്ദേശിക്കുന്നതുപോലെ വനിതകളുടെ അവശതകൾ പരിഹരിക്കുക എന്നുള്ള കാര്യത്തിൽ കാര്യമായ മാറ്റം വരുത്താൻ ഇവർക്ക് പ്രായോഗികമായി നോക്കിയാൽ സമയം കിട്ടുമോ, അതിനുള്ള എക്വിപ്മെൻറ്സ് കയ്യിലുണ്ടോ, അവരെ സഹായിക്കാൻ ഏതെങ്കിലും ഏജൻസി ഉണ്ടാകുമോ, അവർക്ക് സഹായം ആവശ്യമായി വരുമ്പോൾ അവർക്ക് സഹായം ചെയ്തുകൊടുക്കുന്ന തിനുള്ള പ്രൊവിഷൻ ഇതിനകത്തുണ്ടോ? സാമൂഹ്യ പരിവർത്തനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു സംഗതിയാണ് വനിതകളുടെ സ്വാതന്ത്ര്യം. ഈ രാജ്യത്തെ 50.3 ശതമാനം വരുന്ന വനിതകൾക്ക് യഥാർത്ഥ സ്വാതന്ത്ര്യം കിട്ടാതെ എന്ത് സ്വാതന്ത്ര്യമാണ് ഈ രാജ്യത്ത്? സ്വാതന്ത്ര്യമെന്ന് നമ്മൾ പറയുമ്പോൾ 20 ശതമാനം വരുന്ന ഹരിജനങ്ങൾക്ക് സ്വാതന്ത്ര്യമില്ല. 50 ശതമാനം വരുന്ന സ്ത്രീകൾക്ക് സ്വാതന്ത്ര്യമില്ല. അതുപോലെ ഹരിജനങ്ങളെക്കാളും ഭയങ്കരമായ കുഴപ്പത്തിൽ കിടക്കുന്ന ഗിരിജനങ്ങൾക്കും സ്വാതന്ത്ര്യമില്ല. പിന്നെ ആർക്കാണ് സ്വാതന്ത്ര്യം? ഒരു പിടി ആളുകൾക്ക് സാമൂഹ്യ പരിവർത്തനത്തിന്റെ പ്രശ്നമാണ് വനിതാ കമ്മീഷന്റെ നിയമനത്തിൽ കൂടി കൈകാര്യം ചെയ്യാൻ കഴിയുന്നത്. നമുക്കെല്ലാം അറിയാം, നമ്മളൊക്കെ ഉദ്ധരിക്കാറുണ്ട്; രാഷ്ട്രപിതാവ് ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞത്. ''സ്ത്രീകൾക്ക് സ്വാതന്ത്ര്യമില്ലാത്ത ഒരു രാജ്യത്ത് സ്വാതന്ത്ര്യമുണ്ടെന്ന് വിശ്വസിക്കാൻ ഞാൻ തയ്യാറല്ല. സ്ത്രീകൾക്ക് സ്വാതന്ത്ര്യം കൊടുക്കുന്നതിൽനിന്ന് വ്യത്യസ്തമായിട്ട് ഒരു സ്വാതന്ത്ര്യം ഇൻഡ്യയ്ക്ക് വരാൻ സാദ്ധ്യമല്ല'' എന്ന് മഹാത്മാഗാന്ധി തന്നെ പറഞ്ഞതാണ്. അങ്ങനെ വളരെയധികം സർവ്വസ്പർശിയായ മാറ്റങ്ങൾ നമ്മുടെ സമൂഹത്തിന്റെ ദൈനംദിന ജീവിതത്തിൽതന്നെ വരുന്നതിനുവേണ്ടി നമ്മൾ ഉണ്ടാക്കിയിരിക്കുന്ന മെഷിനറിയാണെങ്കിൽ വളരെ ചുരുങ്ങിയ ഒരു മെഷിനറിയാണ്. ആറ് മെമ്പറൻമാരും അവരെ സഹായിക്കാൻ ഒരു ഡയറക്ടറും. ഇതു മാത്രമാണ്. നടക്കുമോ ഇത്? ഇതിനുവേണ്ടി ഉടനെതന്നെ ഒരു ബ്യൂറോക്രാറ്റിക് സ്ട്രക്ച്ചർ പുത്തനായിട്ട് ഉണ്ടാക്കുക. അവർ ഈ കാര്യത്തിലൊക്കെ ഭരണം നടത്തുക. വനിതാ പ്രശ്നത്തിൽ അവർ ഈ രാജ്യത്ത് മേധാവിത്വം വഹിക്കുക എന്നുള്ള സ്ഥിതി വരണമെന്നുള്ള അഭിപ്രായത്തിലല്ല ഞാൻ പറയുന്നത്. ഞാൻ പറയുന്നത് ഇതിനാവശ്യമായ നോൺ-ഒഫീഷ്യൽ ഓർഗനൈസേഷൻസിനെ, വിദഗ്ദ്ധൻമാരെ, സാമൂഹ്യ ശാസ്ത്രജ്ഞൻമാരെ, വനിതാ പ്രശ്നങ്ങൾ പഠിച്ചിട്ടുള്ള സ്പെഷ്യലിസ്റ്റുകളെ ഒക്കെ എൻഗേജ് ചെയ്യുന്നതിനുള്ള വ്യവസ്ഥ ഈ ബില്ലിൽ തന്നെ വരുത്തുന്നതു കൊണ്ട് എന്തു തെറ്റാണുള്ളത്? അത് വരുത്തണമെന്നാണ് എന്റെ അഭിപ്രായം. അതുകൂടി വരുത്തക്കവണ്ണമുള്ള ചില മാറ്റങ്ങൾ രണ്ടാം വായന സമയത്ത് ഏർപ്പെടുത്തുന്നത് നന്നായിരിക്കും.

അതുപോലെതന്നെ ഇന്ന് ഓരോ രംഗവും എടുത്ത് പരിശോധിച്ചു നോക്കിയാൽ തൊഴിൽ രംഗത്താണ് ഇതിൽ ഏറ്റവും ഭയങ്കരമായിട്ടുള്ളത്. തൊഴിൽ രംഗത്ത് ഏറ്റവും മോശപ്പെട്ട, ഏറ്റവും അൺപ്ലസന്റ് ആയിട്ടുള്ള, ഏറ്റവും ഹീനമായ ജോലികളൊക്കെ വനിതകൾക്കുവേണ്ടി മാറ്റിവച്ചിരിക്കുകയാണ്. വനിതകളിൽതന്നെ ഹരിജന വനിതകൾക്കു വേണ്ടിയാണ് ഈ ജോലികൾ മാറ്റിവച്ചിരിക്കുന്നത്. കശുവണ്ടി ഫാക്ടറികളിൽ ഷെല്ലിംഗ് നടത്തുന്ന ജോലി ഏൽപ്പിച്ചിരിക്കുന്നത് ഹരിജൻ വിഭാഗത്തിൽപ്പെട്ട സ്ത്രീകളെയാണ്. ഈ കാര്യത്തെക്കുറിച്ചെല്ലാം ഡെപ്യൂട്ടി സ്പീക്കർക്ക് അറിയാം. ഇതുപോലെ തന്നെയാണ് ഓരോ ജോലിയുടെ കാര്യത്തിലും. പണ്ട് കൈകൊണ്ട് മലം നീക്കം ചെയ്യുന്ന ഏർപ്പാട് ഉണ്ടായിരുന്ന കാലത്ത് ആ ജോലി വനിതകളെയാണ് ഏൽപ്പിച്ചിരുന്നത്. ഇങ്ങനെ ഓരോ രംഗം എടുത്തു നോക്കിയാലും ഏറ്റവും ഹീനമായ ജോലി വനിതകൾക്കും ഏറ്റവും ഭേദപ്പെട്ട ജോലി പുരുഷനുമാണ്. ഈ ഒരു ഡിവിഷൻ ഉണ്ട്. കൂലിയുടെ കാര്യത്തിലും സ്ത്രീക്കും പുരുഷനും തമ്മിൽ വ്യത്യാസമുണ്ട്. നമ്മുടെ തൊഴിൽ നിയമസംഹിത ആകെത്തന്നെ പരിശോധിക്കുകയും അതിൽ എവിടെയൊക്കെയാണ് വനിതകളുടെ നേർക്ക് അന്യായം കാണിക്കാനുള്ള പഴുതിട്ടിരിക്കുന്നതെന്ന് കണ്ടുപിടിച്ച് അത് ആകെ പരിഷ്കരിക്കുന്നതിന് വളരെ വളരെ ബൃഹത്തായിട്ടുള്ള ഒരു ജോലി ചെയ്യേണ്ടിവരും. ഇതുപോലെ നിരവധി രംഗങ്ങളിൽ ഈ ജോലികൾ ചെയ്യേണ്ടതായിട്ടുണ്ട്. നമ്മൾ ഇപ്പോൾ ഉണ്ടാക്കിയ മെഷിനറി ഇതിന്റെ ഒരു തുടക്കമാണ്. തുടക്കം ഇങ്ങനെ ആയിക്കോട്ടെ. പിന്നെ നമുക്ക് മാറ്റാം എന്നുള്ള നിലയ്ക്കാണെങ്കിൽ എനിക്ക് ഒബ്ജക്ഷൻ ഇല്ല. പക്ഷേ വനിതകളുടെ പ്രശ്നങ്ങളെല്ലാം പരിഹരിക്കുന്നതിന് ഇപ്പോൾ ഇവിടെ ഉണ്ടാക്കി വച്ചിരിക്കുന്ന മെഷിനറി കൊണ്ട് സാധിക്കുമോ? നിശ്ചയമില്ല. അതുപോലെ ഈ ബിൽ സെലക്ട് കമ്മിറ്റിയിൽ പോയതിനുശേഷം നല്ല ഒരു വ്യത്യാസം വന്നിട്ടുണ്ട്. എന്താണെന്നുവച്ചാൽ ഈ കമ്മീഷനും അതിന്റെ പ്രവർ

LIBRARY ARCHIVES Kerala Legislative Assembly

ത്തനവും deem to be judicial proceedings. എന്നുകൂടി ചേർത്തിട്ടുള്ള ഒരു വ്യവസ്ഥ ഉണ്ടാക്കിയിട്ടുണ്ട്. നല്ലതാണ്. പക്ഷേ അതുമാത്രം മതിയാകുമോ? അതിനാവശ്യമായ അധികാരം കൊടുക്കണ്ടേ? ജുഡീഷ്യലായിട്ട് ഡീം ചെയ്താൽ, ജുഡീഷ്യൽ രീതിയിൽ പ്രവർത്തിക്കുമ്പോഴും അതിനാവശ്യമായ അധികാരംകൂടി കൊടുക്കണ്ടേ? ഡോക്യുമെൻറുകളും തരാൻ വിസമ്മതിച്ചാൽ അത് പ്രൊഡ്യൂസ് ചെയ്യിപ്പിക്കാൻ, നിർബന്ധിക്കാനാവശ്യമായ അധികാരം കൊടുക്കണ്ടേ? വനിതകളുടെ കാര്യത്തിൽ ഏറ്റവും കൂടുതൽ താൽപ്പര്യമെടുക്കാൻ ഇന്നത്തെ നമ്മുടെ സർക്കാരിൻെറ മെഷിനറിയിൽ രണ്ട് ഡിപ്പാർട്ടുമെൻറുകളാണുള്ളത്. അതിലൊന്ന് സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെൻറാണ്. സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനം അതിന് ആവശ്യമായിടത്തോളം വലിയ വിപുലമായ തോതിലോ, വിപുലമായ പണത്തിൻെറ വിഭവശേഷിയോടുകൂടിയോ അല്ല നടക്കുന്നതെന്ന് നമുക്കറിയാം. മറെറാരു ഡിപ്പാർട്ടുമെൻറ് റൂറൽ ഡെവലപ്പ്മെൻറ് ഡിപ്പാർട്ടുമെൻറാണ്. ഇപ്പോഴും റൂറലും ഉണ്ട്, അർബനും ഉണ്ട്. ഈ രണ്ട് ഡിപ്പാർട്ടുമെൻറുകളിലും ഉണ്ടാക്കി വച്ചിരിക്കുന്ന പദ്ധതികളും അതിനുവേണ്ടി നീക്കി വയ്ക്കുന്ന പണവും ഏത് ഡയറക്ഷനിലേക്കാണ് ഈ കാര്യങ്ങളും കൊണ്ടുപോകാൻ ശ്രമിക്കുന്നത് എന്നുള്ളത് പരിശോധിക്കാനുള്ള ഒരു സംവിധാനമാണ് മോനിട്ടറിംഗ്. ഇതിനെയൊക്കെ സംബന്ധിച്ച് ഈ വനിതാ കമ്മീഷന് ഇടപെടാൻ കഴിയുമോ? Department to department ആണ്. അനൗദ്യോഗിക കാര്യമല്ല. ഡിപ്പാർട്ടുമെൻറിൻെറ മേധാവിത്വം വഹിച്ചിട്ട് അതിൻെറ പ്രവർത്തനം പരിശോധിക്കാൻ ഈ കമ്മീഷന് സാധിക്കുമോ? അങ്ങനെ സാധിക്കണമെന്നാണ് ഉദ്ദേശമെങ്കിൽ അതിനുള്ള ഏർപ്പാടുവേണ്ടേ? ആ ഏർപ്പാടുകളൊന്നും ഇതിനകത്ത് പ്രൊവൈഡ് ചെയ്തിട്ടില്ല. അതിൻെറ റൂൾസിൽ പ്രൊവൈഡ് ചെയ്യാൻ എത്രകണ്ട് കഴിയും? റൂൾസ് എന്നുള്ള നിലയ്ക്ക് എത്രകണ്ട് കഴിയുമെന്നുള്ളത് ഞാൻ നോക്കിയിട്ടില്ല. ഇതിനകത്ത് വായിച്ചു നോക്കിയിട്ട് അതിനെപ്പററി ഒരു അവ്യക്തത എന്നെ സംബന്ധിച്ചിടത്തോളമുണ്ട്. കേന്ദ്രത്തിൽ പഞ്ചവൽസര പദ്ധതികളും ഉണ്ടാക്കുന്ന സമയത്ത് വനിതകളുടെ കാര്യം പ്രത്യേകം പരിശോധിക്കുകയും അതിന് പ്രത്യേക പ്രൊവിഷൻ ഉണ്ടാക്കുകയും ചെയ്യുന്നതിനുള്ള സംവിധാനം ഏതായാലും ഇപ്പോൾ വനിതകൾ എന്നുള്ള നിലയ്ക്ക് ഇല്ല. സംസ്ഥാനത്തെ പ്ലാനിംഗ് ബോർഡിനും സംസ്ഥാനത്തിൻെറ ഡ്രാഫ്റ്റ് പ്ലാൻ കേന്ദ്രത്തിൽ സമർപ്പിച്ച് അപ്രൂവൽ വാങ്ങിക്കണം. എങ്കിൽതന്നെയും ഡ്രാഫ്റ്റ് പ്ലാൻ ഉണ്ടാക്കുന്ന സമയത്ത് വനിതകളുടെ കാര്യം—ഹരിജനങ്ങളുടെ കാര്യം പരിശോധിക്കുമ്പോൾ കുറച്ച് പ്രൊട്ടക്ഷനുണ്ട്. ഭരണഘടനാപരമായ പ്രൊട്ടക്ഷനുള്ള അതിൻെറ തുടർച്ച എന്നുള്ള നിലയ്ക്ക് ഹരിജനങ്ങൾക്ക് ചില പ്രൊട്ടക്ഷനൊക്കെ ഉണ്ട്. വനിതകളുടെ കാര്യം പ്രത്യേകം എടുത്ത് അത് പരിശോധിച്ച് ആവശ്യമായ പ്രൊപ്പോസൽ രൂപീകരിക്കാൻ എന്ത് വ്യവസ്ഥയാണുള്ളത്? അത് ഇതിനകത്ത് ചേർക്കേണ്ടതാണ്. അതുപോലെ കുറെയധികം ഉണ്ട്. പിന്നെ, ഇതു പലതും ചെന്നുമുട്ടാനിടയുള്ളത് മതത്തിൻെറ അടിസ്ഥാനത്തിൽ ഇന്ന് ശരിയത്ത് പോലത്തെ നിയമം. അതുപോലെ ക്രൈസ്തവൻ മതത്തിൻെറ അടിസ്ഥാനത്തിൽ വനിതകളെ ബാധിക്കുന്ന ആചാരങ്ങളും, അനുഷ്ഠാനങ്ങളും അതിൻെറ അടിസ്ഥാനത്തിൽതന്നെ നിലവിലുള്ള നടപടിക്രമങ്ങളും ഹിന്ദുക്കളുടെ ജാതിയെ സംബന്ധിച്ചൊക്കെ പരിശോധിക്കാനും റിപ്പോർട്ട് സമർപ്പിക്കാനും ഇങ്ങനെയുള്ള ഒരു കമ്മീഷൻ എങ്ങനെ കഴിയും? അതിന് ബുദ്ധിമുട്ടുകളും വന്നാൽ, തർക്കങ്ങളും വന്നാൽ മതപരമായ കാര്യം ഇട്ട് അത് ആകെ

LIBRARY ARCHIVES Kerala Legislative Assembly

കുഴപ്പത്തിലാക്കാനുള്ള സാദ്ധ്യതയില്ലേ? ഇതിനകത്ത് അത് വരാത്ത വിധത്തിൽ പ്രൊട്ടക്ഷൻ എങ്ങനെ കൊടുക്കാൻ കഴിയും? ഈ കാര്യങ്ങളൊക്കെ ആലോചിക്കേണ്ടതായിട്ടുണ്ട്.

അതുപോലെ ഈ കമ്മീഷന്റെ ആസ്ഥാനം തിരുവനന്തപുരത്ത് ആയിരിക്കുമെന്നാണ് പറയുന്നത്. തിരുവനന്തപുരം തന്നെയാണ് നല്ലത്. ആവശ്യവും അങ്ങനെതന്നെയാണ്. എന്നാൽ വളരെ വിദൂരമായി കിടക്കുന്ന കാസർകോട് ജില്ല ഉണ്ട്. ഇപ്പോഴും അടിമപ്പണി ഒരു രൂപത്തിലല്ലെങ്കിൽ മറെറാരു രൂപത്തിൽ, ഒരു പേരിലല്ലെങ്കിൽ മറെറാരു പേരിൽ നിലവിലിരിക്കുന്ന വയനാട് ജില്ല ഉണ്ട്. വനിതകളാണ് അവിടെയും ബുദ്ധിമുട്ടനുഭവിക്കുന്നത്. അവിടെയൊക്കെ നടക്കുന്ന കാര്യങ്ങൾ ദൃഷ്ടിയിൽപ്പെട്ടാൽ എന്താണ് സംവിധാനം? അതിൽ തൽപ്പരരായിട്ടുള്ള ആളുകൾ ആരെങ്കിലും ഇവിടെവന്ന് അത് റിപ്പോർട്ട് ചെയ്യണം. അങ്ങനെ റിപ്പോർട്ട് ചെയ്താൽ ശ്രദ്ധയിൽപെട്ടു എന്നു വരും. അല്ലാതെ തിരുവനന്തപുരത്ത് സ്ഥിരമായി ഇരിക്കുന്ന വനിതാ കമ്മീഷന് ഇങ്ങനെ സംസ്ഥാന വ്യാപകമായി നടക്കുന്ന സംഭവങ്ങൾ മനസ്സിലാക്കാനുള്ള സംവിധാനം എന്താണ്? അതുകൊണ്ട് വനിതാ കമ്മീഷനുതന്നെ രണ്ട് ഓഫീസുകളെങ്കിലും കൂടുതലുണ്ടാക്കുന്ന കാര്യം ആലോചിക്കാൻ പാടില്ലേ? ആലോചിക്കേണ്ടതല്ലേ? ആവശ്യമല്ലേ? ഇതാണ് സർ, എനിക്കുതോന്നുന്ന മറെറാരു സംഗതി. മൊത്തത്തിൽ സെലക്ട് കമ്മിറെറി റിപ്പോർട്ട് ചെയ്ത പ്രകാരം സഭയിൽ വന്നിരിക്കുന്ന ഈ ബിൽ മുമ്പുള്ളതിനേക്കാൾ കുറച്ചു കൂടി പുഷ്ടിപ്പെടുത്തിയിട്ടുള്ളതാണ്. ഇനിയും അത് കുറച്ചുകൂടി മെച്ചപ്പെടുത്തി എടുക്കാൻ കഴിയും. ഇത് തുടക്കം എന്നുള്ള നിലയ്ക്ക് ഇതിലെ വ്യവസ്ഥകൾ മാത്രമല്ല ഫലപ്രദമായി പ്രവർത്തിക്കുന്നതിനുള്ള ടീത്ത് ഉള്ള ഒരു നിയമനിർമ്മാണമായിട്ട് തീരട്ടേ എന്നുള്ള ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി. ടി. കൃഷ്ണൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്.

''സെലക്ട് കമ്മിറെറി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1990-ലെ കേരള വനിതാ കമ്മീഷൻ ബിൽ'' വീണ്ടും അതേ സെലക്ട് കമ്മിറെറിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, നമ്മുടെ സമൂഹത്തിൽ കൂടുതൽ വേദനയും യാതനയും അനുഭവിക്കുന്നവരാണ് സ്ത്രീകൾ. എന്തൊക്കെ നിയമനിർമ്മാണങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ഇന്നും സ്ത്രീ പീഡനങ്ങൾ നമ്മുടെ രാജ്യത്ത്, വ്യാപകമായി വരികയാണ്. അങ്ങനെ നമ്മുടെ സമൂഹത്തിൽ വേദനയനുഭവിക്കുന്ന സ്ത്രീകൾക്ക് അല്പമെങ്കിലും ഒരു ആശ്വാസം നൽകുന്നതിന് ഉപകരിക്കുന്ന ഒരു നിയമമാണ് ബഹുമാനപ്പെട്ട ഗൗരി അമ്മ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. നമ്മുടെ കേരള സംസ്ഥാനത്തിന്റെതന്നെ സമഗ്രമായ പുരോഗതിക്കും അഭിവൃദ്ധിക്കും ഇടവരുത്തിയ കാർഷിക പരിഷ്കരണ നിയമത്തിന് തുടക്കം കുറിച്ച, അത് അവതരിപ്പിക്കാൻ കഴിഞ്ഞ ബഹുമാനപ്പെട്ട ഗൗരി അമ്മയ്ക്കുതന്നെ മഹാഭൂരിപക്ഷം വരുന്ന നമ്മുടെ സ്ത്രീകളെ അവരുടെ പീഡനങ്ങളിൽ നിന്ന് ആശ്വാസം ലഭിക്കുന്നതിനുള്ള ഈ വനിതാ കമ്മീഷൻ ബില്ലും അവതരിപ്പിക്കാൻ കഴിഞ്ഞതിൽ അവരെ അഭിനന്ദിക്കാതിരിക്കാൻ നിവൃത്തിയില്ല. എട്ടാം കേരള നിയമസഭതന്നെ കേരളത്തിന്റെ ചരിത്രത്തിൽ ഒരു സുപ്രധാന നിയമസഭയാണ്. ഈ നിയസഭ പാസ്സാക്കിയ നിയമനിർമ്മാണങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

എടുത്ത് പരിശോധിച്ച് നോക്കിയാൽ മറ്റ് ഏതൊരു നിയമസഭയെക്കാളും കേരളത്തിന്റെ ചരിത്രത്തിൽതന്നെ ഗണ്യമല്ലാത്ത അത്ര പ്രധാനപ്പെട്ട നിയമനിർമ്മാണങ്ങൾ നിർമ്മിച്ച ഒരു കാലഘട്ടമാണ് 8-ാം കേരള നിയമസഭ. അതിൽ അവസാനമായിട്ട് തന്നെ ഈ നിയമസഭ പിരിയാൻ പോകുന്ന സമയത്ത് നിർമ്മിക്കുന്ന ഈ നിയമം ഏതു കാലത്തും അംഗീകരിക്കുകയും, നമ്മുടെ സമൂഹത്തിലെതന്നെ , ദുർബലരായിട്ടുള്ള, വിഷമതകൾ അനുഭവിക്കുന്ന സ്ത്രീ സമൂഹത്തിന് എന്നെന്നും സ്മരിക്കാനും ഓർമ്മിക്കാനും ഈ ബിൽ ഉപകരിക്കും. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒട്ടേറെ ആനുകൂല്യങ്ങൾ സ്ത്രീ സമൂഹത്തിന് ചെയ്തു കൊടുത്തിട്ടുണ്ട്. ക്ഷേമ പദ്ധതികളായാലും ആനുകൂല്യങ്ങളായാലും, നിയമങ്ങളെല്ലാം അവരെ ബാധിക്കുന്നതാണ്. കയർ, കശുവണ്ടി, കൈത്തറി മേഖലയിലൊക്കെ ഭൂരിപക്ഷവും സ്ത്രീ തൊഴിലാളികളാണ്. കർഷകത്തൊഴിലാളി ക്ഷേമനിധി എടുത്ത് പരിശോധിച്ചാലും 20 ലക്ഷത്തോളം വരുന്ന തൊഴിലാളികളിൽ 90 ശതമാനവും സ്ത്രീ തൊഴിലാളികളാണ്. പെൻഷൻ എടുത്ത് പരിശോധിച്ചാലും സ്ത്രീ തൊഴിലാളികളാണ് കൂടുതൽ വാങ്ങിച്ചു കൊണ്ടിരിക്കുന്നത്. അങ്ങനെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിലൂടെ അവർക്ക് ഒട്ടേറെ ആനുകൂല്യങ്ങൾ ഉണ്ടാക്കി കൊടുത്തിട്ടുണ്ട്. ഈ ആനുകൂല്യങ്ങൾ കൊടുത്തതുകൊണ്ട് മാത്രം അവരുടെ നേരെ ഇന്നുള്ള വിവേചനപരമായ പെരുമാറ്റത്തിനും, ചൂഷണത്തിനും, മേധാവിത്വത്തിനും അറുതിവരുത്താൻ കഴിയുകയില്ല. അതിൽ ഒരു പ്രധാനപ്പെട്ട കാര്യം വിദ്യാഭ്യാസപരമായ പുരോഗതിയാണ്. കേരളത്തിൽ വിദ്യാഭ്യാസപരമായി മുൻപന്തിയിലായിട്ട് ശതമാനത്തിൽ വർദ്ധനവുണ്ടെങ്കിൽപ്പോലും ഇന്ത്യയിലാകെയുള്ളത് എടുത്തു പരിശോധിച്ചാൽ ഇന്നും സ്ത്രീകൾ വളരെ പിന്നിലാണ്. ജനസംഖ്യയിൽ ഇവിടെ കൂടുതലും സ്ത്രീകളാണുള്ളത്. വിദ്യാഭ്യാസപരമായും സ്ത്രീകളാണ് കൂടുതലുള്ളത്. രാജ്യത്തൊട്ടാകെയുള്ളത് എടുത്തു പരിശോധിച്ചാൽ ഇന്നും സ്ത്രീകൾ ഒട്ടേറെ പീഡനങ്ങൾ അനുഭവിക്കുകയാണ്. രണ്ടു മൂന്നു ദിവസം മുമ്പ് പത്രത്തിൽ വന്ന ഒരു വാർത്തയെടുത്ത് പരിശോധിച്ചാൽ അറിയാം. ഉത്തർ പ്രദേശിലെ ഒരു ഗ്രാമത്തിൽ ഒരു സവർണ്ണ പെൺകുട്ടിയെ പരസ്യമായി തൂക്കിക്കൊന്നു. കോടതി വിധിയുടെ ഫലമായിട്ട് തൂക്കിക്കൊന്നതല്ല. ഒരു നാട്ടുപ്രമാണി പത്ത്, അമ്പത് ആളുകളുടെ സാന്നിദ്ധ്യത്തിൽ സ്വന്തം അച്ഛനോടും അമ്മയോടും ആ കുട്ടിയുടെ കഴുത്തിൽ കയറിടാൻ പറഞ്ഞ് മരത്തിൽ കെട്ടിത്തൂക്കി. ആ കുട്ടിയുടെ കഴുത്തിൽ ഉള്ള കയർ വലിച്ച് കൊല ചെയ്തു. ഇത് യു.പി.-യിൽ നടന്നതാണ്. നമ്മുടെ പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ജനിച്ച നാടാണ്. പ്രഗൽഭയായ ഇന്ദിരാഗാന്ധിയുടെ സ്വന്തം സംസ്ഥാനമാണ്. രാജീവ് ഗന്ധിയുടേത് പോകട്ടെ. അങ്ങനെയുള്ള ഉത്തർപ്രദേശിലെ ഒരു ഗ്രാമത്തിൽ ഉയർന്ന ജാതിയിൽപ്പെട്ട ഒരു പെൺകുട്ടി താഴ്ന്ന ജാതിയിൽപ്പെട്ട ഒരു യുവാവിനെ സ്നേഹിച്ചു എന്ന ഏക കാരണംകൊണ്ട് രണ്ട് ഹരിജൻ യുവാക്കളേയും തൂക്കിക്കൊന്നു. ആ സവർണ്ണ ജാതിയിൽപ്പെട്ട പെൺകുട്ടിയേയും തൂക്കിക്കൊന്നു. ഇത് 1991-ലാണ് നടന്നത്. ഇന്ത്യയിൽ നടക്കുന്ന കാര്യമാണ്. അപ്പോൾ സ്ത്രീകൾക്ക് എതിരായിട്ട് ഒട്ടേറെ ക്രൂര നടപടികളുണ്ട്. കുറേ വർഷങ്ങൾക്കുമുമ്പ് രാജസ്ഥാനിൽ സതിയെ സംബന്ധിച്ച് രാജ്യവ്യാപകമായി അതിന്റെ പ്രതിഷേധം ആളിക്കത്തിയതാണ്. ദേവരാജ എന്ന ഗ്രാമത്തിൽ ഒരു പെൺകുട്ടിയുടെ ഭർത്താവ് മരിച്ചതിന്റെ പേരിൽ ഇഷ്ടപ്പെടാത്ത ആ കുട്ടിയെ നാട്ടുകാരും, കുടുംബാംഗങ്ങളും സമുദായത്തിൽപ്പെട്ടവരുമെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

കൂടി ചേർന്ന് കയറിട്ട് വരിഞ്ഞു കെട്ടി ആ ഭർത്താവിന്റെ ചിതയിൽ ഇട്ട് ചുട്ടുകൊന്ന കാര്യം നമുക്ക് ഓർമ്മയുണ്ട്. അങ്ങനെ സ്ത്രീകൾക്കെതിരായിട്ടുള്ള പീഡനം വ്യാപകമായിട്ട് നടന്നുവരികയാണ്. സ്ത്രീകൾക്ക് എതിരായിട്ട് മാത്രമല്ല ആത്മീയ വൃത്തിയിൽ ഏർപ്പെട്ടിട്ടുള്ള കന്യാസ്ത്രീകൾക്കുപോലും ബലാസംഗംപോലുള്ള നീചമായ പ്രവർത്തനങ്ങൾ സഹിക്കേണ്ടിവരുന്നു. രാജ്യത്താകെ വർദ്ധിച്ചുവരുന്നത് പത്രങ്ങളിൽ ദിവസേന വന്നുകൊണ്ടിരിക്കുന്നു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ദിവസേന വ്യാപകമായി സ്ത്രീകൾക്ക് എതിരായിട്ടുള്ള പീഡനങ്ങൾ ബലാൽസംഗത്തിന്റെ രൂപത്തിൽ, സ്ത്രീധനത്തിന്റെ പേരിൽ, പുരുഷ മേധാവിത്വത്തിന്റെ പേരിൽ പ്രമാണി വർഗ്ഗത്തിന്റെ പേരിൽ—എല്ലാം ഇന്നും വ്യാപകമായി നടന്നുകൊണ്ടിരിക്കുകയാണ്, അതിൽനിന്നെല്ലാം ആശ്വാസം കിട്ടാൻ ഇത്തരത്തിലുള്ള വനിതാ കമ്മീഷൻ ഉപകരിക്കും. കേന്ദ്രത്തിന്റെ മാതൃകയിൽ ഇത്തരം സംഘടനകളും ഇത്തരം കമ്മീഷനുമെല്ലാംതന്നെ നിശ്ചയിക്കുന്ന കാര്യങ്ങൾക്ക് നിയമത്തിന്റെ പ്രാബല്യമില്ലെങ്കിലും നിയമത്തിന്റെ പ്രാബല്യംതന്നെ നൽകാനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. അതുകൊണ്ട് ഇത്തരം പ്രവർത്തനങ്ങൾ നിയമം മുഖേന മാറ്റിയാൽ പോരാ. വിദ്യാഭ്യാസപരമായും സാമൂഹ്യമായും സാമ്പത്തികമായും എല്ലാ പരിഷ്കാരത്തിലുംകൂടി സ്ത്രീകളുടെ ബോധനനിലവാരം ഉയർത്തേണ്ടതായിട്ടുണ്ട്. ഇന്ന് നമ്മുടെ സമൂഹത്തിൽ, കേരളത്തിൽ ഉൾപ്പെടെ സ്ത്രീകൾ ഒരു വിൽപ്പന ചരക്കായിട്ടാണ് പരസ്യങ്ങളെല്ലാം കാണിക്കുന്നത്. സിനിമ നോക്കിയാൽ മാസിക എടുത്തു പരിശോധിച്ചാൽ എല്ലാ പരസ്യങ്ങളിലും സ്ത്രീയെ ഒരു രൂപമാക്കി ചിത്രീകരിച്ച് അതിൽനിന്ന് മുതലെടുക്കുന്നതിനുള്ള പ്രവണത വ്യാപകമായി വർദ്ധിച്ചുവരികയാണ്. രാജ്യവ്യാപകമായിട്ടുള്ള സിനിമാ വാരം പോസ്റ്ററുകളിലെല്ലാം എന്താണ് കാണുന്നത്? സ്ത്രീകളുടെ നഗ്നത പ്രകടിപ്പിച്ച് ഇക്കിളിപ്പെടുത്തി കച്ചവടം നടത്തി കാശുണ്ടാക്കുന്നതിന് ആവശ്യമായിട്ടുള്ള പ്രചാരവേലകളും പ്രവർത്തനങ്ങളുമാണ് ഉള്ളത്. അപ്പോഴാ ഇത്തരം പ്രവർത്തനങ്ങൾ ഇന്നും ഉയർന്ന പരിഷ്കാരമുള്ള, വിദ്യാഭ്യാസപരമായി ഉയർന്നുനിൽക്കുന്ന നമ്മുടെ കേരളത്തിൽപ്പോലും ഇന്ന് നിത്യേനയുള്ള സംഭവങ്ങളാണ്. നമ്മുടെ ഫ്യൂഡൽ സംവിധാനത്തിൽതന്നെ എന്താണ് പറയുന്നത്? ''പിതാ രക്ഷക കൗമാരേ, ഭർത്താ രക്ഷക യൗവനേ, പുത്രോ രക്ഷക വാർദ്ധക്യേ, നഃ സ്ത്രീ സ്വാതന്ത്ര്യമർഹതി'' എന്നാണ്. ഒരിക്കലും സ്വാതന്ത്ര്യം അർഹിക്കുന്നില്ല. ഈ വൃത്തികെട്ട ആചാരരീതികളും നടപടിക്രമങ്ങളും എല്ലാംതന്നെ ലൈബ്രറിയിലുള്ള പുസ്തകത്തിൽ എഴുതിവച്ചിരിക്കുകയാണ്. അത് വായിച്ചാൽ നമുക്ക് വായിക്കാൻ തോന്നുകയില്ല; ചുട്ടുകരിക്കാനാണ് തോന്നുന്നത്. ഫ്യൂഡൽ സംവിധാന വ്യവസ്ഥിതിക്കാലത്തെ സംവിധാനങ്ങൾ ഇന്നും മനുഷ്യ മനസ്സിൽ തങ്ങിനിൽക്കുകയാണ്, അതിന് സമുദായത്തിന്റെ പരിവേഷം, മതത്തിന്റെ പരിവേഷം, വിശ്വാസത്തിന്റെ പരിവേഷം, അങ്ങനെ എല്ലാ പരിവേഷവും കൊടുത്തുകൊണ്ട് നൂറ്റാണ്ടുകാലമായി നമ്മുടെ രാജ്യത്തു നിലനിന്നുവന്ന അത്തരം ആചാരങ്ങളും സംവിധാനങ്ങളും ഇന്നും നിലനിൽക്കാനും നടപ്പിലാക്കാനും അവശ്യമായിട്ടുള്ളതാണ്. അപ്പോഴാ സ്ത്രീ യാതൊരു സ്വാതന്ത്ര്യവും അർഹിക്കുന്നില്ല എന്നുള്ളത് ഇന്നും കുറെ ആളുകൾ വച്ച് പുലർത്തുകയും അതിന്റെ അടിസ്ഥാനത്തിൽ അവരുടേതായിട്ടുള്ള നീചമായ പ്രവർത്തനങ്ങളും ക്രൂരമായ പ്രവർത്തനങ്ങളും നടത്തുകയും ചെയ്യുന്നുവെന്നുള്ളത് ശരിയാണ്. രണ്ട് ദിവസം മുമ്പ് പത്രത്തിൽ വന്നതാണ്, കാഷ്മീരിൽ മുസ്ലീം സ്ത്രീകളെ

LIBRARY ARCHIVES Kerala Legislative Assembly

നിർബന്ധിച്ച് പർദ ധരിപ്പിക്കുന്നു. ഒരു ഉദ്യോഗസ്ഥയായ സ്ത്രീ പറഞ്ഞു എനിക്ക് 54 വയസ്സായി, ഇത്രയും കാലം ഞാൻ പർദ ധരിച്ചിട്ടില്ല. ഞാൻ ഉദ്യോഗം നോക്കുകയാണ്. ഇങ്ങനെയൊരു സ്ഥിതി വന്നാൽ എന്തു ചെയ്യും? ബസിൽ കയറിയാൽ ബസിൽനിന്ന് ഇറക്കിവിടുകയാണ്. ഓഫീസിലേക്ക് പോയാൽ ഓഫീസിൽ നിന്ന് മടക്കി അയയ്ക്കുകയാണ്. കാരണമെന്താണ്? അവർ ഒരു സമുദായത്തിന്റെ പരിവേഷമണിഞ്ഞ് പർദ ധരിക്കണം. സ്ത്രീകൾ നിർബന്ധമായി പർദ ധരിക്കണമെന്ന വാർത്ത ദിവസേന പത്രങ്ങളിൽ വരികയാണ്. കാശ്മീരിലെ തീവ്രവാദികളുടെ പ്രവർത്തനം അങ്ങനെ വ്യാപിപ്പിക്കുകയാണ്. ഈ വിധത്തിലെല്ലാം സ്ത്രീകൾക്ക് നേരെയുള്ള അക്രമം വ്യാപകമാകുന്നു. അവർ നിർബന്ധമായിട്ട് പർദ ധരിക്കണം. അപ്പോൾ എവിടെയെല്ലാം ഇത്തരം പ്രവർത്തനങ്ങൾ വരുന്നോ അവിടെയെല്ലാം ഈ വിഭാഗത്തിനെതിരായി ശക്തിയായ വിവേചനവും നീചമായ പ്രവർത്തനങ്ങളുമാണ് ഇപ്പോൾ നടത്തുന്നത്. സ്ത്രീകൾക്കെതിരായിട്ടുള്ള കേസുകൾ വർദ്ധിച്ചുവരികയാണ്. കേരളത്തിൽ അതിൽനിന്ന് വ്യത്യസമാണെങ്കിലും മൊത്തത്തിൽ സ്ത്രീ പീഡനത്തിന്റെയും മരണത്തിന്റെയും മൊക്കെ കണക്ക് പാർലിമെന്റിൽ പറഞ്ഞത് എടുത്ത് പരിശോധിച്ചു നോക്കിയാൽ 1987-ൽ 1400 ആണെങ്കിൽ 1989-ൽ കണക്ക് പറയുമ്പോൾ 4006 ആയിട്ട് അത് വർദ്ധിച്ചു. 400 ശതമാനം വർദ്ധനവാണ് സ്ത്രീകൾക്കെതിരായിട്ടുള്ള കേസുകൾ എടുത്ത് പരിശോധിച്ചാൽ കാണാൻ കഴിയുന്നത്. ഇത് യഥാർത്ഥത്തിലുള്ള കേസുകളല്ല. വളരെയധികം കേസുകൾ പുറത്തുവരാതെ അല്ലെങ്കിൽ റിപ്പോർട്ട് ചെയ്യാതെ അവരുടെ വേദനയെല്ലാം അടക്കിയൊതുക്കി വയ്ക്കുന്നുണ്ട്. അത് സ്ത്രീകളുടെ ഒരു സ്വഭാവമാണ്. യഥാർത്ഥത്തിലുള്ള കേസുകൾ ഇതിൽ എത്രയോ കൂടുതലായിരിക്കും. അതെല്ലാം പലതുകൊണ്ടും മറച്ചുവയ്ക്കുന്നു. പറയാൻ കഴിയാത്തതുകൊണ്ടും മാനാഭിമാനംകൊണ്ടും, സമൂഹത്തിൽ അപമാനിക്കപ്പെടുമെന്നുള്ള ഭയംകൊണ്ടും പല വിധത്തിലുള്ള ഒട്ടേറെ കേസുകൾ മൂടിവയ്ക്കുകയാണ്. എന്നാലും പരസ്യമാകുന്ന കേസുകളുടെ എണ്ണം വർദ്ധിച്ചുവരുന്ന ഒരു സാഹചര്യമാണ് മറ്റ് സംസ്ഥാനങ്ങളിലുള്ളത്. കേരളത്തിൽ പോലും ഇന്ന് തുല്യ ജോലിക്ക് തുല്യവേതനം ഉണ്ടോ? നിയമമുണ്ട്. പക്ഷെ, കർഷകത്തൊഴിലാളികളുടെ മിനിമം വേജസ് ഇപ്പോൾ പുരുഷന് 15 രൂപയും സ്ത്രീക്ക് 12 രൂപയുമാണ്. ഇപ്പോൾ മിനിമം വേജസ് കമ്മിറ്റി പല ജില്ലകളിലും പോയി അന്വേഷിച്ച് റിപ്പോർട്ട് ശേഖരിച്ച് കൊടുക്കാൻ പോകുന്നതും വ്യത്യസ്തമായ രണ്ടു കൂലിനിരക്കാണ്. ഒരേ ജോലി ചെയ്താലും ഒരേ കൂലി കൊടുക്കുന്നില്ല. വർണ്ണവിവേചനത്തിന്റെ പേരിൽ രണ്ടു തരത്തിലുള്ള കൂലിയാണ് കൊടുക്കുന്നത്. പുരുഷൻമാർ അദ്ധ്വാനമുള്ള ജോലി ചെയ്തു, സ്ത്രീകൾ ലളിതമായ ജോലി ചെയ്തു എന്ന് പറയുന്ന ഒരു പ്രവണത മാറണം. ഉദ്യോഗരംഗങ്ങളിലൊക്കെ ഇന്ന് തുല്യ വേതനമുണ്ട്. അദ്ധ്യാപികയ്ക്ക് അല്ലെങ്കിൽ ക്ലാർക്കിന് അല്ലെങ്കിൽ മന്ത്രിമാർക്കൊക്കെ പുരുഷനായാലും സ്ത്രീയായാലും ഒരേ ശമ്പളമാണ്; വ്യത്യാസമില്ല. എന്നാൽ പാടത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക്, ഓട് കമ്പനിയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് തോട്ടം തൊഴിലാളികൾ പണിയെടുക്കുന്ന മേഖല— അവിടെയെല്ലാം മാറ്റിക്കൊണ്ടുവരുന്നുണ്ട്. അങ്ങനെ വിവിധ മേഖലകളിൽ ഇപ്പോഴും സ്ത്രീ എന്നതിന്റെ പേരിൽമാത്രം അസമത്വം നിലനിൽക്കുന്നു. അത്തരം അസമത്വങ്ങളൊക്കെ പരിഹരിക്കാനും ഇല്ലാതാക്കാനും ഈ വനിതാ കമ്മീഷന് ഈ ബില്ലിലൂടെ കഴിയേണ്ടതാണ്. അതിനും കഴിയും എന്നാണ് നമ്മുടെ പ്രതീക്ഷ. അതുകൊണ്ട് നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തും, ഇന്ത്യയിലൊട്ടാകെയും സ്ത്രീകൾക്കെതിരായിട്ട് വളർന്നുവരുന്ന പീഡനങ്ങൾക്കെതിരെ വിരൽ ചൂണ്ടാനും അവർക്ക് ആശ്വാസം കൊടുക്കാനും ആവശ്യമായ ഒരു നിയമം എന്നുള്ള നിലയിൽ തീർച്ചയായും ഇത് സ്വാഗതാർഹമാണ്. നിരക്ഷരത അതിൽ വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. നിരക്ഷരത നിർമ്മാർജ്ജനം ചെയ്യാൻ ഇപ്പോൾ ഇവിടെ നേരത്തെതന്നെ പ്രഖ്യാപിച്ചു, മന്ത്രിതന്നെ പറഞ്ഞു, ''കേരളത്തിനും ഇന്ത്യാ രാജ്യത്തിന് ആകെത്തന്നെ മാതൃകയായിട്ടുള്ള ഒരു അക്ഷര കേരളം'' എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ട് 100 ശതമാനം സാക്ഷരത കൈവരിക്കാനുള്ള പ്രവർത്തനം നാട്ടിൻപുറങ്ങളിലെ ഹരിജൻ കോളനികളിലും ലക്ഷം വീട് കോളനികളിലും പിന്നോക്ക പ്രദേശങ്ങളിലുമൊക്കെ ആരംഭിച്ചിട്ടുണ്ടെന്നു. അവിടെയൊക്കെ പാവപ്പെട്ട സ്ത്രീകൾ പുരുഷൻമാരേക്കാൾ കൂടുതൽ താൽപ്പര്യത്തോടുകൂടി ഈ സാക്ഷരതാ പഠനകേന്ദ്രങ്ങളിൽ എത്തിയിട്ടുണ്ട്. അതിന്റെ ഫലമായി ഇന്ന് സ്ത്രീകളുടെ നിലകുറെയൊക്കെ മാറ്റിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ എല്ലാ വിധത്തിലും മാറ്റിയെടുക്കാൻ കഴിയുകയില്ല. എന്തുകൊണ്ടാണ് കഴിയാത്തത്? കേരളത്തിൽ എന്തുകൊണ്ടാണ് നമുക്കിത് മാറ്റിയെടുക്കാൻ കഴിഞ്ഞതെന്നോർക്കണം. ഇവിടത്തെ സമഗ്രമായ ഭൂപരിഷ്ക്കരണനിയമം, വിദ്യാഭ്യാസ നിയമം, ഇടതുപക്ഷജനാധിപത്യ മതേതരത്വ ശക്തികൾ കൂടുതൽ കൂടുതൽ സംഘടിതമായ പ്രക്ഷോഭങ്ങളും സമരങ്ങളും നടത്തി—ഗവൺമെന്റ് ഉണ്ടാക്കി നിയമങ്ങളിൽ മാറ്റംവരുത്തി, അങ്ങനെ മാറ്റം വന്നതിന്റെ ഫലമായി അവരുടെ ജീവിതത്തിൽപ്പോലും മാറ്റംവന്നു. എന്നാൽ സ്കൂളുകളിൽ അയയ്ക്കാൻ കഴിയാത്ത ഒരു വീട്ടിൽ അവിടത്തെ കുട്ടിക്കാണ് എങ്ങനെ വിദ്യാഭ്യാസമുണ്ടാവും? ഒരു വീട്ടിലെ കുട്ടികളെ പഠിപ്പിക്കണമെങ്കിൽ അവർക്ക് സാമ്പത്തികമായി വരുമാനമുണ്ടാവണം. സാമ്പത്തികമായി വരുമാനം ഉണ്ടാവണമെങ്കിൽ സാമ്പത്തികമായി വികേന്ദ്രീകരണമുണ്ടാവണം. സാമ്പത്തിക വികേന്ദ്രീകരണമുണ്ടാവണമെങ്കിൽ കാർഷിക പരിഷ്കരണത്തിലൂടെ കൂടുതൽ ഉൽപ്പാദനവും കൃഷിഭൂമി കർഷകനേറ്റതായി മാറ്റുകയുമൊക്കെ ചെയ്യണം. മറ്റു സംസ്ഥാനങ്ങളിൽ ഇന്നും അതില്ല. വിദ്യാഭ്യാസനിലവാരത്തിൽ മെച്ചപ്പെട്ട നില നമ്മുടെ സംസ്ഥാനത്തിനുണ്ടാവാൻ കാരണം, ഞാൻ നേരത്തെ പറഞ്ഞതുപോലെ കേരളത്തിൽ അടിസ്ഥാനപരമായ നിയമങ്ങൾക്ക് വിത്തുപാകിയതുകൊണ്ടാണ്. കാർഷികപരിഷ്കരണ നിയമം വിദ്യാഭ്യാസ നിയമം ഇങ്ങനെ ഒട്ടേറെ നിയമങ്ങൾ—ഈ നിയമസഭ തന്നെ പാസ്സാക്കി. ഒട്ടേറെ നിയമങ്ങൾ ഒരു നിയമനിർമ്മാണ സഭയുടെ അന്തസ്സ് പാലിച്ചുകൊണ്ട് അതിന്റെ അർഹത എന്താണെന്ന് തെളിയിച്ചതാണ് ഈ 8-ാം കേരള നിയമസഭ. ഇതിനു മുൻപൊക്കെ ഈ നിയമസഭ തന്നെ ഒരു പ്രഹസനമായിരുന്നു. പേരിനുമാത്രം കൂടുക, ഭരണഘടനാപരമായ ചുമതലകൾ നിർവഹിക്കാൻവേണ്ടിമാത്രം കൂടുകയെന്നുള്ള കൃത്യത്തിൽനിന്ന് മാറി തികച്ചും നിയമനിർമ്മാണങ്ങൾ ഉണ്ടാക്കിക്കൊണ്ട് ജനങ്ങളെ സഹായിക്കുക എന്നുള്ളത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്, അതിലൊന്നാണ് ഈ നിയമം.

സർ, ഇതിലെ അംഗങ്ങളുടെ സംഖ്യയെപ്പറ്റി പറഞ്ഞു, അത് ഏഴ് ആളുകൾ മതിയോ എന്നുള്ളതിനെക്കുറിച്ചൊക്കെ ഒന്നാലോചിക്കേണ്ടതാണ്. വിപുലമായ സംസ്ഥാനത്ത്, ജനസംഖ്യയിൽ വളരെയധികം വർദ്ധനവുള്ള ഒരു സംസ്ഥാനത്ത് ആറോ ഏഴോ മെമ്പർമാർ മാത്രം ഇരുന്ന് ഇത് നടപ്പാക്കുമ്പോൾ പ്രായോഗിക രംഗത്ത് എന്തെല്ലാം ബുദ്ധിമുട്ടുകൾ വരുമെന്ന് അറിയിച്ചാൽ അപ്പോൾ അതിനെക്കുറിച്ച് എല്ലാം ആലോചിച്ച്

LIBRARY ARCHIVES Kerala Legislative Assembly

അതിൽ വേണമെങ്കിൽ വേണ്ട മാറ്റങ്ങൾ വരുത്തണം. അത് എന്തായാലും വേണമെങ്കിൽ മാറ്റം വരുത്തുമെന്ന് പറഞ്ഞിട്ടുണ്ട്. എന്നാലും അത് മാറ്റേണ്ടിവരുമെന്നാണ് എനിക്ക് തോന്നുന്നത്. ഒരു ജില്ലയിൽ നിന്ന് ഒരു പ്രതിനിധിയെന്നോ അതല്ലെങ്കിൽ ജില്ലയുടെ പ്രാതിനിധ്യം പറയുകയല്ല, സിറ്റിംഗുകളൊക്കെ മറ്റു പല സ്ഥലങ്ങളിലും വച്ച് വയ്ക്കേണ്ടതായിട്ട് വരും. ധാരാളം കേസുകൾ വരുമ്പോൾ ആ കേസുകളൊക്കെ തക്കസമയത്ത് കേൾക്കുകയും അതിന് പരിഹാര മുണ്ടാക്കുകയും ചെയ്യുകയെന്നു വരുമ്പോൾ ഈ കമ്മിറ്റിയുടെ അംഗങ്ങളുടെ അംഗസംഖ്യവർദ്ധിപ്പിക്കേണ്ടതായിട്ട് വരുമോയെന്ന് ആലോചിക്കേണ്ടതാണ്.

അതുപോലെ മരണനിരക്ക് സ്ത്രീകളിൽ കൂടിക്കൂടി വരുന്നുണ്ട്. ആ മരണനിരക്ക് സ്ത്രീകളിൽ കൂടുതൽ വരുന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം അക്കാര്യത്തിൽ ഒരു ചെറിയ വ്യത്യാസം ഈ സംസ്ഥാനത്തെ സംബന്ധിച്ചുണ്ട്. അഖിലേൻഡ്യാടിസ്ഥാനത്തിൽ നോക്കുമ്പോൾ മരണനിരക്ക് സ്ത്രീകളിൽ കുറവാണ്. എന്നാൽ സ്ത്രീകളുടെ മരണ നിരക്ക് കൂടുന്നതും സ്ത്രീകളുടെ കാര്യത്തിൽ ഒരു പ്രത്യേക പരിഗണന യിലാണ് അവരുടെ ആഹാരവും അതുപോലെതന്നെ ജീവിത രീതിയിലും മറ്റുമൊക്കെ തന്നെ ഒരു പ്രത്യേക വിവേചനമുള്ളതുകൊണ്ട് മരണ നിരക്കായാലും അഖിലേന്ത്യാടിസ്ഥാനത്തിൽ നോക്കുമ്പോൾ സ്ത്രീകളിൽ വർദ്ധിച്ചുവരുന്നതിനുള്ള കാരണം. ഇപ്പോൾ സ്ത്രീ എന്നുപറഞ്ഞാൽ ഒരു പ്രത്യേക വിവേചനം നമ്മുടെ വീടുകളിലും നമ്മുടെ നാട്ടിലുമെല്ലാം വരുന്നതാണ്. അതിനൊക്കെ വ്യാപകമായ പ്രചാരവേല കൊടുത്ത് നിയമങ്ങളിൽ ഇത്തരം കാര്യങ്ങളുൾപ്പെടുത്തി അവരെ ആശ്വസിപ്പിക്കുന്നതിന് ആവശ്യമായ നടപടിയുണ്ടാവണം.

സർ, 1990-ൽ സാർവ്വദേശീയ വനിതാവർഷം നമ്മൾ ആചരിച്ചു കഴിഞ്ഞു. ഈ സാർവ്വദേശീയ വനിതാവർഷം ആരംഭിക്കുന്ന കാലത്തും ഒരു വർഷം ആരംഭിച്ചു. അവർക്ക് ആനുകൂല്യങ്ങൾ ചെയ്യുന്ന കാലത്തും ഇത് വ്യാപകമായ രീതിയിൽ ഇനിയും പ്രചാരവേലകൊടുത്ത് ഇന്നുനില നിൽക്കുന്ന ഒട്ടേറെ അസമത്വങ്ങളും ഉച്ചനീചത്വങ്ങളും ചൂഷണങ്ങളും അവർക്കെതിരായിട്ടുള്ള പീഡനങ്ങളും മാറ്റിയെടുക്കുന്നതിനാവശ്യമായ ഉദ്ദേശത്തോടുകൂടി ഒട്ടേറെ തീരുമാനങ്ങൾ നമ്മൾ ഇനിയും എടുക്കേണ്ട തായിട്ടുണ്ട്. എന്തൊക്കെപ്പറഞ്ഞാലും സ്ത്രീകൾക്കിന്നും അവർക്കർഹമായ മാന്യമായ പദവി നമ്മുടെ സമൂഹത്തിൽ കൈവന്നിട്ടില്ല. ആ പദവി കൈവരിക്കാനാവശ്യമായ പ്രവർത്തനം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൻ മെച്ചമാണ്. ഇവിടെ നമ്മുടെ സ്ത്രീതൊഴിലാളികൾക്ക് മറ്റു സംസ്ഥാനങ്ങളിലെ സ്ത്രീകളെ അപേക്ഷിച്ച് തൊഴിൽ മേഖലയിൽ കൂടുതൽ കൂലികിട്ടുന്നുണ്ട്, തൊഴിൽ സൗകര്യങ്ങൾ കേരളത്തിൽ കൂടുതൽ സ്ത്രീകൾക്കായി വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാലും സ്ത്രീകളോടുള്ള പെരുമാറ്റത്തിന്റെ കാര്യം പരിശോധിച്ചാൽ ഇന്നും കേരളത്തിലും ഇത്തരം അസമത്വങ്ങളും മറ്റും ധാരാളം നിലനിൽക്കുന്നുണ്ട്. സ്ത്രീധനം ഇവിടെ നിരോധിക്കപ്പെട്ട ഒരേർപ്പാടാണ്. നിയമം മുഖേന നിരോധിച്ചതാണ് സ്ത്രീധന സമ്പ്രദായം. സ്ത്രീധനം കൊടുക്കേണ്ടതില്ലെന്ന് നമുക്കെല്ലാവർക്കുമറിയാം. എന്നാൽ അക്കാര്യത്തിൽ ഇന്നെന്താണ് കേരളത്തിലും ഇൻഡ്യാരാജ്യത്തൊട്ടാകെയും നടന്നുകൊണ്ടിരിക്കുന്നത്? അപ്പോൾ അതിന്റെ പീഡനം എത്രയോ സ്ത്രീകൾ ഇന്നനുഭവിക്കുന്നുണ്ട്. ആത്മഹത്യ ചെയ്യുന്നു, കൊലപ്പെടുത്തുന്നു, അങ്ങനെയുള്ള നിരവധി സംഭവങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ രാജ്യത്തിന്റെ പലഭാഗത്തും ഇൻഡ്യയുടെ നാനഭാഗങ്ങളിലും ഇന്ന് ഉയർന്നുകേൾക്കുന്നുണ്ട്. അത്തരം സംഭവങ്ങൾ നിയന്ത്രിക്കുന്നതിനും നിരോധിക്കുന്നതിനും ഇവിടെ നിയമമുണ്ടെങ്കിലും ആ നിയമം പൂർണ്ണമായും പ്രായോഗികതലത്തിൽ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയാത്ത ഒരു സാഹചര്യം ഇന്നുനിലവിലുണ്ട്. അതുകൊണ്ട് നിയമം പാസ്സാക്കിയാൽപ്പോരാ, അത് പ്രാവർത്തികമാക്കി കൊണ്ടുവരുന്ന കാര്യത്തിൽ കർക്കശമായ നടപടികളുണ്ടാകേണ്ടിയിരിക്കുന്നു. നിയമം നമ്മൾ പാസ്സാക്കിയാലും അതിന് അതിന്റേതായിട്ടുള്ള ഗുണമുണ്ടാവുമെങ്കിലും നിയമം പാസ്സാക്കിയാൽ അതിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ മനസ്സിലാക്കി കൂടുതൽ കൂടുതൽ ഇത്തരം അപാകതകൾ പരിഹരിച്ചു കൊണ്ട് നിയമം സമ്പുഷ്ടമാക്കാൻ ഫലപ്രദമാക്കാനും കഴിയേണ്ടതായിട്ടുണ്ട്. കേരളത്തിലെ നമ്മുടെ വനിതകളെ സംബന്ധിച്ചിടത്തോളം ഇത് ആശ്വാസകരമായിട്ടുള്ള ഒരു ബില്ലാണ്. ദേശീയ വനിതാ കമ്മീഷൻ കേന്ദ്രത്തിലുണ്ടാക്കികൊണ്ട് അന്നത്തെ തൊഴിൽവകുപ്പു മന്ത്രി പ്രഖ്യാപിക്കുകയുണ്ടായി, ഇങ്ങനെയുള്ള വനിതാകമ്മീഷൻ എല്ലാ സംസ്ഥാനങ്ങളിലും വരേണ്ടത് ആവശ്യമാണ്, എങ്കിൽ മാത്രമേ മൊത്തത്തിൽ നമ്മുടെ ഇൻഡ്യാരാജ്യത്താകെ ഇന്നു വനിതകൾ അനുഭവിച്ചു കൊണ്ടിരിക്കുന്നതായ കഷ്ടപാടുകളും ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിന് നമുക്ക് നടപടി സ്വീകരിക്കാൻ കഴിയുകയുള്ളു. തികച്ചും അതിന്റെ മാതൃക പിടിച്ചുകൊണ്ട് പിന്നെ അല്പം വൈകിയാണെങ്കിലും ഇപ്പോഴും സെലക്ട് കമ്മിറ്റിയിൽ പോയി എല്ലാ സ്ഥലത്തും ഈ കമ്മിറ്റിപോയി പരിശോധിച്ച് സിറ്റിംഗുകളൊക്കെ നടത്തി, അവരുടെ അഭിപ്രായങ്ങളൊക്കെ എടുത്തുകൊണ്ട് നല്ല പല നിർദ്ദേശങ്ങളും സ്വീകരിച്ചുകൊണ്ട് സ്വാഗതാർഹമായ ചില മാറ്റങ്ങളും ഈ ബില്ലിൽ വരുത്തിയിട്ടുണ്ട്. ഇനിയും ചിലപ്പോൾ ക്ലോസ് ബൈ ക്ലോസ് ഡിസ്കഷൻ വരുമ്പോൾ വേറെയും ചില മാറ്റങ്ങളൊക്കെ വരുത്തേണ്ടതായിട്ടുവരും. പ്രായോഗികമായി നടപ്പിലാക്കി നോക്കുമ്പോൾ ചില ബുദ്ധിമുട്ടുകൾ അനുഭവപ്പെടും. അപ്പോഴും മാറ്റേണ്ടിവരും. അങ്ങനെ എല്ലാവിധത്തിലും മാറ്റം വരുത്തികൊണ്ട് കേരളത്തിനാകെ അഭിമാനിക്കാവുന്ന ഒരു നിയമം ഇവിടെ പാസ്സാക്കുകയാണ് നമുക്ക് ആവശ്യമായിട്ടുള്ളത്. കേരളത്തിന് അഭിമാനിക്കാവുന്ന, ഈ നിയമസഭയ്ക്ക് തന്നെ അഭിമാനിക്കാവുന്ന ഈ ബിൽ അവതരിപ്പിച്ച ബഹുമാനപ്പെട്ട ഗൗരിയമ്മയ്ക്കു തന്നെ അഭിമാനിക്കാവുന്ന ഒരു നിയമമാണ് ഇതെന്നുള്ളതുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: സർ, കേരളത്തിന്റെ സാമൂഹ്യ ചരിത്രത്തിൽ വളരെയേറെ മാറ്റങ്ങൾക്ക് നേതൃത്വം കൊടുത്ത പ്രധാനപ്പെട്ട പല ബില്ലുകളും പൈലറ്റ് ചെയ്തു കൈപുണ്യം നേടിയ ബഹുമാന്യ ആയിട്ടുള്ള സഭാവ് ഗൗരിയമ്മ തന്നെയാണ് ഈ ബില്ലും ഇവിടെ അവതരിപ്പിക്കുന്നത് എന്നതിൽ അതിയായ സന്തോഷം എനിക്കുണ്ട്. കേരളത്തിലെ തൊഴിൽ മേഖലയിൽ ഏറ്റവും കൂടുതൽ സ്ത്രീകൾ തൊഴിൽ ചെയ്യുന്നത് കയർമേഖലയിലാണ്. ആ കയർത്തൊഴിലാളികളിൽ ബഹുഭൂരിപക്ഷവും സ്ത്രീകളാണ്. അവർക്ക് പെൻഷൻ പദ്ധതി കൊണ്ടുവന്ന് നടപ്പിലാക്കി, ആ ബില്ലും പൈലറ്റ് ചെയ്തത് ഗൗരിയമ്മയാണ്. അതിനുള്ള സൗഭാഗ്യവും ഗൗരിയമ്മക്കാണ് ഉണ്ടായത്. ഇന്നിപ്പോൾ കേരള സംസ്ഥാനത്തിലെ മുഴുവൻ സ്ത്രീജനവിഭാഗങ്ങൾക്കും ആശ്വാസം നൽകാൻ കഴിയുന്ന അവർക്ക് നീതി ലഭ്യമാക്കാൻ കഴിയുന്ന വളരെ പ്രധാനപ്പെട്ട മറ്റൊരു

LIBRARY ARCHIVES Kerala Legislative Assembly

ബിൽ കൂടി ബഹുമാന്യയായ ശ്രീമതി ഗൗരിയമ്മ ഇവിടെ പൈലറ്റ് ചെയ്യുകയാണ്. ഇത് ഇൻഡ്യയ്ക്കാകെ തന്നെ മാതൃകയായിട്ടുള്ള ഒരു ബില്ലാണ്. ദേശീയ മഹിളാ കമ്മീഷൻ രൂപീകരിക്കുന്നതിന് ബഹുമാന്യനായ വി. പി. സിംഗിന്റെ നേതൃത്വത്തിലുള്ള ദേശീയ മുന്നണി ഗവൺമെന്റ് വരുന്നതിനുമുമ്പ് തന്നെ ഇങ്ങനെയൊരു വനിതാക്കമ്മീഷൻ രൂപീകരിക്കാനുള്ള ഒരു ബിൽ തയ്യാറാക്കി കേന്ദ്രത്തിന്റെ അനുമതിക്ക് വേണ്ടി നമ്മുടെ സംസ്ഥാന ഗവൺമെന്റ് അയച്ചുകൊടുത്തിരുന്നുവെന്ന് പറയുമ്പോൾ ഇൻഡ്യാരാജ്യത്ത് ഏറ്റവും മുന്നിൽ നിൽക്കുന്ന ഒരു സംസ്ഥാന ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് എന്നു പറയുന്നതിൽ സന്തോഷമുണ്ട്. നമ്മുടെ രാജ്യത്ത് സാർവ്വത്രികമായി സ്ത്രീകൾക്കെതിരായിട്ടുള്ള പീഡനം നടന്നു കൊണ്ടിരിക്കുന്നു, അതു വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ് ഇത്. കഴിഞ്ഞദിവസം തന്നെ നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിക്ക് ജന്മം കൊടുത്ത ഗുജറാത്തിൽ നമ്മളെയെല്ലാവരെയും വേദനിപ്പിക്കുന്ന ദാരുണമായ സംഭവമുണ്ടായി. ഒരു സവർണ്ണസമുദായത്തിൽപ്പെട്ട പെൺകുട്ടിയെ യാദവ സമുദായത്തിൽപ്പെട്ട ഒരു ചെറുപ്പക്കാരൻ കൊണ്ടുപോകുന്നതിന് മറ്റൊരു ചെറുപ്പക്കാരൻ കൂട്ടു നിന്നു. എന്നാൽ ആ മൂന്നുപേരെയും കയറുകെട്ടി അവരുടെ പിതാക്കൻമാരെകൊണ്ടു തന്നെ കയർ കെട്ടിവലിച്ച് തൂക്കികൊന്ന ഏറ്റവും ക്രൂരമായ പൈശാചികമായ സംഭവമുണ്ടായി. നമ്മുടെ ഈ രാജ്യം ഒരു പരിഷ്കൃത രാജ്യമാണ്. സ്വാതന്ത്ര്യം കിട്ടി 43 വർഷങ്ങൾ കഴിഞ്ഞു. ജനാധിപത്യസംവിധാനമാണ് ഇന്നിവിടെ നിലനിൽക്കുന്നത് എന്നൊക്കെ പറയുമ്പോൾ ഒരു സമൂഹം പരിഷ്കൃത സമൂഹമാണോ എന്ന് നോക്കേണ്ടത് കാലഹരണപ്പെട്ട സാമൂഹ്യക്രമങ്ങളെയും വ്യവസ്ഥകളെയും നിരാകരിക്കുകയും ഈ സമൂഹത്തിനു മുന്നോട്ടുപോകാൻ കഴിയുന്ന രീതിയിൽ പുതിയവ സ്വീകരിക്കുകയും ചെയ്യുമ്പോഴാണ്, അത്തരത്തിൽ മുന്നോട്ടുപോകുന്ന പൗരബോധമുള്ള ഒരു സമൂഹത്തെ മാത്രമേ ഒരു പരിഷ്കൃത സമൂഹമെന്ന് പറയാൻ കഴിയൂ. ഇത്തരം സംഭവവികാസങ്ങൾ വളർന്നു വരുമ്പോൾ നമുക്ക് ആ സമൂഹം ഒരു പരിഷ്കൃത സമൂഹമെന്ന് പറയാൻ കഴിയുമോ? എന്നാൽ ഇൻഡ്യയിൽ മാറ്റ് ഇതരസംസ്ഥാനങ്ങളിൽ നമ്മളെ ഇത്രയേറെ വേദനിപ്പിച്ച ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ നമ്മുടെ ഈ കേരളം അതിൽ നിന്നൊക്കെ വ്യത്യസ്തമാണ് സർ. കേരളം അങ്ങനെ വ്യത്യസ്തമാകുന്നതിന് കാരണം സ്ത്രീത്വത്തെയും മാതൃത്വത്തെയും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഒരു സാസ്കാരിക അവബോധം വളർന്നു നിൽക്കുന്ന നാടാണ് ഈ കേരളമെന്നുള്ളതു കൊണ്ടാണ്. അതിൽ നമുക്കെല്ലാവർക്കും അഭിമാനത്തിന് വകയുണ്ട്. പക്ഷേ ആ കേരളത്തിൽപ്പോലും സ്ത്രീധനത്തിന്റെ പേരിൽ അതുപോലെ തന്നെ കുടുംബസ്വത്ത് ഭാഗിച്ച് കിട്ടാത്തതിന്റെ പേരിൽ ഇന്ന് ഒട്ടേറെ മർദ്ദനങ്ങളും പീഡനങ്ങളും സ്ത്രീകൾ സഹിക്കേണ്ടി വരുന്നുണ്ട്. അതിനൊക്കെ പരിഹാരം കാണുന്നതിന് തീർച്ചയായും ഈ കമ്മീഷൻ ഉപകരിക്കുമെന്നുള്ളത് വളരെ സ്വാഗതാർഹമായ കാര്യമാണ്.

ഇവിടെ ഈ ബിൽ നിയമസഭ ചർച്ചചെയ്തതിനുശേഷം സിലക്ട് കമ്മിറ്റിക്ക് വിട്ടു. സിലക്ട് കമ്മറ്റിയുടെ തെളിവെടുപ്പിൽ വിവിധ മഹിളാ സംഘടനകൾ, അതുപോലെതന്നെ ഇതിൽ താല്പര്യമുള്ള വ്യക്തികൾ മറ്റ് പ്രസ്ഥാനക്കാരൊക്കെ ഒട്ടേറെ തെളിവുകൾ നൽകുന്നതിന് മുന്നോട്ടുവരികയും അതിൽനിന്ന് ക്രിയാത്മകമായ പല നിർദ്ദേശങ്ങളും ഉൾക്കൊണ്ടുകൊണ്ട് ഈ ബിൽ സമ്പുഷ്ടമാക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രിയും ആ കമ്മിറ്റിയും ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായിട്ടാണ് പെൺകുട്ടികളെ ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് തയ്യാറായത് എന്നുള്ളത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇന്ന് നമ്മുടെ നാട്ടിലെ പെൺകുട്ടികൾ ഒട്ടേറെ പീഡനങ്ങൾ സഹിക്കുന്ന ഒരു സ്ഥിതിയിലാണ്. നമ്മുടെയൊക്കെ വീടുകളിൽ തന്നെ നോക്കിയാൽ കാണാം രണ്ട് മൂന്ന് പെൺകുട്ടികൾ അല്ലെങ്കിൽ രണ്ടാൺകുട്ടികളും ഒരു പെൺകുട്ടിയുമുള്ള ഒരു കുടുംബത്തിൽ ആ ആൺകുട്ടികളെയും പെൺകുട്ടികളെയും പരിപാലിക്കുന്നതിലും പരിപോഷിപ്പിക്കുന്നതിലും, അവരുടെ അച്ഛനമ്മമാർ കാണിക്കുന്ന ശുഷ്കാന്തിയും താൽപ്പര്യവും, ആൺകുട്ടികളാണെങ്കിൽ അവരോട് പ്രത്യേക പരിഗണനയും വാത്സല്യവും താല്പര്യവുമൊക്കെ കാണിക്കും. എന്നാൽ പെൺകുട്ടികളോടാണെങ്കിൽ അവരെ വേണ്ടത്ര ശ്രദ്ധിക്കുകയില്ല. അവർക്ക് ആരോഗ്യപരിപാലനത്തിൻ യാതൊരു പ്രാധാന്യവും നൽകാറില്ല, അതുപോലെ അവർക്ക് വസ്ത്രങ്ങൾ വാങ്ങിക്കൊടുക്കുന്നതിൽ ഇതിലൊക്കെ വളരെയധികം വിമുഖതയും താല്പര്യക്കുറവുമൊക്കെ കാണിക്കുന്നത് നമ്മൾ കാണുന്നവരാണ്. എന്നാൽ ഞാൻ പറയട്ടെ സർ നമ്മുടെ സമൂഹത്തിൽ സ്ത്രീകൾക്ക് ഇന്നുള്ള പദവി എന്താണ് എന്ന് നമ്മൾ ചിന്തിച്ചിട്ടുണ്ടോ? സ്ത്രീ നമ്മുടെ അമ്മയാണ്. മാതാവാണ് എന്നൊക്കെ പറഞ്ഞതുകൊണ്ട് മാത്രം കാര്യമായില്ല. സാമൂഹ്യനീതി ഉറപ്പു വരുത്തേണ്ടത് അത്യാവശ്യമാണ്. എന്നാൽ ഒരു മാതാവ് തന്നെ അവരുടെ ആൺകുട്ടികളെയും പെൺകുട്ടികളെയും രണ്ടു വിധത്തിലാണ് കാണുന്നതും അവരെ പരിപാലിക്കുന്നതും. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഇൻഡ്യയിൽ ഏറ്റവും മുന്നിൽനിൽക്കുന്ന സംസ്ഥാനമാണ് നമ്മുടെ കേരളം. ഇതു പറയുമ്പോഴും നമ്മുടെ കേരളത്തിന്റെ പല പ്രദേശങ്ങളിലും നമ്മുടെ ഇവിടത്തെ പെൺകുട്ടികളുടെ കാര്യത്തിൽ അവർക്ക് ആവശ്യമായിട്ടുള്ള വിദ്യാഭ്യാസം നൽകാൻ അച്ഛനമ്മമാർ ആരും തയ്യാറാകാറില്ല.

സർ, അവിടെയും ഒരു അലസത കാണാം. ആവശ്യത്തിന് അവർക്ക് ഉടുപ്പ് വാങ്ങിക്കൊടുക്കാനും ചില മാതാപിതാക്കൾ തയ്യാറാകുന്നില്ല. അതുപോലെതന്നെ അസുഖം വരുന്നത് പെൺകുട്ടികൾക്കാണെങ്കിൽ അവരെ ഡോക്ടറെ കാണിക്കാനോ ആവശ്യമായ ചികിൽസ നൽകാനോ വേണ്ടത്ര താൽപ്പര്യം കാണിക്കുന്നില്ലെന്നുള്ളത് സത്യമാണ്. അതുകൊണ്ട് നമ്മുടെ വീടുകളിലുള്ള പെൺകുട്ടികൾക്കുപോലും അർഹമായ നീതി ലഭിക്കാതെ ഈ രീതിയിൽ അവർ മാനസിക പീഡനം അനുഭവിക്കുന്നുണ്ടെങ്കിൽ നമ്മുടെ രാജ്യത്ത് ലക്ഷക്കണക്കിന് പെൺകുട്ടികൾ, വീടുകളിൽ ജോലിചെയ്യുന്ന, അടുക്കളവേല ചെയ്യുന്ന, ഫാക്ടറികളിൽ പോയി ജോലി ചെയ്യുന്ന പെൺകുട്ടികൾ അനുഭവിക്കുന്ന മാനസിക പീഡനം എത്ര വലുതാണ്. അങ്ങനെ മാനസിക പീഡനം സഹിക്കുന്ന, അവഗണിക്കപ്പെടുന്ന, അവശത അനുഭവിക്കുന്ന ഈ പെൺകുട്ടികളെ ഈ ബില്ലിന്റെ ഭാഗമായി കൊണ്ടുവരുന്നതിന് സൻമനസ് കാണിച്ച, അതിന് തയ്യാറായ ഈ കമ്മിറ്റിയെ ഞാൻ അഭിനന്ദിക്കുകയാണ്.

സർ, അതുപോലെതന്നെ ഇതിലെ കമ്മീഷനകത്ത് അംഗങ്ങളെ എടുക്കുമ്പോൾ പ്രത്യയശാസ്ത്രപരമായി പ്രത്യേകതകൾ നോക്കി ആളുകളെ എടുക്കണം. പ്രത്യയശാസ്ത്രപരമായി എന്ന് ഞാൻ പറയാൻ കാരണം ചില പ്രത്യയശാസ്ത്രങ്ങൾ സ്ത്രീത്വത്തെ മാനിക്കാത്തവയാണ്. അതുകൊണ്ടാണ് ബഹുമാന്യയായ മന്ത്രിക്കുപോലും ഒരിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

''മനുസ്മൃതി'' കത്തിക്കണമെന്നു പറയേണ്ടി വന്നത്. മനുസ്മൃതി സ്ത്രീത്വത്തെ മാനിക്കാത്ത ഒന്നാണ്. അതിനുപുറത്ത് എത്രയോ ശക്തമായ അഭിപ്രായപ്രകടനങ്ങൾ വന്നു. ബഹുമാന്യയായ മന്ത്രി അത് പറഞ്ഞുപോയി എന്നുള്ളതുകൊണ്ട് ചില സംഘടനകൾ മന്ത്രിയ്ക്കു നേരെ പ്രകടനങ്ങളും അതുപോലെതന്നെ അഭിപ്രായ പ്രകടനങ്ങളും നടത്താൻ മുന്നോട്ടുവന്നു. ബഹുമാന്യനായ സുഹൃത്ത് സി. ടി. കൃഷ്ണൻ മനുസ്മൃതിയെക്കുറിച്ച് പറഞ്ഞു. മനുവിന്റെ മാനവധർമ്മശാസ്ത്രമനുസരിച്ച് നമ്മളൊക്കെ ജീവിക്കണമെന്ന് സങ്കൽപ്പിക്കുന്നവർ ഇന്നും ഈ രാജ്യത്തുണ്ട്. മനുവിന്റെ മാനവധർമ്മ ശാസ്ത്രം എന്നുപറഞ്ഞാൽ ചാതുർവർണ്ണ്യത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങളെ വേർതിരിച്ച് ആ ചാതുർവർണ്ണ്യവ്യവസ്ഥയുടെ അടിസ്ഥാന ത്തിൽതന്നെ ഓരോ വർണ്ണത്തിൽപ്പെട്ടവർ ചെയ്യുന്ന കുറങ്ങൾക്ക് വർണ്ണ ത്തിന്റെ അടിസ്ഥാനത്തിൽ ശിക്ഷ നൽകണമെന്ന് കൽപ്പിക്കുകയും അതിന്റെ നീതിശാസ്ത്രം ഉൾക്കൊള്ളുകയും അതിലൂടെ മുന്നോട്ട് പോകണമെന്ന് അനുശാസിക്കുകയും ചെയ്യുന്ന ഒന്നാണ്. ആ മാനവ ധർമ്മശാസ്ത്രം അനുസരിച്ചാണെങ്കിൽ സവർണ്ണനായ യുവാവും അവർണ്ണനായ യുവാവും ഒരേ തെറ്റ് ചെയ്താൽ ശിക്ഷ ഒന്നല്ല, വ്യത്യസ്തമാണ്. ഈ വ്യവസ്ഥ അനുസരിച്ചാണ് സ്ത്രീക്ക് സ്വാതന്ത്ര്യം കൊടുക്കാൻ പാടില്ലെന്ന് പറയുന്നത്. അവരുടെ ബാല്യത്തി ലാണെങ്കിൽ പിതാവ് സംരക്ഷിക്കണം, യൗവനത്തിലാണെങ്കിൽ ഭർത്താവ് സംരക്ഷിക്കണം, പ്രായമാകുന്ന അവസരത്തിൽ മക്കൾ സംരക്ഷിക്കണം. സ്ത്രീക്ക് ഒരിക്കലും സ്വാതന്ത്ര്യം കൊടുക്കാൻ പാടില്ലെന്ന് ആ മാനവ ധർമ്മശാസ്ത്രത്തിൽതന്നെ മനു എഴുതിവച്ചിട്ടുണ്ട്. എത്ര വികലമായ എത്ര തെറ്റായ ധാരണയാണ്. ആ ധർമ്മശാസ്ത്രം കാലഹരണ പ്പെട്ടതാണ്. അത് ഉപേക്ഷിക്കണമെന്ന് പറഞ്ഞാലെന്താണ്? ഇത് പരിഷ്കൃത സമൂഹത്തിന് ഉൾക്കൊള്ളാൻ കഴിയുന്ന ഒന്നല്ല. അത് ഉപേക്ഷിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ഉപേക്ഷിക്കുകയില്ലെന്ന് മാത്രമല്ല, മനുവിന്റെ ശാസ്ത്രമനുസരിച്ച് ഒരു സ്ത്രീയെ ചുട്ടുകൊന്നതിന് നേതൃത്വം കൊടുത്തയാൾ ഇപ്പോൾ കേന്ദ്രത്തിൽ മന്ത്രിയല്ലേ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: അദ്ദേഹം ഇന്ന് കേന്ദ്രത്തിൽ മന്ത്രിയാണ്, ചന്ദ്രശേഖരൻ മന്ത്രിസഭയിലെ മന്ത്രിയാണ്. അതു മാത്രമല്ല കോൺഗ്രസിന്റെ ഉന്നതനായ നേതാവ് ശ്രീ. ബൽറാം ഝാക്കറുടെ നിയോജകമണ്ഡലത്തിലാണ് അത് സംഭവിച്ചതെന്നുകൂടി പറയുമ്പോൾ അദ്ദേഹം അതിനെതിരായിട്ട് ഒരക്ഷരം പറഞ്ഞില്ലെന്ന് പറയുമ്പോൾ എത്ര ദുഃഖകരമാണ്. മാത്രമല്ല, നമ്മുടെ സന്യാസിമാർ പോലും പറഞ്ഞു. രാജീവ് ഗാന്ധി ഇൻഡ്യയുടെ പ്രധാനമന്ത്രി യായിരുന്ന കാലത്താണ് പുരിയിലെ ശങ്കരാചാര്യർ പറഞ്ഞത്, രാജ്യത്ത് വരൾച്ചയുണ്ടാകുമ്പോൾ, വറുതിയുണ്ടാകുമ്പോൾ ഈ രാജ്യത്തെ വരൾച്ച യിൽനിന്ന്, വറുതിയിൽനിന്ന് സംരക്ഷിച്ച് ക്ഷേമത്തിലേക്ക് നയിക്കണ മെങ്കിൽ സതി ആവർത്തിക്കണം, അനുവർത്തിക്കണമെന്ന്. അങ്ങനെ പരസ്യമായി, ഭരണഘടനാവിരുദ്ധമായി പ്രഖ്യാപിച്ചിട്ടും അതിനെ തിരായി ഒരക്ഷരം പറയാതെ അതിനെ സ്വാഗതം ചെയ്ത അന്നത്തെ പ്രധാന മന്ത്രിയാണ് കോൺഗ്രസ് (ഐ)-യുടെ.....
.....(ബഹളം).....അന്ന് ഈ രാജ്യത്തെ പ്രധാനമന്ത്രി രാജീവ് ഗാന്ധിയായിരുന്നു. പുരി ശങ്കരാചാര്യരാണ് അത് പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: ഈ ബിൽ നമ്മൾ ഒന്നര മണിക്ക് ഇന്നത്തെ ചർച്ച പൂർത്തിയാക്കി നാളെ അവസാനിപ്പിക്കണമല്ലോ. അപ്പോൾ ഈ ബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞാൽ മതി. രാഷ്ട്രീയം പറയാനാണെങ്കിൽ ഞങ്ങൾക്കും ധാരാളം പറയാനുണ്ട്. ബില്ലിന്റെ കാര്യത്തിൽ ഒതുങ്ങിനിന്ന് ചർച്ച ചെയ്താൽ അത്യാവശ്യമുള്ളവർക്ക് പങ്കെടുക്കാം, ബിൽ പാസ്സാക്കുകയും ചെയ്യാം.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: ഞാൻ രാഷ്ട്രീയമല്ല പറയുന്നത്. ബില്ലിനകത്ത് ഒതുങ്ങിനിന്നുതന്നെയാണ് സംസാരിക്കുന്നത്. പുറത്തു പോകാൻ ഒരിക്കലും ആഗ്രഹിക്കുന്നില്ല.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, സമയം നിശ്ചയിക്കുന്നത് നന്നായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. അല്ലെങ്കിൽ ചർച്ച ഇങ്ങനെ നീണ്ടു പോയാൽ നാളെ നമ്മൾ വളരെ സമയം ഇരിക്കേണ്ടിവരും. ഓരോരുത്തരുടേയും സമയം നിശ്ചയിക്കണം. പലർക്കും പല വികാരങ്ങളുണ്ടാകും, അതിനെക്കുറിച്ച് പറയാനുമുണ്ടാകും. എങ്കിലും സമയം നിശ്ചയിച്ച് നടത്തുന്നതായിരിക്കും നല്ലതെന്നാണ് എനിക്ക് തോന്നുന്നത്.

ഡെപ്യൂട്ടി സ്പീക്കർ: പറഞ്ഞ് അവസാനിപ്പിക്കൂ. എല്ലാവരും സംസാരിക്കാൻ ആഗ്രഹിക്കുന്നവരാണ്.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: സർ, ഞാൻ പറഞ്ഞത് സ്ത്രീ ജനവിഭാഗങ്ങൾക്കു നേരെ നമ്മുടെ രാജ്യത്ത് നടക്കുന്ന കടന്നാക്രമണങ്ങളെക്കുറിച്ചാണ്. അത് ഈ ബില്ലിന്റെ പരിധിയിൽ വരുന്ന കാര്യങ്ങളാണ്. അതിനാവശ്യമായ ഭേദഗതി ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിക്കണം, എന്നിട്ട് ചർച്ച ചെയ്യണം.

ശ്രീ. പി. ബാലൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ശങ്കരാചാര്യരെക്കുറിച്ച് പറഞ്ഞല്ലോ. ഹൈന്ദവ സമൂഹത്തെയാകെ നിയന്ത്രിക്കാൻ അധികാരമുള്ള ഒരു പുരോഹിതനെ ഇന്നുവരെ നിശ്ചയിച്ചിട്ടില്ലെന്നുള്ള കാര്യം അറിയാമോ? അങ്ങനെയൊരു പുരോഹിതൻ ഹൈന്ദവ സമൂഹത്തിന്റെ പേരിലില്ല. ബ്രാഹ്മണരുടെ പുരോഹിതനാണ് ശ്രീ. ശങ്കരാചാര്യർ, ഹൈന്ദവസമൂഹത്തിന്റെ അല്ല.

ശ്രീ. ആർ. ഉണ്ണികൃഷ്ണപിള്ള: അങ്ങനെയാണെങ്കിൽ അങ്ങേയ്ക്ക് പുരി ശങ്കരാചാര്യരെ തള്ളിപ്പറയാൻ ധൈര്യമുണ്ടോ?

ശ്രീ. പി. ബാലൻ: എന്റെയും നിങ്ങളുടേയും ധൈര്യത്തിന്റെ കാലമല്ല ഇത്. ഹൈന്ദവ സമൂഹത്തിന്റെ അനുഷ്ഠാനങ്ങൾ നിയന്ത്രിക്കാനുള്ള ആചാര്യനില്ല. ഞങ്ങൾക്ക് ശങ്കരാചാര്യരെയാണ് തള്ളിപ്പറയേണ്ടതെങ്കിൽ തള്ളിപ്പറയും. നിങ്ങളെപ്പോലെ തള്ളിപ്പറയാൻ കഴിയാത്ത എന്തെങ്കിലുമായി ബന്ധിച്ചതല്ല കോൺഗ്രസ് പ്രസ്ഥാനം.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: സർ, ഹിന്ദുമതം പറയുന്നത് അതാണ്. ഹിന്ദുമതത്തിനകത്ത് ഒരു നേതൃത്വവുമില്ല. പക്ഷേ പുരി ശങ്കരാചാര്യൻ പറഞ്ഞാൽ ബാലേട്ടനെപ്പോലുള്ളവർക്ക്, കോൺഗ്രസ് (ഐ) നേതാക്കൻമാർക്ക് എതിർക്കാൻ കഴിയുകയില്ല. തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുമ്പോൾ അവരുടെ തൃപ്പാദങ്ങൾതൊട്ട് നെറുകയിൽ വച്ചാണ് ഇവരൊക്കെ നോമിനേഷൻ പേപ്പർ സമർപ്പിക്കാൻ പോകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, രാജീവ് ഗാന്ധിയുടെ നിയോജകമണ്ഡലത്തിൽ ഒരു ഹോമം ഒരാഴ്ച മുൻപ് നടത്തി. രണ്ടു മൂന്ന് കിലോമീറ്റർ ദൂരത്ത് കാവിക്കൊടികൾ അലങ്കരിച്ച് ചാമുണ്ഡി ഹോമം നടത്തി. അത് എന്തിനാണെന്ന് അറിയാമോ? അങ്ങനെ ഹോമം നടത്തിയത് ആ നിയോജകമണ്ഡലത്തിൽ നിന്ന് രാജീവ് ഗാന്ധി ജയിക്കാൻ വേണ്ടിയാണ്. അത് നടത്തിയതും ഈ സന്യാസിമാർതന്നെയാണ്. അവർ ചിലപ്പോഴൊക്കെ ഹിന്ദുമതത്തിന്റെ നായകൻമാർ തങ്ങളാണെന്ന് സ്വയം അവകാശപ്പെട്ട് രംഗത്ത് വരുമ്പോൾ എതിർക്കേണ്ടവരും, ചോദ്യം ചെയ്യേണ്ടവരും, ഭരണാധികാരികളും മിണ്ടാതെ അവരുടെ പിന്നാലെ പോകുന്നു. അതാണ് രാജീവ് ഗാന്ധിയുടെ അനുഭവം പറയുന്നത്.

ശ്രീ. സി. പി. ബാലൻ വൈദ്യർ: പുരി ശങ്കരാചാര്യരെ തള്ളിപ്പറയുമോയെന്ന് ശ്രീ. ഉണ്ണികൃഷ്ണപിള്ള ചോദിച്ചു. ബഹുമാനപ്പെട്ട ബാലൻ വിചാരിച്ചാൽ ആരേയും തള്ളിപ്പറയാം. ഇന്ദിരാഗാന്ധിയെ തള്ളിപ്പറയുക മാത്രമല്ല കുടുംബവാഴ്ചയ്ക്കെതിരായി തെരുവിലാകെ പോർവിളിച്ചുനടന്ന ധീരനാണ് ശ്രീ. ബാലനെന്ന കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: ബഹുമാനപ്പെട്ട വൈദ്യർ പറഞ്ഞത് ശരിയാണ്. ഞാൻ അതിലേക്ക് കടക്കുന്നില്ല.

12 noon] ഇവിടെ ചൂണ്ടിക്കാണിച്ചത് ഇങ്ങനെയുള്ള ഒരു സാഹചര്യത്തിൽ പെൺകുട്ടികളെ ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടു വന്നത് വളരെ ശരിയാണ്. അവർക്ക് പ്രത്യേകം സംരക്ഷണം കൊടുക്കണം. അതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുന്നതോടൊപ്പം തന്നെ ഈ കമ്മീഷനിൽ വരുന്ന ആളുകളെ പ്രത്യേകം നോക്കേണ്ടതുണ്ട്. സ്ത്രീത്വത്തെ മാനിക്കാത്ത, അവർക്ക് നീതി പകരാൻ പാടില്ല എന്നുപറയുന്ന അവർക്ക് സ്വാതന്ത്ര്യം അനുവദിക്കാൻ പാടില്ല എന്നുപറയുന്ന അവർക്ക് പൊതു തെരഞ്ഞെടുപ്പിൽ മൽസരിക്കാനും മന്ത്രിമാരാകാനും എം. എൽ. എ. മാരാകാനും പാർലമെന്റ് മെമ്പർമാരാകാനും പഞ്ചായത്ത് മെമ്പർമാർ പോലും ആകാൻ പാടില്ല എന്നു നിഷ്കർഷിക്കുന്ന മതങ്ങളും സമുദായങ്ങളും പ്രത്യയശാസ്ത്രങ്ങളും ഈ സമൂഹത്തിൽ വളരെയേറെ ആധിപത്യം ചെലുത്തുന്നുണ്ട്. അങ്ങനെയുള്ളവരാരും തന്നെ ഈ കമ്മീഷനകത്ത് അംഗങ്ങളായി വരാൻ പാടില്ല. അതുകൊണ്ടാണ് ഞങ്ങൾ അതിനെപ്പറ്റി പറയുന്നത്.

ശ്രീ. പി. ബാലൻ: പളനിക്ക് പോകുന്നത് നാട്ടുകാർ കണ്ടാൽ ഭാര്യക്കുവേണ്ടിയാണെന്നു പറയുക, ഗുരുവായൂർ പോകുന്നത് കുട്ടിക്ക് ചോറുകൊടുക്കാൻ വേണ്ടിയാണെന്നു പറയുക. ഇങ്ങനെ കാണിക്കുന്ന ഹിപ്പോക്രസിയേക്കാൾ ഭേദമല്ലേ ഉള്ളുതുറന്ന് പ്രകടിപ്പിക്കുന്നത്.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: സർ, വിശ്വാസം എന്നത് വ്യക്തി സ്വാതന്ത്ര്യത്തിന്റെ ഭാഗമാണ്. ആ വ്യക്തി സ്വാതന്ത്ര്യത്തെ തടയാൻ കമ്മ്യൂണിസ്റ്റുകാരായ ഞങ്ങളാരും ഒരു കാലത്തും മുന്നോട്ട് വരികയില്ല. ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുന്നത് ഈ കമ്മീഷൻ പരിശോധിക്കപ്പെടേണ്ട മറ്റൊരു കാര്യം നമ്മുടെ നാട്ടിൽ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്നവരുടെ പ്രശ്നങ്ങളാണ്. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന സാമൂഹ്യ നീതി ലഭിക്കാത്തവരുടെ പ്രശ്നങ്ങളുണ്ട്. ഇപ്പോഴും ഇന്ത്യയിലെ സ്ഥിതി പരിശോധിച്ചാൽ കേരളമാണ് ഇന്നും വിദ്യാഭ്യാസപരമായി മുന്നോക്കം നിൽക്കുന്നത്,

LIBRARY ARCHIVES Kerala Legislative Assembly

അതിലും നമുക്ക് അഭിമാനമുണ്ട്. പക്ഷെ നമ്മൾ വിദ്യാഭ്യാസപരമായി ഏറെ മുന്നോക്കം നിൽക്കുന്നുവെങ്കിലും, വിദ്യാഭ്യാസപരമായി പല കാരണങ്ങളാൽ സാമൂഹ്യ കാരണങ്ങളാലും മറ്റും പിന്നോക്കം നിൽക്കുന്ന സാമൂഹ്യനീതി ലഭിക്കാത്ത ആ പാവപ്പെട്ട ജനവിഭാഗങ്ങളെക്കുറിച്ചാണ് മണ്ഡൽ കമ്മീഷൻ വിരൽ ചൂണ്ടുന്നത്. അതിനകത്ത് സാമൂഹ്യ നീതി ലഭിക്കേണ്ട സ്ത്രീജനവിഭാഗങ്ങളെ മുന്നോക്കം കൊണ്ടുവരുന്നതിനാവശ്യമായ അർഹമായ സാമൂഹ്യനീതി അവർക്ക് പകർന്നു കൊടുക്കത്തക്ക രീതിയിൽ ഈ കമ്മീഷന്റെ പ്രവർത്തനങ്ങളും വിപുലപ്പെടുത്തേണ്ടതുണ്ട്. അതുപോലെതന്നെ സ്ത്രീകളെയും കുട്ടികളെയും കുറിച്ചൊക്കെ നല്ലവണ്ണം അറിയുവാനും മനസ്സിലാക്കുവാനും കഴിയാവുന്ന വ്യക്തികളും ഈ കമ്മീഷനകത്ത് വരേണ്ടതുണ്ട്. പിന്നെ ഈ കമ്മീഷനിൽ മഹിളാ സംഘടനകളും രജിസ്റ്റർ ചെയ്യുന്നതിനെക്കുറിച്ച് പറയുന്നുണ്ട്. മഹിളാ സംഘടന രജിസ്റ്റർ ചെയ്ത 2 വർഷത്തെ സേവന പാരമ്പര്യമുള്ളവ രജിസ്റ്റർ ചെയ്യുന്നതിനെക്കുറിച്ച് പറയുന്നുണ്ട്. രണ്ടുവർഷമെന്നത് പ്രത്യേകം നോക്കേണ്ട കാര്യമുണ്ടെന്ന് തോന്നുന്നില്ല. രജിസ്റ്റർ ചെയ്ത മഹിളാ സംഘടനകളെ ഇതിനകത്ത് കൊണ്ടുവരേണ്ടതാണെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. നമ്മുടെ സമൂഹത്തിൽ സ്ത്രീ-പുരുഷൻമാർ അവർ പരസ്പര പൂരക ഘടകങ്ങളാണ്. ആ പരസ്പര പൂരക ഘടകങ്ങളിലേ ഈ സമൂഹം നിൽക്കൂ. സമൂഹത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കൂ. അങ്ങനെയൊരു അവബോധം ജനങ്ങളിൽ വളർത്തിയെടുക്കാൻ ഈ കമ്മീഷനു കഴിയണം, ഈ കമ്മീഷനു കഴിയും. ആ രീതിയിൽ ഈ കമ്മീഷന്റെ പ്രവർത്തനങ്ങളും മുന്നോട്ടുകൊണ്ടുപോകുമ്പോൾ തീർച്ചയായും ഇൻഡ്യയിലെ സ്ത്രീജന വിഭാഗങ്ങളും വളരെ ബഹുമാനത്തോടുകൂടി ആദരിക്കുന്ന ഒരു വ്യക്തിയായിരിക്കും സ. ഗൗരി അമ്മ എന്ന് എടുത്തുപറഞ്ഞുകൊണ്ട് ഈ ബില്ല് കൊണ്ടുവരുന്നതിന് തയ്യാറായ ശ്രീമതി ഗൗരി അമ്മയേയും ഗവൺമെൻറിനേയും ഒരിക്കൽ കൂടി അഭിനന്ദിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകളും അവസാനിപ്പിക്കുന്നു.

ശ്രീമതി ലീലാദാമോദരമേനോൻ: മാഡം, ഈ ബിൽ വീണ്ടും സെലക്ട് കമ്മിറ്റിക്ക് അയക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നത് കുറെക്കൂടി അവഗാഢമായി ഈ ബില്ലിന്റെ പല വകുപ്പുകളും ചർച്ച ചെയ്യേണ്ടതുണ്ട് എന്നുള്ളതുകൊണ്ടാണ്. ആ കാര്യം ഇവിടത്തെ ഇതുവരെയുള്ള ചർച്ച തന്നെ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഇതൊരു രാഷ്ട്രീയ ചർച്ചയുടെ വേദിയാക്കരുത്. ഇത് രാജ്യത്തെ 50 ശതമാനത്തിലധികം വരുന്ന സ്ത്രീകളുടെ പ്രശ്നങ്ങളും ഉൾക്കൊള്ളുന്നതാണ്. സമൂഹത്തിൽ അവരുടെ സ്ഥാനം വളരെ പിന്നോക്ക നിലയിലാണ്, അവർ സാമൂഹ്യമായി വളരെ അധികം അനീതികളും അക്രമങ്ങളും അനുഭവിക്കുന്നുണ്ട്. അതിനൊക്കെ എന്തെങ്കിലും വിരാമമിടുന്നതിനും അവരെ സഹായിക്കുന്നതിനുംവേണ്ടി നിയമപരമായി പല പരിശ്രമങ്ങളും നടത്തിയിട്ടുണ്ടെങ്കിലും അവയൊന്നും നാം വിചാരിക്കുന്ന വിധത്തിൽ ഫലപ്രദമാകാത്തതുകൊണ്ട് ഇന്ന് നാം ഇങ്ങനെയൊരു കമ്മീഷനു പരിപാടി ആവശ്യപ്പെടുകയാണ്. ഒരു പക്ഷെ ഈ സഭ തന്നെ ഓർക്കുന്നുണ്ടാവും ഈ നിയമസഭയിൽ ഞാൻ ചെയ്ത ആദ്യത്തെ പ്രസംഗത്തിൽ ഈ കമ്മീഷന്റെയും ഒരു വനിതാ വികസന കോർപ്പറേഷന്റെയും ആവശ്യകത ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 1975-ൽ ഐക്യരാഷ്ട്രസഭ ഇതുപോലൊരു വനിതാ കമ്മീഷൻ എല്ലാ രാജ്യങ്ങളിലും ഉണ്ടാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അതിന്റെ പ്രവിശ്യകളിൽ അതിനു ബലം കൊടുക്കുന്ന വിധത്തിൽ നിയമനിർമ്മാണം വേണമെന്ന് ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ടതിന്റെ അടിസ്ഥാനത്തിലുള്ള ഓർമ്മ വച്ചാണ് മാഡം ഞാൻ ആ കാര്യം ഇവിടെ ഉന്നയിച്ചത്. 1961-ൽ തന്നെ അമേരിക്കയിൽ കെന്നഡിയുടെ ഭരണകാലത്ത് ഇങ്ങനെയൊരു കമ്മീഷൻ ഉണ്ടാക്കിയിട്ടുണ്ട്. ഇന്ന് അമേരിക്കയിലെ 175 സംസ്ഥാനങ്ങളിൽ ഈ കമ്മീഷന്റെ പരിപാടികൾ നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇംഗ്ലണ്ടിൽ 1986-ൽ സമഗ്രമായ നിയമം കൊണ്ടുവന്നുകൊണ്ട് അവിടെ ഈ പരിപാടി നടപ്പിൽ വരുത്തി. മറ്റു രാജ്യങ്ങളിൽ ഈ നിയമം എങ്ങനെ നടപ്പിലാക്കിയിട്ടുണ്ട് എന്നുകൂടി നാം മനസ്സിലാക്കേണ്ടതുണ്ട്. സർ, ഇവിടെ നിയമത്തിന്റെ അപര്യാപ്തതകൾ ഒന്നുമില്ല. സ്ത്രീകളെ സംരക്ഷിക്കാനായി ഭരണഘടനയിൽ വകുപ്പുകളുണ്ട്, നിയമങ്ങൾ നിലവിലുണ്ട്. പക്ഷെ ആ നിയമങ്ങളൊക്കെ ഇവിടെ എങ്ങനെ നടപ്പിൽ വരുന്നുണ്ട്. അത് നടപ്പിൽ വരുത്താൻ സാധിക്കാത്തത് എന്തുകൊണ്ടാണ്, അതിന് എന്താണ് വഴി യെന്നുള്ളത് നാം ആലോചിക്കണം. ഒരു പക്ഷെ മറ്റു രാജ്യങ്ങളിൽ ഇങ്ങനെയുള്ള നിയമങ്ങൾ നടപ്പിൽ വരുമ്പോൾ ആ കാര്യങ്ങൾ മനസ്സിലാക്കാൻ നമുക്ക് സാധിച്ചുവെന്നു വരാം. ഇവിടെ സ്ത്രീധന നിരോധനം നിയമമാക്കിയിട്ടുണ്ട്. അതിന് കുറെക്കൂടി ശക്തിയായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. എന്നിട്ട് സ്ത്രീധനം ഇവിടെയില്ലേ? അത് നമുക്ക് മാറ്റാൻ സാധിച്ചിട്ടുണ്ടോ. ഇവിടെ റെയിപ്പ് കേസുകളിൽ കൂടുതൽ ശിക്ഷ നൽകാൻ ഭേദഗതികൾ വന്നിട്ടുണ്ട്. എന്നിട്ടും റെയിപ്പ് കേസുകൾ ഈ രാജ്യത്ത് ഉണ്ടാകുന്നുണ്ട് എന്നു മാത്രമല്ല അത് തീരെ അവഗണിക്കപ്പെട്ട സ്ഥിതിവിശേഷത്തിലായിരിക്കയാണ്. സ്ത്രീകൾക്കു നിയമപരമായി സ്വത്തവകാശം നൽകിയിട്ടുണ്ട്. പക്ഷെ ആ സ്വത്തവകാശം ഇന്ന് അവർക്ക് അനുഭവപ്പെടാതിരിക്കത്തക്ക വിധത്തിലുള്ള പണ്ട് നാം തള്ളിക്കളഞ്ഞ സാമൂഹ്യ വിപത്തുകളായ സതിയൊക്കെ ഉണ്ടാകുന്നുണ്ട്. സാമ്പത്തികമായി സ്ത്രീകളെ മെച്ചപ്പെടുത്താനുള്ള ശ്രമം ഒരു ഭാഗത്ത് നടക്കുമ്പോൾ ഇതുപോലെയുള്ള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ മറുഭാഗത്ത് വരുകയാണ്. ഈ കമ്മീഷന്റെ പ്രവർത്തനം കൊണ്ട് അതൊക്കെ തടയാനായി സാധിക്കണം. അല്ലെങ്കിൽ ഈ കമ്മീഷനും മറ്റൊരു നിയമത്തേയും പോലെ കടലാസിൽ മാത്രമായി കുറെ പേർ അതിൽ അംഗങ്ങളായിത്തീരും. അല്ലാതെ ഫലപ്രദമായി എന്തെങ്കിലും ചെയ്യാനായി സാധിക്കുമോ എന്നു ഞാൻ സംശയിക്കുകയാണ്. ഇത് ഞാൻ പറയുന്നത് ഇപ്പോഴും നിയമസഭയിൽ സ്ത്രീകളുടെ കാര്യം പറയുമ്പോൾ വളരെ പുച്ഛമാണ്. ഇന്ന് ഭാഗ്യത്തിന് അത് കണ്ടില്ല. എപ്പോഴും പുരുഷൻമാരുടെ അവകാശവാദമാണ് സ്ത്രീകളുടെ സ്വാതന്ത്ര്യത്തിന് വിലങ്ങടിച്ചു നിൽക്കുന്നത്. അത് ഒരു വലിയ തത്വമായി അംഗീകരിച്ചിട്ടുള്ള ഒരു കാര്യമാണ്. ലോകത്തിൽ ഏതെങ്കിലും അമൂല്യമായ മൂന്നു കാര്യങ്ങൾ ഉണ്ടെങ്കിൽ ഒന്ന് ഭക്ഷണമാണ്. അത് ഇല്ലെങ്കിൽ ജീവിക്കാൻ സാധിക്കയില്ല. അതുപോലെ വിസ്ഡം. ബുദ്ധിശക്തിയും വിവേകവുമില്ലെങ്കിൽ ലോകത്ത് ഉയർച്ചയുണ്ടാവുകയില്ല. പിന്നെ ഏറ്റവും പ്രധാനമായി വരുന്നത് സ്ത്രീകളാണ്. അവരാണ് ജീവിതത്തിന്റെ ചരട് കൂട്ടിച്ചേർത്തുകൊണ്ടുപോകുന്നത്.

സർ, അതിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് സ്ത്രീകളുടെ ഉന്നമനമാണ് പുരുഷൻമാരുടെ ഉന്നമനവും സാമൂഹ്യ ഉന്നമനവും എന്ന് മനസ്സിലാക്കാൻ ഇന്നും സാധിക്കാത്തതുകൊണ്ട് ആണ് ഈ പ്രശ്നങ്ങളൊക്കെ വരുന്നത്. ഒരു പെൺകുട്ടി ജനിക്കുകയാണെങ്കിൽ ആ അമ്മ വലിയ കുറ്റബോധത്തോടുകൂടിയിരിക്കുകയെന്ന ഒരു സ്ഥിതി ഇന്നുണ്ടായിരിക്കുകയാണ്. അതുകൊണ്ടാണ് അനീമോ സിന്തസിസ് ടെസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

ഒക്കെ വന്നു പെൺകുട്ടികളെ ജനിക്കുന്നതിനുമുൻപു കഥ കഴിച്ചു കഴിഞ്ഞാൽ അപകടം ഉണ്ടാകുകയില്ലെന്നുള്ള ഒരു ദുസ്ഥിതി ഈ രാജ്യത്തു വന്നിട്ടുള്ളതു. ഈ നിയമം ഇവിടെ കൊണ്ടുവരുമ്പോൾ എനിക്കു ബഹുമാനപ്പെട്ട മന്ത്രിയോടു പറയാനുള്ളതു, ഇതിന്റെ ചെയർമാൻ ഒരു വനിതയായിരിക്കണമെന്നാണു. വനിതയെ ചെയർമാൻ ആക്കുന്നതിനോടൊപ്പം തന്നെ അംഗങ്ങളുടെ സംഖ്യയിൽ ഭൂരിപക്ഷം സ്ത്രീകളാക്കണം. സ്ത്രീകൾക്കു ഇതിൽ പ്രത്യേക പ്രാധാന്യം കൊടുക്കണം. ഇതു സ്ത്രീകളുടെ കമ്മീഷനായതുകൊണ്ടു അവർക്കു കുറച്ചുകൂടി മനസ്സിലാക്കാൻ കഴിയുമെന്നു ഞാൻ വിശ്വസിക്കുകയാണു. മാത്രമല്ല, ഈ സംസ്ഥാനത്തു പത്തു അൻപതു കോർപ്പറേഷനുണ്ടല്ലോ, അതിൽ ഒരു സ്ത്രീയുണ്ടോ? ഒരു സ്ത്രീയെ ഒരു കോർപ്പറേഷനിലെങ്കിലുമാക്കിയിട്ടുണ്ടോ? എനിക്കു അതിനെക്കുറിച്ചുള്ള വിവരം കിട്ടിയിട്ടില്ല, അങ്ങനെയുണ്ടെങ്കിൽ നന്നായിരുന്നു. പക്ഷേ പകുതിയോളം വേണമെന്നു ആവശ്യപ്പെടാറുണ്ടു. സംസ്ഥാനത്തിലെ അഭ്യസ്തവിദ്യരായിട്ടുള്ളവരിൽ ഏതു തരത്തിലും, ഏതു ഏജു ഗ്രൂപ്പിലും സാങ്കേതിക വൈദഗ്ദ്ധ്യം നേടിയിട്ടുള്ള സ്ത്രീകൾ ഇന്നു നമ്മുടെ സംസ്ഥാനത്തുണ്ടു. അവർക്കു കൊടുക്കാൻ കഴിയുകയില്ലേ? അതുകൊണ്ടു എനിക്കു പറയാനുള്ളതു, ഈ രീതി മാറ്റി Constitution of the Commission-ൽ ഭൂരിപക്ഷവും സ്ത്രീകളെ ആക്കണമെന്നുള്ളതാണു. ഈ കാര്യം ചൂണ്ടിക്കാണിക്കുമ്പോൾ എനിക്കു പറയാനുള്ള മറ്റൊരു കാര്യം ഇതിൽ എടുക്കുന്ന ആളുകൾ സ്ത്രീകൾക്കു വേണ്ടി പ്രവർത്തിക്കാൻ തയാറായിട്ടുള്ളവരായിരിക്കണം. ഇതിനു എന്തെങ്കിലും വിഷമമുണ്ടെങ്കിൽ ഈ കമ്മീഷന്റെ പ്രവർത്തനം നിലച്ചുപോകത്തക്ക ഒരു സ്ഥിതിവിശേഷം വരുമെന്നുള്ളതുകൊണ്ടാണു ഞാൻ ഇങ്ങനെ പറയുന്നതു. നമ്മൾ പലപ്പോഴും സ്വമതത്തിനുവേണ്ടി വാദിക്കുമ്പോൾ, നീതിക്കുവേണ്ടി വാദിക്കുമ്പോൾ, ആ നീതി കിട്ടണമെന്നു പറയുമ്പോൾ ആ നീതി കിട്ടാനായിട്ടുള്ള സ്ഥിതിവിശേഷം കൂടിയുണ്ടാക്കണം. ഇതു നിലവിൽവന്നാൽ അതു നടപ്പിൽ വരുത്തേണ്ടതു ഗവൺമെന്റാകുമ്പോൾ, ആ ഗവൺമെന്റു എന്തു ചെയ്തുവെന്നുള്ളതു പറയുകമാത്രമല്ലാതെ ഗവൺമെന്റിന്റെ തീരുമാനം ഈ കമ്മീഷന്റെ തീരുമാനത്തിനു എതിരായി പോയിട്ടുണ്ടെങ്കിൽ, അല്ലെങ്കിൽ അതിനു സാധ്യതയില്ലെന്നു പറയുകയാണെങ്കിൽ പിന്നെ ഒരു കമ്മീഷൻ എന്തു ചെയ്യണമെന്നുകൂടി ആലോചിക്കേണ്ടതായിട്ടുണ്ടു. ഇവിടെ എന്തെല്ലാം ചെയ്യാൻ കഴിയും. ഈ രാജ്യത്തു രാഷ്ട്രീയ അതിപ്രസരം വന്നതുകൊണ്ടു ന്യായമായിട്ടും നീതി കിട്ടാത്ത എത്രയോ ആളുകളുണ്ടു. ഇവിടെ ഇതിനു ഒരു ബാക്കു ഗ്രൗണ്ടു പേപ്പറുണ്ടു. ഞാൻ മുൻപു ചൂണ്ടിക്കാണിക്കാത്തതാണു. വനിതകളുടെ കാര്യം പറയുമ്പോഴെങ്കിലും രാഷ്ട്രീയമൊന്നും പറയാതിരിക്കേണ്ടതായിരുന്നു. ഈ പേപ്പറിൽ Shabanu Case and Muslim Women എന്നു പറഞ്ഞിട്ടു ഷബാനു കേസിനെപ്പറ്റി ഒരു വലിയ നോട്ടു തന്നിട്ടുണ്ടു. അതു എന്തെങ്കിലുമായിക്കൊള്ളട്ടെ. വാസ്തവത്തിൽ അതു ഹൃദയഭേദകമായിരുന്നു. പക്ഷേ ഞാൻ ഒരു കാര്യം പറയുകയാണു. ഇന്നു മുസ്ലീം സ്ത്രീകൾക്കു പണ്ടു കിട്ടിയിരുന്ന മത്തറിനേക്കാൾ കൂടുതൽ അതായതു 8 ലക്ഷം രൂപയും 4 ലക്ഷം രൂപയുമൊക്കെ അവരുടെ വിവാഹമോചനത്തിനു അവരുടെ സമ്മതമില്ലാതെ തന്നെ കൊടുത്താൽ അവർക്കു കിട്ടേണ്ട ഒരു സ്ഥിതിയുണ്ടായിരിക്കുന്നു. കോൺഗ്രസു ഗവൺമെന്റു ഉണ്ടാക്കിയ നിയമങ്ങൾ തന്നെ അതിനു അനുവാദം കൊടുത്തിട്ടുണ്ടു. ഞാൻ ഇതു ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുന്നതു എന്നോടു ആവശ്യപ്പെട്ടിട്ടുള്ളതുകൊണ്ടാണു. 'ഷബാനു കേസിൽ മുസ്ലീം വികാരത്തിനു വേണ്ടി കോൺഗ്രസു കീഴടങ്ങി' എന്നുപറഞ്ഞുകൊണ്ടു ബാക്കു ഗ്രൗണ്ടു

LIBRARY ARCHIVES Kerala Legislative Assembly

പേപ്പറിലുള്ള രണ്ടുമൂന്ന് വരികളും ഞാൻ വളരെ വേദനയോടുകൂടി പറയുകയാണ്. വനിതകളുടെ കാര്യത്തിലെങ്കിലും ഒരു വിധത്തിലും രാഷ്ട്രീയമായിട്ടുള്ള ഒരു പശ്ചാത്തലം സൃഷ്ടിക്കാതെ എന്തുകൊണ്ട് അത് തന്നുകൂടായിരുന്നു? ഇതിന്റെ ആവശ്യമുണ്ടായിരുന്നോയെന്ന് ഞാൻ ചോദിക്കുകയാണ്. ഈ കാര്യത്തിൽ നമ്മുടെ നിയമങ്ങളിൽ നീതിക്കുവേണ്ടി പറയുമ്പോൾ ശരിയായിട്ട് നീതി ലഭിക്കുമോ, അതിലും വിവേചനം വരുമോയെന്ന് ഞാൻ സംശയിക്കുകയാണ്.

അതുപോലെ തന്നെ ഇവിടെ Feminist movement-നെപ്പറ്റി പറയുന്നത് വനിതാപ്രസ്ഥാനം Feminist movement അല്ല. പുറമേയുള്ള Feminist movement ഇൻഡ്യയിലെ വനിതാ പ്രസ്ഥാനത്തെ ഒരിക്കലും ബാധിച്ചിട്ടില്ല. അമേരിക്കയിലൊക്കെ Feminist movement-ന്റെ കാരണവും അതിന്റെ പശ്ചാത്തലവുമൊക്കെ വേറെയാണ്. നമ്മുടെ നാട്ടിൽ അഭിമാനത്തോടുകൂടി അവകാശങ്ങൾക്കുവേണ്ടി, ആവശ്യങ്ങൾക്കുവേണ്ടി, നീതിക്കുവേണ്ടി അനീതിക്കെതിരായി പ്രവർത്തിക്കാനായി ഈ രാജ്യത്ത് ആദ്യം ഇൻഡ്യൻ വിമൻസ് കോൺഫറൻസ് 1926 തൊട്ട് ഇവിടെയുള്ള എല്ലാ മഹിളാസംഘടനകളും അതിനുവേണ്ടി പ്രവർത്തിക്കുമ്പോൾ അവർ ഒരിക്കലും ഒരു Feminist movement ആയിട്ടില്ല. പുറമെനിന്ന് അവരുടെ പണവും സഹായവും വാങ്ങിച്ചിട്ടില്ല. ഈ പ്രസ്ഥാനം ഇവിടെനിന്ന് ഉടലെടുത്തതുകൊണ്ട് ഇവിടത്തേക്ക് മാത്രമുണ്ടായിട്ടുള്ള പ്രസ്ഥാനമാണ് എന്ന് ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. ഞാൻ ഇത് പറയുന്നത് ഇതിൽ വളരെ ദീർഘമായി ചർച്ച ചെയ്ത പല വ്യത്യാസങ്ങളും വരുത്തിയിട്ടുണ്ടെങ്കിലും ഇനിയും വളരെയധികം വ്യത്യാസങ്ങൾ ഈ നിയമത്തിൽ തന്നെ വരുത്താനുള്ളതുകൊണ്ട് വരുത്തേണ്ടതുകൊണ്ട്, അത്യാവശ്യമായി നാം വിചാരിക്കുന്ന വിധത്തിൽ പ്രവർത്തിക്കാൻ സാധിക്കണമെന്നുണ്ടെങ്കിൽ അത് വരുത്തേണ്ടത് ആവശ്യമാണെന്നുമാത്രം ചൂണ്ടിക്കാണിച്ചുകൊണ്ട് ഇങ്ങനെ ഈ നിയമം വന്ന് അതിനെപ്പറ്റി ചർച്ച ചെയ്യാനുള്ള ഒരവസരം കിട്ടിയിട്ടുണ്ടെങ്കിലും അത് കൂടുതൽ പൂർണ്ണമാക്കിക്കാണാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ നാട്ടിലെ സ്ത്രീകൾക്ക്, പെൺകുട്ടികൾക്ക് ഇപ്പോഴും പറയുന്ന the old profession for women is prostitution എന്നുപറഞ്ഞുകൊണ്ട് അതുമാത്രം അംഗീകരിച്ചുകൊണ്ടുള്ള ആളുകൾ എത്രയുണ്ട് ഇവിടെ? അത് മാറാനായി നമ്മുടെ നാട്ടിൽനിന്ന് prostitution അല്ല സ്ത്രീകളുടെ തൊഴിൽ, ഈ രാജ്യത്തിലെ സ്ത്രീകൾക്ക് മാന്യമായി ജീവിക്കാനുള്ള സൗകര്യം കൊടുക്കാനുള്ള പശ്ചാത്തലം സൃഷ്ടിച്ചുകൊണ്ട് ഈ കമ്മീഷന്റെ പ്രവർത്തനം അതുല്യമാക്കി തീർക്കാനായി നിയമത്തിൽ വേണ്ട വ്യവസ്ഥ ചെയ്തുകൊണ്ട് മാറ്റണമെന്ന് മാത്രം ഞാൻ ഈ അവസരത്തിൽ അപേക്ഷിക്കുകയാണ്.

ശ്രീമതി ജെ. മേഴ്സിക്കുട്ടിയമ്മ: 8-ാം കേരള നിയമസഭയുടെ അവസാനത്തെ നിയമനിർമ്മാണം കൂടിയാണ് വനിതാ കമ്മീഷൻ ബിൽ. കഴിഞ്ഞ പ്രാവശ്യം ബില്ലിന്റെ ചർച്ചയിൽ പങ്കെടുക്കുമ്പോൾ ഉത്കണ്ഠ ഉണ്ടായിരുന്നുവെന്ന് ആണ് പറയേണ്ടിവന്നതെങ്കിൽ ഇന്ന് ആ ഉത്കണ്ഠ തീരെയില്ലാതെ സന്തോഷത്തോടുകൂടിയാണ് ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുക്കുന്നത്. ഈ ബിൽ ഡ്രാഫ്റ്റ് ചെയ്തത് അത് നിയമമാക്കാൻ ഏറെ ക്ലേശം അനുഭവിച്ച് അവശതയനുഭവിക്കുന്ന സ്ത്രീകളുടെ അവശതയ്ക്ക് പരിഹാരമുണ്ടാക്കാൻ അങ്ങേയറ്റം ഇച്ഛാശക്തിയോടുകൂടി പ്രവർത്തിച്ച നമ്മുടെ വ്യവസായ വകുപ്പുമന്ത്രിയെ ഞാൻ ഈ അവസരത്തിൽ അകമഴിഞ്ഞ് അഭിനന്ദിക്കുകയാണ്. ഒരു സമൂഹത്തിന്റെ പുരോഗതിയുടെ

LIBRARY ARCHIVES Kerala Legislative Assembly

അളവു കോൽ ആ സമൂഹത്തിലെ സ്ത്രീയുടെ പദവിയുമായി ബന്ധപ്പെട്ടാണിരിക്കുന്നതെന്ന് നാം എപ്പോഴും പറയാറുണ്ട്. അത് പ്രശസ്തമായ ഒരു കാട്ടേഷനാണ്. സഖാവ് ലെനിൻതന്നെ പറഞ്ഞിട്ടുള്ള ഒരു കാട്ടേഷനാണിത്. 'ഒരു സമൂഹത്തിന്റെ പുരോഗതിയുടെ അളവുകോൽ ആ സമൂഹത്തിലെ സ്ത്രീ എങ്ങനെ ചെയ്യുന്നുവെന്ന് പരിശോധിച്ചാണ് അത് വിലയിരുത്തുന്നത്'. നമ്മുടെ ഭാരതത്തിന്റെ പുരോഗതിയുടെ അളവുകോൽ എവിടെവരെയെന്നു പരിശോധിക്കാൻ നമ്മുടെ ഭാരത സ്ത്രീയുടെ പദവി ഇന്ന് എങ്ങനെയാണെന്ന് പരിശോധിച്ചാൽ മതി. ആ പദവി പരിശോധിച്ചുനോക്കിയാൽ പറയാതിരിക്കുകയാണ് ഭേദമെന്ന സ്ഥിതിയിലേക്കാണ് കാര്യങ്ങളെത്തിയിട്ടുള്ളത്. സ്വതന്ത്ര ഇൻഡ്യ 43 വർഷം പിന്നിടുമ്പോഴും കിരാത സമൂഹത്തിൽപ്പോലുമുണ്ടാകാത്ത തരത്തിൽ മനുഷ്യ മനസ്സിനെ ആകെ ഞെട്ടിക്കുന്ന വാർത്തയാണ് കഴിഞ്ഞ രണ്ടു മൂന്നു ദിവസങ്ങൾക്ക് മുമ്പ് പത്രത്തിൽ വന്നത്. സ്വതന്ത്ര ഇൻഡ്യയിൽ, ലോകത്തിലെ തന്നെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രത്തിൽ, ആ ജനാധിപത്യ രാഷ്ട്രത്തിന്റെ ഹൃദയസംസ്ഥാനമെന്നൊക്കെ നാം അഭിമാനിക്കുന്ന ഉത്തർപ്രദേശിൽ ഇൻഡ്യൻ പ്രധാനമന്ത്രിമാർക്ക് ജൻമം നൽകുവാൻ ഭാഗ്യം സിദ്ധിച്ചിട്ടുള്ള ഉത്തർപ്രദേശിൽ, നടന്നിട്ടുള്ള ക്രൂരകൃത്യമാണ് നമ്മെ ആകെ ഞെട്ടിച്ച വാർത്തയായി പത്രങ്ങളിൽ വന്നിട്ടുള്ളത്. ഒരു പെണ്ണിനു തന്നിക്കിഷ്ടമുള്ള ഒരാളിനെ പ്രേമിക്കാൻ അവസരമില്ലെന്നുവന്നാൽ, അങ്ങനെയൊന്ന് ചെയ്തുപോയാൽ ആ പെണ്ണിനേറയും ആ പുരുഷനേറയും രക്ഷകർത്താക്കൾ അവരുടെ കൊലയാളികളായി മാറണമെന്ന ഒരു സാമൂഹ്യവ്യവസ്ഥ 20-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും നിലനിൽക്കുന്നുവെന്നു പറഞ്ഞാൽ നാം ഏത് യുഗത്തിലാണ് ജീവിക്കുന്നതെന്നോർത്ത് ലജ്ജിക്കേണ്ട സ്ഥിതിയിലേക്കാണ് ഇന്ന് കാര്യങ്ങൾ നിൽക്കുന്നത്. അത്തരമൊരു സാഹചര്യത്തിലാണ്, സ്ത്രീകളുടെ പദവി സംരക്ഷിക്കാൻ എവിടെയാണ് സ്ത്രീകൾ അപമാനിക്കപ്പെടുന്നത്, എവിടെയാണ് അവർ പീഡിപ്പിക്കപ്പെടുന്നത് അതിനെ ചോദ്യം ചെയ്യാനും, അതിന് ഒരു അറുതി വരുത്താനും ഒരു ആശാകേന്ദ്രമെന്നുള്ള നിലയിൽ വനിതാ കമ്മീഷൻ നിയമനിർമ്മാണത്തിലേക്ക് നമ്മുടെ സഭ കടന്നുവന്നിരിക്കുന്നത്. അതുമായി ബന്ധപ്പെട്ട് ഒട്ടേറെ വിഷയങ്ങൾ ഇവിടെ ചർച്ചക്കുവന്നു. സർ, ഒട്ടേറെ വിഷയങ്ങളെക്കുറിച്ച് അതുമായി ബന്ധപ്പെടുത്തി ഇവിടെ ചർച്ച വന്നു. ബഹുമാന്യരായ പല മെമ്പർമാരും അത് രാഷ്ട്രീയവുമായി ബന്ധപ്പെടുത്തി പറഞ്ഞു. എനിക്ക് മുന്നേ സംസാരിച്ച ബഹുമാനപ്പെട്ട മെമ്പർ അതിനെ രാഷ്ട്രീയമായി കൂട്ടിക്കലർത്തരുതെന്ന് വിനയപൂർവം സൂചിപ്പിച്ചു. എനിക്കൊന്നു പറയുവാനുള്ളത് ഇത്തരം പുരോഗമനപരമായ പ്രവർത്തനങ്ങൾ നടത്താനും അത് അങ്ങേയറ്റം ഫലപ്രദമായി പ്രയോഗത്തിൽ വരുത്താനും രാഷ്ട്രീയമായ ഇച്ഛാശക്തി അനിവാര്യമാണ് എന്ന് അടിവരയിട്ടു സൂചിപ്പിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. നമ്മുടെ അനുഭവത്തിൽ നിന്നാണ് പറയുന്നത്. അങ്ങനെയുള്ള ഒരു സ്ഥിതിയിൽ സാമൂഹ്യപ്രസ്ഥാനങ്ങളുമായും സാംസ്ക്കാരിക പ്രസ്ഥാനങ്ങളുമായും ഒത്തൊരുമിച്ച് പ്രവർത്തിച്ചെങ്കിൽ മാത്രമേ സമൂഹത്തിന്റെ പിന്നണിയിൽ കിടക്കുന്ന ആചാരങ്ങളുടേയും അനുഷ്ഠാനങ്ങളുടേയും വേലിക്കെട്ടുകൾക്കുള്ളിൽപെട്ട് അങ്ങേയറ്റം ക്ലേശമനുഭവിക്കുന്ന സമൂഹത്തിലെ സ്ത്രീകളെ ഉയർത്തുവാനും അവരെ സമത്വത്തോടുകൂടി കാണുവാനും അത്തരത്തിൽ കാര്യങ്ങൾ കൈകാര്യം ചെയ്യുവാനുമുള്ള ഒരു അവബോധം സമൂഹത്തിലുണ്ടാവുകയുള്ളൂ. അതിൽ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും സാംസ്ക്കാരിക

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്ഥാനങ്ങൾക്കും സാമൂഹ്യ സംഘടനകൾക്കും നിർണ്ണായകമായ പങ്കുണ്ട്. അതെല്ലാം കൂടി കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള ഒരു മുന്നേറ ത്തിൽ കൂടി മാത്രമേ സ്ത്രീകൾ ഇന്നനുഭവിക്കുന്ന ഈ ദുഃസ്ഥിതിക്ക് പരിഹാരമുണ്ടാക്കാൻ കഴിയുകയുള്ളു. നിർഭാഗ്യവശാൽ ചില ലോബി കളുടെ സമ്മർദ്ദങ്ങൾക്ക് വിധേയമായി നമ്മുടെ ഭരണം നിലനിർത്തുവാ നുള്ള വ്യഗ്രതയിൽ സ്ത്രീകളെ പീഡിപ്പിക്കുന്ന നിയമ നിർമ്മാണങ്ങൾക്കു പോലും സാക്ഷ്യം വഹിച്ചിട്ടുണ്ട് നമ്മുടെ ഇൻഡ്യൻ പാർലമെൻറ് എന്ന ദയനീയ സ്ഥിതിയിലാണ് ഇന്ന് ചെന്നുനിൽക്കുന്നത്. ഇത് രാഷ്ട്രീയ വിദ്വേഷം കൊണ്ടല്ല പറയുന്നത്, സ്ത്രീകൾ അപമാനിക്ക പ്പെടരുത്, അവർ അവഗണിക്കപ്പെടരുത് എന്ന ആത്മാർത്ഥമായ ആഗ്രഹമാണ് അത്തരത്തിലുള്ള നിയമ നിർമ്മാണങ്ങളോട് പ്രതിഷേധം ഉയർത്തുന്നതെങ്കിൽ അത് കോൺഗ്രസ് ഗവൺമെൻറോ കമ്മ്യൂണിസ്റ്റ് ഗവൺമെൻറോ ഉള്ള പാർട്ടികളുടെ രാഷ്ട്രീയ നീക്കത്തിലേക്ക് അതിനെ കാണേണ്ടതില്ല. ഏത് ഗവൺമെൻറാണെങ്കിലും ഇത്തരം നിയമ നിർമ്മാണങ്ങൾ നടത്തിയാൽ അതിനെ ചോദ്യം ചെയ്യുവാനുള്ള വിവേകവും ആ നിയമത്തെ തിരുത്തിക്കുവാനുള്ള രാഷ്ട്രീയ ഇച്ഛാശക്തിയും സമൂഹത്തിൽ ഉണ്ടാവുക തന്നെ വേണം. മുസ്ലീം പ്രൊട്ടക്ഷൻ ആക്ടിനെ കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ശബാനു കേസിൻെറ വിധി മുസ്ലീം ജനവിഭാഗങ്ങളിൽ സ്ത്രീകളനുഭവിക്കുന്ന പീഡനങ്ങൾക്ക് അറുതി വരുത്തുവാൻ കഴിയുമായിരുന്നു. കഴിഞ്ഞ ഒന്നുരണ്ടാഴ്ചകൾക്കുമുമ്പ് കൊല്ലം ജില്ലയിലുള്ള തേവലക്കരയിലെ മുസ്ലീം ഓർഫനേജ് ഞാൻ സന്ദർശിക്കുകയുണ്ടായി. സോഷ്യൽ വെൽഫെയർ ബോർഡിൻെറ കീഴിലുള്ള ഓർഫനേജ് കൺട്രോൾ ബോർഡിൽ ഞാനംഗമാണ് എന്നുള്ള നിലയിലാണ് അവിടം സന്ദർശിക്കാൻ അവസരമുണ്ടായത്. വാസ്തവ ത്തിൽ ദുഃഖത്തോടുകൂടിയല്ലാതെ ആ ഓർഫനേജിൽ നിന്ന് പിൻതിരിഞ്ഞു പോരാൻ എനിക്ക് കഴിഞ്ഞില്ല. ആ ഓർഫനേജിൽ ആകെയുള്ള അന്തേവാസികൾ 142 കുട്ടികളാണ്. ഞാൻ അവിടത്തെ സ്ഥിതി കണ്ടിട്ട് ഓരോരുത്തരോടും ചോദിച്ചു. 142-ൽ മുസ്ലീം കുട്ടികളാണ്. അതിലൊ രാളുപോലും അച്ഛൻെറ സ്നേഹവാൽസല്യം അറിഞ്ഞുള്ളവരല്ല. ഞാൻ ആ കുട്ടികളോട് ചോദിച്ചപ്പോൾ വളരെ ചുരുക്കം ചില കുട്ടികളുടെ അച്ഛൻ മാത്രമേ മരിച്ചുപോയതായിട്ടുള്ളു. വാപ്പയില്ലായെന്ന് ചില കുട്ടികൾ മാത്രമേ പറഞ്ഞുള്ളു. ബാക്കി ചിലർ വാപ്പയില്ല, പക്ഷേ ജീവിച്ചിരിപ്പുണ്ട് എന്ന് പറഞ്ഞു. അവർ കളഞ്ഞിട്ടു പോയി. അപ്പോൾ അവരിൽ വിരലിലെണ്ണാവുന്ന കുട്ടികൾക്കു മാത്രമേ ഈ ഭൂമുഖത്ത് അവരുടെ വാപ്പ ജീവിച്ചിരിക്കാതെയുള്ളു. ബാക്കിയുള്ളവരുടെയെല്ലാം വാപ്പമാർ ഈ ഭൂമുഖത്ത് ജീവിച്ചിരിക്കുന്നുവെങ്കിൽ അച്ഛൻെറ വാൽസല്യം എന്തെന്നറിയാതെ ഓർഫനേജുകളിൽ ആ കുട്ടികൾക്ക് ജീവിക്കേണ്ടി വരുന്ന സാഹചര്യത്തിന് അറുതി വരുത്തണമെന്ന് മനുഷ്യ സ്നേഹമുള്ള ആരെങ്കിലും ഉന്നയിച്ചുപോയാൽ അത് തെറ്റാണ്, അതാരെയെങ്കിലും കുറ്റപ്പെടുത്തലാണ് എന്നു പറയാൻ കഴിയുമോ സർ? ശബാനു കേസിൻെറ വിധി സ്വന്തം കുട്ടികൾക്ക്, പിതാവ് കളഞ്ഞിട്ടു പോയാൽ ചെലവിനു കൊടുക്കാനുള്ള ബാദ്ധ്യത നേടിയെടുക്കാനുള്ള തായിരുന്നു. എന്താണ് നമ്മുടെ രാജ്യത്ത് സംഭവിച്ചത്? ആ വിധി വന്നതോടുകൂടി ഒരു വിഭാഗമാളുകൾ ഇളകി മറിഞ്ഞ് ഡൽഹിയുടെ തെരുവീഥികളിൽ പോലും ജാഥ നടത്തിക്കൊണ്ട് അന്നധികാരത്തിലിരുന്ന ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തി ആ ശബാനു കേസ് വഴി നേടിയെടുത്ത വിധിയെ കാറ്റിൽ പറത്തുന്ന ഒരു നിയമ നിർമ്മാണം

LIBRARY ARCHIVES Kerala Legislative Assembly

നടത്തുവാൻ ഇൻഡ്യൻ പാർലമെന്റ് സാക്ഷ്യം വഹിച്ചുവെന്നു പറഞ്ഞാൽ മനഃസാക്ഷിയുള്ളവർക്ക് അതിനെ ചോദ്യം ചെയ്യാതിരിക്കാൻ കഴിയുമോ? അത് ഏത് വിഭാഗത്തിൽപ്പെട്ടവരോ ആയിക്കൊള്ളട്ടെ.

ശ്രീ. ഇസ്ഹാക് കുരിക്കൾ: സർ, ശബാനുകേസിൽ രാജീവ്ഗാന്ധി കൊണ്ടുവന്ന ശരിഅത്ത് നിയമഭേദഗതിയാണ് ഇന്ന് സഹോദരിമാർക്ക് ഏറ്റവുമധികം സുരക്ഷിതത്വമുള്ളത് എന്നറിയാമോ? കാരണം പണ്ടു കാലങ്ങളിൽ 25 രൂപയ്ക്കും 75 രൂപയ്ക്കും വേണ്ടി ഭർത്താക്കൻമാരുടെ മുമ്പിൽ പോകേണ്ടിയിരുന്ന സഹോദരിമാർക്ക് ഇന്ന് കോടതി മൂലം അമ്പതിനായിരവും ഒരു ലക്ഷവും നഷ്ടപരിഹാരം കൊടുക്കണമെന്ന ഇസ്ലാമിന്റെ വിധി—ശരിഅത്ത് നിയമം ഈ രാജ്യത്ത് നടപ്പിലാക്കിയപ്പോഴ ഇന്ന് മൊഴി ചൊല്ലലും അതുപോലെതന്നെ സഹോദരിമാർക്ക് സംരക്ഷണവും ആ ബില്ലിലൂടെ മുസ്ലീം സമുദായത്തിനുണ്ടായിട്ടുണ്ട് എന്ന് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: ഞാനൊന്നു ചോദിച്ചുകൊള്ളട്ടെ. വഖഫ് ബോർഡ് ആണല്ലോ കാശ് കൊടുക്കണമെന്ന് വിസ്തരിക്കുന്നത്. സ്വന്തം കുട്ടികൾക്ക് ചെലവിനു കൊടുക്കാൻ നട്ടെല്ലില്ലാത്തവർ എന്തിനാണ് ഈ കുട്ടികളെ സൃഷ്ടിക്കുന്നത്. അത് ചോദിച്ചാൽ സ്വന്തം കുട്ടികൾക്ക് ചെലവിനുകൊടുക്കാൻ കഴിവില്ലാത്തവർക്ക് വഖഫ് ബോർഡ് ചെലവിനു കൊടുക്കണമോ? എന്നാൽ സ്വന്തമായിട്ടു തന്നെ 50,000 രൂപ കൊടുക്കണം. തുകയല്ല ഇവിടെ പ്രശ്നം. സ്വന്തം കുട്ടികൾക്ക് ചെലവിനു കൊടുക്കാൻ തന്റേടമില്ലാത്തവർ കുട്ടികളെ സൃഷ്ടിക്കരുതെന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. ഇസ്ഹാക് കുരിക്കൾ: കുട്ടികൾക്ക് ചെലവിനു കൊടുക്കേണ്ടത് അവരുടെ തന്തമാർ തന്നെ. അതിന് യാതൊരു സംശയവുമില്ല. പക്ഷേ ബഹുമാനപ്പെട്ട മെമ്പർ സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. വഖഫ് ബോർഡല്ല പണം കൊടുക്കേണ്ടത്. മൊഴി ചൊല്ലിയ ഭർത്താവാണ് ആ കുട്ടിക്കും ആ സഹോദരിക്കും ചെലവിനു കൊടുക്കേണ്ടത് എന്ന ആ ഭേദഗതി ഇൻഡ്യാ രാജ്യത്ത് നടപ്പാക്കിയപ്പോഴ ഇന്ന് വിവാഹ മോചനം കുറഞ്ഞിട്ടുണ്ട്. ഇന്ന് ഈ നിയമത്തിന്റെ ആനുകൂല്യമില്ലാത്ത മറ്റു വിഭാഗങ്ങളിലാണ് വിവാഹമോചനം നടക്കുന്നത്. വഖഫ് ബോർഡ് എവിടെയും കൊടുക്കണമെന്ന് പറഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ കാണിച്ചുതരികയാണെങ്കിൽ അതുപോലെ ഞങ്ങളും ചെയ്യാൻ തയ്യാറാണ്.

ശ്രീ. എം. ജെ. സക്കറിയ സേട്ട്: ബഹുമാനപ്പെട്ട മെമ്പർ ഒരു പ്രത്യേക സമുദായക്കാരെ എടുത്ത് ആക്ഷേപിക്കാനുള്ള ശ്രമമാണ് പ്രസംഗത്തിലുട നീളം കാണിച്ചിട്ടുള്ളത്. ശബാനുകേസിന്റെ വിധിയെ സംബന്ധിച്ച് വളരെ വ്യക്തമായി എല്ലാവർക്കുമറിയാം. മുസ്ലീം സ്ത്രീക്ക് ജീവനാംശം കൊടുക്കേണ്ട എന്ന അഭിപ്രായം ഇസ്ലാമിലില്ല. പക്ഷേ ഖുർആന്റെ ചില വാചകങ്ങളം ദുർവ്യാഖ്യാനം ചെയ്ത തെറ്റായ അർത്ഥം കൽപ്പിച്ച് കൊണ്ടുവന്ന ഒരു വിധിയെയാണ് ഇൻഡ്യയിലെ മുസ്ലിമിങ്ങളം ഒന്നടങ്കം സംഘടിതമായി, ശാഖാപരമായ ഭിന്നതകളം ഇല്ലാതെ എതിർത്തത്. അതിന നുസൃതമായ ഒരു നിയമ നിർമ്മാണം അനിവാര്യമാണ് എന്ന് കേന്ദ്രഗവൺമെന്റിനു ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഒരു നിയമം കൊണ്ടുവരികയും ആ നിയമത്തിന്റെ ആനുകൂല്യം വളരെ നിഷ്കർഷയോടുകൂടി നടപ്പിലാക്കുകയും ചെയ്തു. മുൻകാലങ്ങളിൽ 100 രൂപയും 125 രൂപയും

LIBRARY ARCHIVES Kerala Legislative Assembly

അവകാശം കിട്ടാൻവേണ്ടി കോടതികളെ സമീപിച്ചിരുന്ന സാഹചര്യത്തിനു് മാറ്റമുണ്ടാവുകയും അവർക്കു് ജീവനാംശം മൊത്തപ്പടി കൊടുക്കണമെന്നു് തീരുമാനിക്കുകയും ചെയ്തു. ''മാതാഹുവ അംറുൻ ബിൽമഉ്റൂഫ് ഹുദൻ അലൽ മുത്തഖീൻ'' എന്ന ഖുർ ആൻ വാക്യത്തിനു് തെറ്റായ അർത്ഥം കൊടുക്കുന്നതാണു് ഈ പ്രമാദമായ വാക്കിനു് അടിസ്ഥാനപരമായ കാരണം. അതല്ലാതെ ഇസ്ലാം, സ്ത്രീക്കു് സ്വാതന്ത്ര്യം കൊടുക്കുന്നതിനു് എതിരാണെന്നു് പറയാൻ പാടില്ല. പെൺകുട്ടികളെ ജനിച്ചാൽ കൂട്ടക്കൊല ചെയ്തിരുന്ന സാഹചര്യത്തിനെതിരായി വിപ്ലവകരമായ പോരാട്ടം നടത്തിയതു് ഇസ്ലാമാണു്.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: ആദ്യം മെമ്പർ പറഞ്ഞതു് തിരുത്തണമെന്നാണു് എനിക്കു് പറയുവാനുള്ളതു്. ചില സമുദായങ്ങളെ മനഃപൂർവം ആക്ഷേപിക്കാൻ ഒരുദ്ദേശവുമില്ല. എന്റെ ഉദ്ദേശശുദ്ധിയെ മെമ്പർ ചോദ്യം ചെയ്യരുതു് എന്നാണു് എനിക്കു് പറയുവാനുള്ളതു്. ക്രിസ്ത്യാനി ആയാലും മുസ്ലീം ആയാലും പെണ്ണിനെ വിവേചിച്ചു നിർത്തുന്ന നിയമനിർമ്മാണം വന്നാൽ അതിനെ ചോദ്യം ചെയ്യുന്നതു് മനുഷ്യജീവിക്കുള്ള അവകാശമായിട്ടാണു് കാണുന്നതു്. ഇപ്പോൾ ക്രിസ്ത്യാനികൾക്കുണ്ടു്. ക്രിസ്ത്യാനികളുടെ പിൻതുടർച്ചാവകാശനിയമം തിരുവിതാംകൂറിൽ നിലവിലുണ്ടു്. ആൺകുട്ടികളെപ്പോലെ പെൺകുട്ടികൾക്കും അവകാശമില്ല. അതിനെ ചോദ്യം ചെയ്താൽ ക്രിസ്ത്യാനികളോടു് വിരോധം തോന്നിയിട്ടാണെന്നു് ആരെങ്കിലും വ്യാഖ്യാനിച്ചു പോയാൽ അതു് വിഡ്ഢിത്തം മാത്രമാണു് എന്നാണെനിക്കു് പറയുവാനുള്ളതു്. മുസ്ലീം വിഭാഗത്തോടുള്ള വിവേചനമല്ല അതു്.

ശ്രീ. സി. പി. കുഞ്ഞു്: സർ, ശരിഅത്തു് പ്രശ്നം മുസ്ലീം ലീഗുകാർ ഉയർത്തിപ്പിടിച്ചുകൊണ്ടു് വന്നപ്പോൾ, ഇവിടെ സേട്ടു് പറഞ്ഞു കുഞ്ഞിനു് അറിയാമെന്നൊക്കെ. എനിക്കും ശ്രീ. ഹംസക്കുമൊക്കെ നന്നായിട്ടറിയാം. പക്ഷേ അന്നു് മുസ്ലീം ലീഗിന്റെ നേതൃത്വത്തിൽ ഉയർത്തിക്കൊണ്ടുവന്ന ഒരു മുദ്രാവാക്യമുണ്ടു്. ''ഒന്നും കെട്ടും രണ്ടും കെട്ടും വേണ്ടിവന്നാൽ അഞ്ചും കെട്ടും. അഞ്ചും കിട്ടിയാൽ മൊഴിയും ചൊല്ലു'' മെന്ന മുദ്രാവാക്യം. ശ്രീ. സേട്ടുവും കുരിക്കളുമടക്കമുള്ളവർ നേതൃത്വം കൊടുത്ത ജാഥയിൽ വിളിച്ചതാണു്. ഞങ്ങളൊക്കെ കേട്ടതാണു്. ഇതു് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ? സ്ത്രീകളെ അടിമകളെപ്പോലെ കൊണ്ടുനടന്നു എന്നുള്ളതിനു് തെളിവല്ലേ അതു്?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: ശ്രീ. സി. പി. കുഞ്ഞു് പറഞ്ഞതു് ശബാനു കേസിന്റെ വിധി വന്നപ്പോൾ അതിനെതിരായി ഒരു സമൂഹം

....

ശ്രീ. ഇസ്ഹാക്കു് കുരിക്കൾ: സർ, പോയിന്റു് ഓഫു് ഓർഡർ. ഞങ്ങളാരും ഒന്നും കെട്ടും രണ്ടും കെട്ടും എന്നൊന്നും പറഞ്ഞിട്ടില്ല. ഞങ്ങളുടെ മതത്തിൽ നാലുപേരെ വിവാഹം ചെയ്യുവാനുള്ള അവസരം നൽകുന്നുണ്ടു്. അതു് ചെയ്യണമെന്നു് നിർബന്ധിക്കുകയല്ല. സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള, സത്യവിരുദ്ധമായ കാര്യങ്ങൾ പറയാൻ പാടില്ല. .....(ബഹളം)..... അഞ്ചും കെട്ടുമെന്നു് ഞങ്ങൾ വിളിച്ചിട്ടുണ്ടോ? ഇസ്ലാമിക് ശരിഅത്താണു് ഈ ലോകത്തു് നിത്യശാശ്വതമെന്നു് വാദിക്കുന്നവരാണു് ഞങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

അതിനെതിരാണ് കമ്മ്യൂണിസ്റ്റുകാരെന്നു പറഞ്ഞോട്ടെ. ഞങ്ങൾക്ക് വിരോധമില്ല. പക്ഷെ തെറ്റായ രീതിയിൽ ശരിഅത്തിനെയും ഇസ്ലാമിനേയും ഈ സഭയിൽ ആക്ഷേപിക്കുന്നത് അവസാനിപ്പിക്കണം. ഇത് വളരെക്കാലമായി മാർക്സിസ്റ്റുകാർ കൊണ്ടുനടക്കുന്ന ഒരടവാണ്.

ശ്രീമതി ജെ. മേഴ്സിക്കുട്ടിഅമ്മ: ' ബഹുമാനപ്പെട്ട കുരിക്കളുടെ വികാരത്തോട് ഞാൻ യോജിക്കുന്നു. പെണ്ണിനെ അപമാനിക്കരുത്, വഴിയാധാരമാക്കരുത് എന്നാണ് നിങ്ങളുടെ ആഗ്രഹമെങ്കിൽ ആ വികാരത്തോട് എനിക്ക് വിയോജിപ്പില്ല.

ഡപ്യൂട്ടി സ്പീക്കർ: ഏതെങ്കിലും ഒരു വിഭാഗം ജനങ്ങളുടെ വികാരങ്ങളെ വ്രണപ്പെടുത്തത്തക്കവിധം സംസാരിക്കുന്നതല്ല, അങ്ങനെയൊരുദ്ദേശവുമില്ലയെന്ന് ശ്രീമതി മേഴ്സിക്കുട്ടി പറഞ്ഞു കഴിഞ്ഞു.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഞാൻ ഇവിടെ അങ്ങേയറ്റം വ്യക്തമാക്കിയിട്ടുണ്ട്, ഏതെങ്കിലും ഒരു സമുദായത്തോടുള്ള വിദ്വേഷമല്ല ഇവിടെ പ്രകടിപ്പിക്കുന്നത്. ഏത് സമുദായത്തിൽപ്പെട്ടതാണെങ്കിലും വേണ്ടില്ല സ്ത്രീകൾ അനുഭവിക്കുന്ന പീഡനങ്ങൾക്കെതിരായി ഒന്നു ശബ്ദമുയർത്തിപ്പോയാൽ നിങ്ങൾ ഇത്തരത്തിൽ ജാതിയുടേയും മതത്തിന്റേയുമൊക്കെ പുകമറ സൃഷ്ടിച്ച് അതിനെതിരായി ശബ്ദിക്കുന്നത് സ്ത്രീകളോടുള്ള അനീതിയാണെന്നു മാത്രമാണ് എനിക്ക് പറയാനുള്ളത്. ഒന്നുകൂടി എനിക്ക് പറയാനുള്ളത് ശബാനു കേസിന്റെ വിധി സ്ത്രീകളും കുട്ടികളും വഴിയാധാരമാകരുതെന്നു തന്നെയായിരുന്നു. മുസ്ലീം ശരിയത്തിൽ നാലാളെവരെ കെട്ടാമെന്ന് വ്യവസ്ഥയുണ്ടെന്ന് കുരിക്കൾ തന്നെ ഇവിടെ സൂചിപ്പിച്ചു. ഞാൻ മനസ്സിലാക്കിയിട്ടുള്ളത് ഏത് ആണിനും നാലാളെ കെട്ടാനുള്ള വ്യവസ്ഥയൊന്നുമില്ല. അതിന് സാമ്പത്തികശേഷിയുള്ളവർ സ്ത്രീകളെ വഴിയാധാരമാക്കപ്പെടരുതെന്നായിരുന്നു അതിന്റെ പിന്നിലുള്ള ഉദ്ദേശം. അന്ന് മഹാനായ നബി അത്തരത്തിലൊരു വ്യവസ്ഥ കൊണ്ടുവന്നത് യുദ്ധത്തിൽ പുരുഷൻമാരാകെ മരണപ്പെട്ടപ്പോൾ സ്ത്രീകളാകെ വഴിയാധാരമായി. അത്തരത്തിൽ സ്ത്രീകളും കുട്ടികളും അലഞ്ഞുതിരിയാനിടയാകരുതെന്ന മാനുഷികസ്നേഹമായിരുന്നു മഹാനായ നബിയെക്കൊണ്ട് ഒന്നിന് നാലാളെ കെട്ടാമെന്ന വ്യവസ്ഥ ചെയ്യിച്ചത്. ഇന്നിപ്പോൾ നിർഭാഗ്യവശാൽ ഒരു ചില്ലിക്കാശിന്റെ പോക്കുപോലുമില്ലെങ്കിലും ശരിയത്ത് എന്ന് പറഞ്ഞു നാലാളെ കെട്ടി മൊഴിചൊല്ലി വഴിയാധാരമാക്കുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തിയാൽ അതിനൊരുതി വരുത്തണമെന്ന് പറഞ്ഞുപോയാൽ അത് ഏതെങ്കിലും സമുദായത്തോടുള്ള വെല്ലുവിളിയാണോ? അല്ലയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എനിക്ക് ഈ സഭയിലിരിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങളോട് പറയുവാനുള്ളത് ഒരു മതത്തോടും ഒരു ജാതിയോടും ഒരു സമുദായത്തോടും അത്തരത്തിൽ വിദ്വേഷം വെച്ചു പുലർത്തുന്നവരല്ല കമ്മ്യൂണിസ്റ്റുകാർ. അത്തരമൊരു കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ എളിയ പ്രവർത്തകയെന്ന നിലയിൽ ഈ രാജ്യത്തെ ഏതൊരു സമുദായത്തോടും ഞങ്ങൾക്ക് വിദ്വേഷമില്ല. മറിച്ച് അവരുടെ വിശ്വാസങ്ങൾ പാലിക്കുന്നതിനും അവർക്കെല്ലാ അവകാശവും സംരക്ഷിക്കുവാൻ മുന്നിട്ടു നിൽക്കുന്ന ഒരു പ്രസ്ഥാനത്തിന്റെ പ്രതിനിധികൂടിയാണ് ഞാൻ. ആ അവകാശം മറ്റുള്ളവരുടെ അവകാശങ്ങളെ ചോദ്യം ചെയ്യുന്നതരത്തിലേക്ക് കാര്യങ്ങൾ കൊണ്ടെത്തിച്ചാൽ അത് തെറ്റാണെന്ന് പറയു

LIBRARY ARCHIVES Kerala Legislative Assembly

വാനുള്ള ചങ്കൂറ്റവും ഞങ്ങൾ കാട്ടാറുണ്ട്. മുസ്ലീം പ്രൊട്ടക്ഷനാക്ടായാലും വേണ്ടില്ല, എന്ത് ആക്ടായാലും വേണ്ടില്ല കുട്ടികൾക്ക് ചെലവിന് കൊടുക്കാൻ ബാദ്ധ്യതയില്ലെന്നുവന്നാൽ അങ്ങേയറ്റം അരക്ഷിതാവസ്ഥയാണ് നാട്ടിൽ ഉണ്ടാകുന്നത്. ഓർഫനേജുകളിൽ ഞാൻ കണ്ടെത്തിയ കൊച്ചുകുട്ടികളുടെ കണ്ണീർ നിഴലിച്ച ദുഃഖമെന്ന സത്യം ഈ സഭയിലൊന്നു പറഞ്ഞുപോയാൽ അത് ഏതെങ്കിലും സമുദായത്തോടുള്ള വിദ്വേഷമാണെന്ന് ആരെങ്കിലും തെറ്റിദ്ധരിച്ചു പോയിട്ടുണ്ടെങ്കിൽ ആ തെറ്റിദ്ധാരണ അരുതെന്നാണ് എനിക്ക് നിങ്ങളോട് വിനയപൂർവം പറയാനുള്ളത്. തിരുവിതാംകൂറിൽ ക്രിസ്ത്യാനികളുടെ ഇടയിൽ ഒരു നിയമമുണ്ട്. പെൺകുട്ടികൾക്ക് ആൺകുട്ടികളെപ്പോലെ അച്ഛന്റെ സ്വത്തിൽ അവകാശമില്ല. പെൺകുട്ടികളുടെ ആ അവകാശം നേടിയെടുക്കാൻ കോട്ടയത്തുകാരി ''മേരിറോയിക്ക്'' സുപ്രീം കോടതിവരെ പോകേണ്ടിവന്നു. ഇത്തരം ഒരു വിധി ആർജ്ജിച്ചപ്പോൾ സഭയിലെ പുരോഹിതൻമാർ പറയുന്നത് കുടുംബകലഹമുണ്ടാക്കാൻവേണ്ടി ആവശ്യമില്ലാണ്ട് കേസ് കൊടുത്ത് വിധിയും സമ്പാദിച്ച് സമൂഹത്തിൽ കുഴപ്പമുണ്ടാക്കരുതെന്നാണ്. പെണ്ണിന്റെ ന്യായമായ അവകാശങ്ങൾ ചോദിച്ചുപോയാൽ അത് സമൂഹത്തിൽ കുഴപ്പമുണ്ടാക്കലാണ്. അവളുടെ ന്യായമായ അവകാശം നിഷേധിക്കുമ്പോൾ പഞ്ചപുച്ഛമടക്കി അത് ശരിയാണെന്ന് പറഞ്ഞാൽ സമൂഹം സുസ്ഥിരമായി പോകുമെന്നാണ് ഇവരുടെ അഭിപ്രായം. അതിനെയാണ് ഞങ്ങൾ ചോദ്യം ചെയ്യുന്നത്. ഏത് സമുദായത്തിലാണെങ്കിലും വേണ്ടില്ല ഞങ്ങൾ പറഞ്ഞത് നൂറ്റാണ്ടുകളായി ഉള്ള ആചാരങ്ങളുടേയും അനുഷ്ഠാനങ്ങളുടേയും പേരിൽ ഇത്തരത്തിൽ ചില അനീതികളും അരാജകത്വവും നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. പെണ്ണിനെതിരായിട്ടുള്ളതാണ് ഇത്തരം നിയമനിർമ്മാണങ്ങളെന്നതാണ് ഏറെ ദുഃഖിപ്പിക്കുന്ന വസ്തുത: അതിനു മാറ്റമുണ്ടാക്കുവാൻ പെണ്ണിനെ മാത്രമായി രണ്ടാംതരമായി കണ്ടുകൊണ്ട് അവർക്ക് വേറൊരു തരം നിയമം എന്നുവരുന്നത് സോഷ്യലിസ്റ്റ് സാമൂഹ്യ വ്യവസ്ഥ പടുത്തുയർത്തുവാൻ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പിക്കുന്ന ആ ഉജ്ജ്വലമായ സാമൂഹ്യപ്രവർത്തനത്തിന് സഹായകരമല്ലാത്തതുകൊണ്ടാണ് സ്ത്രീയെ പുരുഷനോടൊപ്പം ഉയർത്തിക്കൊണ്ടുവരുവാൻ സാമൂഹ്യതുല്യതയെന്ന പദവി ഉറപ്പുക്കുന്നതിന് സഹായകരമായ നിയമനിർമ്മാണം പോരാ. അത് നടത്തുവാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി അനിവാര്യമാണെന്ന് സൂചിപ്പിച്ചത്.

ഖാദി മേഖല സ്ത്രീകൾ കൂടുതൽ പണിയെടുക്കുന്ന ഒന്നാണ്. ഖാദി മേഖലയിലെ സേവന-വേതന വ്യവസ്ഥകൾ എത്ര ലജ്ജിപ്പിക്കുന്ന തരത്തിലായിരുന്നു.....കേരളത്തിൽ അത്തരത്തിലുണ്ടായിരുന്നുവെന്നത് അത്ഭുതകരമായിരുന്നു. ഇന്ന് ലീവ് വിത്ത് വേജസുണ്ട്, അങ്ങനെ മാറ്റങ്ങൾ വന്നിട്ടുണ്ട്. മഹാത്മാഗാന്ധി തുടങ്ങിയ പ്രസ്ഥാനമാണ്. തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണുവാനും, സ്വയം തൊഴിൽ കണ്ടെത്തുവാനും സാമൂഹ്യ പുരോഗതിയുടെ അടിത്തറയായി ഖാദി പ്രസ്ഥാനം തുടങ്ങിയെങ്കിൽ ആ മേഖലയിൽ പണിയെടുക്കുന്ന സ്ത്രീകൾക്ക് ശമ്പളത്തിന്റെ കാര്യത്തിലും ലീവിന്റെ കാര്യത്തിലും ഇത്രമാത്രം വിവേചനം ഉണ്ടായിരുന്ന മേഖല വേറെയുണ്ടായിരുന്നില്ല. ഒരു പെൺകുട്ടി അവൾ വിവാഹം കഴിക്കുന്ന ദിവസമാണെങ്കിൽപോലും അവൾക്ക് ശമ്പളത്തോടുകൂടിയുള്ള ലീവില്ലയെന്നതായിരുന്നു 1987-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വരുംവരെ ഉണ്ടായിരുന്ന സ്ഥിതി. അതിനൊരു മാറ്റമുണ്ടാക്കിയത് ബഹുമാനപ്പെട്ട ഗൗരിയമ്മയാണ്. ഖാദി മേഖലയിൽ പണിയെടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

സ്ത്രീകൾക്ക് 15 ദിവസത്തോളം അവധി ദിനങ്ങൾ ശമ്പളത്തോടുകൂടി കൊടുക്കുവാനും അവരുടെ ശമ്പളവർദ്ധനവിനുവേണ്ടി ശ്രമിച്ചതും ഈ ഗവൺമെൻറാണെന്നത് അഭിമാനപൂർവ്വം ഞാൻ ഓർക്കുകയാണ്. കയർ മേഖലയിലാണെങ്കിലും കശുവണ്ടി മേഖലയിലാണെങ്കിലും, കാർഷിക മേഖലയിലാണെങ്കിലും—സ്ത്രീകൾ പണിയെടുക്കുന്ന മേഖലയിൽ—സ്ത്രീകൾക്കൊരു കൂലി, പുരുഷൻമാർക്കൊരു കൂലി, അങ്ങനെ, സ്ത്രീകളെയും പുരുഷൻമാരെയും രണ്ടായി കാണുന്നു.

സർ, പി. ആർ ടി. യിൽ നടക്കുന്ന വിവേചനം പറഞ്ഞറിയിക്കാൻ ആവാത്തതാണ്. സ്ത്രീയായി പോയതിൻെറ പേരിൽ മാത്രം അനുഭവിക്കേണ്ടിവരുന്ന പീഡനങ്ങൾക്ക് അറുതി ഉണ്ടാക്കുവാൻ സ്ത്രീകൾക്ക് കോടതിയിൽ പോയാൽ കോടതികളുടെ അനന്തമായ നൂലാമാലകളിൽപ്പെട്ട് അവരുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടാത്ത സ്ഥിതിയാണുണ്ടായിരുന്നതെങ്കിൽ അതിനൊരു വ്യത്യാസം ഉണ്ടാകുവാൻ ഇന്ന് നമ്മുടെ നിയമസഭയിൽ അവതരിപ്പിച്ചിരിക്കുന്ന സെലക്ട് കമ്മിറ്റി റിപ്പോർട്ട് ഏറെ സഹായിക്കുമെന്ന കാര്യത്തിൽ തർക്കമൊന്നുമില്ല. അവിടെ ഏതെങ്കിലും ഒരു രാഷ്ട്രീയത്തിൻെറ നിറമോ ഏതെങ്കിലും ഒരു സമുദായത്തിൻെറ നിറമോ അല്ല നോക്കേണ്ടത്. സ്ത്രീകൾ ഏത് മേഖലയിൽ പീഡിപ്പിക്കപ്പെട്ടാലും അതിനെ ചോദ്യം ചെയ്യുവാനും അവർ നമ്മുടെ സഹോദരിമാരാണെന്നും നമ്മളോടൊപ്പം നിൽക്കേണ്ടവരാണെന്നും, സാമൂഹ്യ പുരോഗതിയുടെ നിർണ്ണായകമായ ഭാഗമാണെന്നും, സമൂഹത്തിൻെറ പകുതിയോളം വരുന്നവരെ അത്തരത്തിൽ സംഘടിപ്പിച്ചുകൊണ്ടല്ലാതെ നാമൊക്കെ സ്വപ്നം കാണുന്ന സോഷ്യലിസ്റ്റ് സാമൂഹ്യ വ്യവസ്ഥ ഈ രാജ്യത്ത് പടുത്തുയർത്തുകയെന്നത് നമുക്ക് ചിന്തിക്കാൻപോലും കഴിയാത്ത കാര്യമാണെന്നുമുള്ള അർത്ഥത്തിൽ എല്ലാ സാമുദായിക ചിന്തകൾക്കും, എല്ലാ കക്ഷി രാഷ്ട്രീയ ചിന്തകൾക്കും അതീതമായി സ്ത്രീകളുടെ പദവി സംരക്ഷിക്കുവാൻ അവരെ സഹോദരിമാരെപ്പോലെ കാണുവാൻ അവർ എവിടെവിടെ പീഡിപ്പിക്കപ്പെട്ടാലും അതിനെ ചോദ്യം ചെയ്യുവാനും അതിനറുതി വരുത്തുവാനും, അവരെ സംരക്ഷിക്കുവാനും കഴിയുന്ന തരത്തിലേയ്ക്കൊരു നിയമനിർമ്മാണമാണ് ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. ആ കമ്മീഷനിൽ വരുന്ന അംഗങ്ങൾ അത്തരത്തിൽ വിവേചനത്തോടുകൂടി കാണുന്നവരാകരുത്. നമ്മൾ ഇത്ര വാചാലമായി പറയുമ്പോൾ സ്ത്രീകൾ വിശാലമായി ഈ കാര്യങ്ങളെ കണ്ടുകൊണ്ട് സ്ത്രീ സമൂഹത്തെ ആകെ ഉയർത്തിയെടുക്കുന്നതിൽ നേതൃത്വം കൊടുക്കാൻ പലപ്പോഴും പുരുഷൻമാർ പ്രവർത്തിക്കുന്ന മേഖലകളെപ്പോലെ ചില പ്പോഴെങ്കിലും സ്ത്രീകൾക്ക് കഴിയാതെ പോയിട്ടുണ്ട്. അത് അവരുടെ സങ്കുചിതമായ ഭാവം കൊണ്ടാണ്. ആവശ്യമില്ലാത്ത പ്രശ്നങ്ങൾ ഉണ്ടാക്കാതെ വേണ്ട കാര്യങ്ങൾക്ക് വേണ്ട ശ്രദ്ധകൊടുക്കാൻ കഴിയാത്ത തരത്തിലേക്ക് കാര്യങ്ങൾ പോകുന്നുണ്ടെങ്കിൽ അതിന് മാറ്റമുണ്ടാക്കാൻ കഴിയുന്ന തരത്തിൽ വിശാലമനസ്സും, കാര്യങ്ങൾ വിവേകത്തോടുകൂടി കാണുവാൻ കഴിയുന്ന സ്ത്രീകളുമായിരിക്കണം ഈ കമ്മീഷനിൽ അംഗങ്ങളായി വരേണ്ടത്.

ചെയർപേഴ്സൺ സ്ത്രീ ആയിരിക്കണമെന്ന് നിർബന്ധിക്കുമ്പോൾതന്നെ ശ്രീ. കെ. വി. സുരേന്ദ്രനാഥ് സൂചിപ്പിച്ചതുപോലെ കമ്മീഷനിലെ എല്ലാ അംഗങ്ങളും സ്ത്രീകളായിരിക്കണമെന്ന് നിർബന്ധമില്ല, സ്ത്രീയും പുരുഷനും കൂട്ടായി പ്രവർത്തിച്ചെങ്കിൽ മാത്രമേ സ്ത്രീകളുടെ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണാൻ സാധിക്കൂ എന്ന് വിശ്വസിക്കുന്ന ഒരു പ്രസ്ഥാനത്തിലെ എളിയ പ്രവർത്തകയാണ് ഞാൻ.

LIBRARY ARCHIVES Kerala Legislative Assembly

സ്ത്രീകളുടെ പദവിയെ സംരക്ഷിക്കുന്നതിന് പുരുഷൻമാർ അനിവാര്യ മാണെന്നുള്ളതുകൊണ്ട് അത്തരത്തിൽ ചിന്തിക്കുന്ന പുരുഷൻമാർകൂടി ഈ കമ്മീഷനിൽ അംഗങ്ങളാകുന്നതാണ് നല്ലത്. സ്ത്രീകൾ ഇന്ന് അനുഭവിക്കുന്ന ദുഃസ്ഥിതിയ്ക്ക് പരിഹാരം ഉണ്ടാക്കാൻ കഴിയുന്ന കാര്യങ്ങൾ തുറന്ന് ചർച്ച ചെയ്യാൻ കഴിയുന്ന, പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ ആവശ്യമായ നിയമ നടപടികൾ - സ്വീകരി ക്കാൻ, അത് പ്രയോഗത്തിൽ വരുത്താൻ, അതിനിടയിൽ വരുന്ന നൂലാമാലകളെ അതിജീവിക്കാൻ കഴിയുന്ന, ഇച്ഛാശക്തിയോടുകൂടി പ്രവർത്തിക്കുന്നവരായിരിക്കണം ഈ കമ്മീഷനിലെ അംഗങ്ങൾ. നൂറ്റാണ്ടു കളായി നമ്മുടെ ഭാരതത്തിൽ നിലനിൽക്കുന്ന ആചാരങ്ങളേയും അനുഷ്ഠാ നങ്ങളേയും പൊട്ടിച്ചെറിഞ്ഞുകൊണ്ടുമാത്രമേ വനിതാകമ്മീഷന് മുന്നേറാൻ കഴിയുകയുള്ളു. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടേയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടേയും സാംസ്ക്കാരിക പ്രസ്ഥാനങ്ങളുടേയും സാമുദായിക പ്രസ്ഥാനങ്ങളുടേയും എല്ലാം അകമഴിഞ്ഞ സഹായ സഹ കരണത്തോടുകൂടി മാത്രമേ ഈ കമ്മീഷന് മുന്നോട്ടു പോകാൻ കഴിയൂ. അത്തരമൊരു സഹകരണം ഉറപ്പാക്കിക്കൊണ്ടുള്ള സമീപനമാണ് നമുക്ക് വേണ്ടത് എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനി പ്പിക്കുന്നു.

ശ്രീ. ബാബു ദിവാകരൻ: സർ, ഞാൻ വളരെ സന്തോഷപൂർവ്വമാണ് ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് സാമൂഹ്യമാറ്റത്തിന് നാന്ദികുറിച്ച ഭൂപരിഷ്കരണ ബില്ലിന് നേതൃത്വം കൊടുത്ത ശ്രീമതി ഗൗരി അമ്മ തന്നെ മറ്റൊരു സാമൂഹ്യപരിവർത്തനത്തി നുള്ള തുടക്കം കുറിക്കുന്ന വനിതാ കമ്മീഷൻ ബില്ലിന് നേതൃത്വം കൊടു ത്തിരിക്കുന്നു എന്നുള്ളത് ഏറ്റവും സന്തോഷകരമായ കാര്യമാണ്. ഈ ബിൽ ശ്രീമതി ഗൗരിയമ്മയുടെ തൊപ്പിയിലെ മറ്റൊരു തിളക്കമുള്ള തൂവലായി മാറട്ടെയെന്ന് ആശംസിക്കുകയാണ്. ഇന്ന് സ്ത്രീകൾ അനുഭവിക്കുന്ന പിന്നോക്കാവസ്ഥയെ സംബന്ധിച്ചിടത്തോളം വളരെ വിശദമായ ചർച്ചകൾ ഇവിടെ നടന്നതുകൊണ്ട് ഞാൻ അതിലേക്ക് പോകുന്നില്ല. ഇതൊരു സാമൂഹ്യ പ്രശ്നമാണ്. സ്ത്രീയെന്നു പറഞ്ഞാൽ ഭാര്യ മാത്രമാണെന്ന് ആരും കാണരുത്. സ്ത്രീയെന്നു പറഞ്ഞാൽ ഭാര്യ മാത്രമാണെന്നു ചിന്തിക്കുന്ന ആ അനൗചിത്യം മാറിയാലേ സാമൂഹ്യപരിവർത്തനം ഉണ്ടാവുകയുള്ളു. അത് നിയമംമൂലം മാറ്റാൻ കഴിയുന്നതല്ല. സാമൂഹ്യപരിവർത്തനത്തിൽകൂടി മാത്രമേ ഇത് മാറ്റാൻ കഴിയു. അതിന് സഹായകരമായ സാഹചര്യങ്ങൾ ഒരുക്കുന്നതിന് വനിതാ കമ്മീഷൻ ബില്ല് നിർണ്ണായകമായ ഘടകമായിരിക്കും. ഈ കമ്മീഷനെ സംബന്ധിച്ച് വളരെയേറെ ചർച്ച ചെയ്യപ്പെട്ടുകഴിഞ്ഞു. ഇതിന് പരിമിതമായ ചില അവകാശങ്ങൾ മാത്രമാണുള്ളത്. ഈ സാമൂഹ്യ വ്യവസ്ഥിതിയിൽ ഈ ബില്ല് പാസ്സാക്കുന്നതുമൂലം വനിതകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രയാസങ്ങൾക്കോ പിന്നോക്കാവസ്ഥയ്ക്കോ പരിഹാരം കാണാമെന്ന് എനിക്ക് അഭിപ്രായമില്ല. സാമൂഹ്യമാറ്റത്തിന് തുടക്കം കുറിയ്ക്കാനും, അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് അധികാരത്തിലിരിക്കുന്ന ഗവൺമെന്റുകളെ പ്രേരിപ്പിക്കുന്നതിനും, ആവശ്യമായ നടപടികൾക്ക് ശുപാർശ ചെയ്യുന്നതിനുള്ള ഒരു അഡൈവസറി ബോഡി എന്നതിൽക്കവിഞ്ഞ് ഈ കമ്മീഷന് മറ്റെന്തെങ്കിലും അധികാര മുണ്ടെന്നു തോന്നുന്നില്ല. എനിക്ക് ബഹുമാനപ്പെട്ട ഗൗരിയമ്മയോട് പറയുവാനുള്ളത്, ഈ കമ്മീഷന് ഇതിനേക്കാൾ കൂടുതൽ അധികാരങ്ങൾ നൽകാൻ കഴിയുമെന്നാണ്. എസ്.സി. എസ്.ടി. കമ്മീഷനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക വിഭാഗത്തിൽ, അതായത് എസ്.സി.എസ്.ടി. വിഭാഗത്തിൽ പെടുന്ന ഇൻഡ്യയിലെ പൗരൻമാരോട് എന്തെങ്കിലും അനീതി കാട്ടിയാൽ അതിനെ ചോദ്യം ചെയ്യുന്നതിനും അവർ ഒരു പരാതിയുമായി കമ്മീഷനെ സമീപിച്ചാൽ ആ പരാതി സസൂക്ഷ്മം പരിശോധിച്ചതിനുശേഷം എസ്.സി.എസ്.ടി. കമ്മീഷൻ പാസ്സാക്കുന്ന വിധി ജുഡീഷ്യൽ ഡിസിഷനാണ്. അത് ഗവൺമെൻറിൽ ബൈൻറിംഗ് ആണ്. പക്ഷെ വനിതാ കമ്മീഷനെ സംബന്ധിച്ചിടത്തോളം അതൊരു അഡ്വൈസറി ബോർഡ് മാത്രമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതു പോര എന്ന അഭിപ്രായക്കാരനാണ് ഞാൻ. അതുപോലെതന്നെ നിയമത്തിൽ എന്തൊക്കെ പരിരക്ഷ നൽകാൻ കഴിഞ്ഞാലും സ്വതന്ത്രമായ പരസ്പര വിശ്വാസത്തിൻെറ അടിസ്ഥാനത്തിൽ തീരുമാനിക്കേണ്ടതും ബഹുമാനിക്കപ്പെടേണ്ടതുമാണ് സ്ത്രീയും പുരുഷനും തമ്മിലുള്ള ബന്ധം. നിയമംമൂലം ഒരു സ്ത്രീയെ ബഹുമാനിക്കാൻ ഒരു പുരുഷനെ പ്രേരിപ്പിക്കാൻ കഴിയുമെന്നു തോന്നുന്നില്ല. അതുപോലെതന്നെ മറെറാരു കാര്യം. സമൂഹത്തിൽ സ്ത്രീകൾ ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന അധഃപതനത്തിന് അല്ലെങ്കിൽ അവരോടുള്ള അവമതിപ്പിനുള്ള പ്രധാന കാരണം അവരുടെ സാമ്പത്തികമായ നിലയാണ്. ഇന്ന് കുടുംബങ്ങളിൽ സാധാരണയായി സ്ത്രീകൾക്ക് പൂർണ്ണമായും പുരുഷൻമാരെ ആശ്രയിച്ചു തന്നെ ജീവിക്കേണ്ടിവരുന്ന സാഹചര്യമാണുള്ളത്. ഇൻഡ്യയിലെ പൊതുവായ സ്ഥിതി പരിശോധിച്ചാൽ, കുടുംബനാഥനെ ആശ്രയിച്ചു മാത്രം സ്ത്രീകൾക്ക് കഴിയേണ്ടിവരുന്നതുകൊണ്ട് എല്ലാ കഷ്ടപ്പാടുകളും സഹിച്ചുകൊണ്ട്, എന്തെല്ലാം വിവേചനം ഉണ്ടായാലും അതെല്ലാം സഹിച്ചുകൊണ്ട് സ്ത്രീകൾക്ക് കഴിഞ്ഞുകൂടേണ്ടിവരുന്നു. അതുകൊണ്ട് സ്ത്രീകളുടെ സാമ്പത്തികനില ഉയർത്തുന്നതിനുള്ള നടപടികൾക്ക് പ്രാധാന്യം കൊടുക്കണം.

ബഹുമാനപ്പെട്ട സുരേന്ദ്രനാഥ് ചൂണ്ടിക്കാണിച്ചതുപോലെ കശുവണ്ടിത്തൊഴിലാളികൾ; ജോലിയുള്ള കശുവണ്ടിത്തൊഴിലാളികളുടെ കുടുംബങ്ങളിൽ അന്തസ്സായി അവർക്ക് കുടുംബം പുലർത്താൽ കഴിയുന്നുണ്ട്. കശുവണ്ടിത്തൊഴിലാളി കുടുംബങ്ങളിൽ അവരുടെ വരുമാനത്തെ ആശ്രയിച്ചു കഴിയുന്ന കുടുംബങ്ങളും ഉണ്ട്. അവിടെയൊക്കെ സ്ത്രീകൾക്ക് മാന്യമായ സ്ഥാനം തന്നെ ലഭിക്കുന്നുണ്ട്. നമ്മുടെ സമൂഹത്തിൽത്തന്നെ പൊതുവായി പരിശോധിച്ചാൽ. കുടുംബം പുലർത്തുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്ന സ്ത്രീകളെ സംബന്ധിച്ചിടത്തോളം അവർക്ക് ഇതുപോലുള്ള വലിയ പ്രശ്നങ്ങൾ ഉണ്ടാകുമെന്ന് തോന്നുന്നില്ല. സ്ത്രീകളെ സംബന്ധിച്ചിടത്തോളം അവരുടെ സാമ്പത്തികനില ഉയർത്തുന്നതിൽ, അവർക്ക് സ്വന്തം കാലിൽ നിൽക്കാൻ കഴിയുന്ന സാഹചര്യം ഉണ്ടാക്കുന്നതിന് ആവശ്യമായ മാറ്റം സമൂഹത്തിൽ വരുത്തണം. ഈ കമ്മീഷനെ സംബന്ധിച്ചിടത്തോളം അവർ ഇതു സംബന്ധിച്ച് പരിശോധിക്കണം. അഖിലേന്ത്യാ ശരാശരി എടുക്കുമ്പോൾ 53 ശതമാനം വനിതകൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. കേരളത്തിൽ വനിതകളുടെ എണ്ണം കൂടുതലാണ്. ഏതൊക്കെ മേഖലകളിലാണ് ഉദ്യോഗനിയമനത്തിൽ പകുതി അവർക്കുവേണ്ടി നീക്കിവയ്ക്കാൻ കഴിയുന്നതെന്ന് പരിശോധിക്കണം. മറ്റുള്ള റിസർവേഷനുകളെല്ലാം നിൽക്കുമ്പോൾ തന്നെ 50 ശതമാനം സ്ത്രീകൾക്കും 50 ശതമാനം പുരുഷൻമാർക്കും എന്ന് നിലയിൽ ഏതെല്ലാം മേഖലകളിൽ നിയമനം നൽകാൻ കഴിയുമെന്ന് പരിശോധിക്കണം. സ്ത്രീകളുടെ നൻമക്കുവേണ്ടി നമുക്ക് സ്വീകരിക്കാൻ കഴിയുന്ന ഒരു നല്ല കാര്യമായിരിക്കും അത്. അതുപോലെതന്നെ ശ്രീമതി ഗൗരിയമ്മ

LIBRARY ARCHIVES Kerala Legislative Assembly

നേതൃത്വം കൊടുത്ത മറെറാരു സംരംഭം ഉണ്ട്. അത് പ്രാവർത്തികമാക്കണം. അതായത് വനിതാകമ്മീഷന്റെ പ്രവർത്തനങ്ങളെ സഹായിക്കുന്ന ഫാമിലി കോർട്ട്. ഫാമിലി കോർട്ടിനെ സംബന്ധിച്ചിടത്തോളം അത് നടപ്പിലാക്കുന്നതിനുവേണ്ടി ശ്രീമതി ഗൗരിയമ്മ താൽപര്യപൂർവ്വം ശ്രമിച്ചിട്ടുണ്ട്. വനിതാകമ്മീഷന്റെ പ്രവർത്തനങ്ങളെ കുറേക്കൂടി പ്രാവർത്തികമാക്കാൻ സഹായകരമായിരിക്കും ഫാമിലി കോർട്ടിന്റെ പ്രവർത്തനം. അതുകൂടി ഇതോടൊപ്പം നടപ്പിലാക്കാൻ കഴിയണം.

വനിതാകമ്മീഷനിലെ അംഗങ്ങളെ സംബന്ധിച്ചിടത്തോളം പറഞ്ഞു. അതിൽ പുരുഷൻമാരെ വേണമെന്ന് എനിക്ക് അഭിപ്രായമില്ല. സ്ത്രീകൾ മാത്രമായിരുന്നാലും കമ്മീഷൻ പ്രവർത്തിപ്പിക്കുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. പൂർണ്ണമായും വനിതകൾ മാത്രമായ കമ്മീഷനായിരിക്കും. നല്ലത് എന്നാണ് എന്റെ അഭിപ്രായം. ഇതിനകത്ത് സ്ത്രീകളോട് കാണിക്കുന്ന അവഗണനയെക്കുറിച്ച് പരിശോധിക്കുന്നതിനും ആവശ്യമായ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനും ഗവൺമെന്റിനെ അഡ്വൈസ് ചെയ്യുന്നതിനും പുരുഷൻമാരുടെ സഹായം ഉണ്ടെങ്കിൽ മാത്രമേ കഴിയൂ എന്ന, സ്ഥിതി കേരളത്തിലില്ല.

ഡോ. എ. വി. ഐസക്: മനുഷ്യരാശി വളരെ വർഷങ്ങൾ പരുദീസയിൽ യാതൊരു അലട്ടലും കൂടാതെ ജീവിച്ചവരായിരുന്നു. അവർക്ക് ഇന്ന് ഈ സ്ഥിതി വരാൻ എന്താണ് കാരണമെന്ന് അറിയാമോ?

ശ്രീ. ബാബു ദിവാകരൻ: കാരണം എന്താണെന്നും ആരാണെന്നും നമുക്കെല്ലാവർക്കും അറിയാം. എല്ലാ മഹാൻമാരുടെ വളർച്ചയ്ക്ക് പിന്നിലും ഒരു സ്ത്രീ ഉണ്ടെന്നാണ് പറയുന്നത്. അതുപോലെ എല്ലാ മഹദ്വ്യക്തികളുടെ നാശത്തിന്റെ പിന്നിലും ഒരു സ്ത്രീ ഉണ്ടെന്ന് വേണമെങ്കിൽ പറയാം. സ്ത്രീയെന്നു പറഞ്ഞാൽ ഇരുതലമൂർച്ചയുള്ള വാളാണ്. അത് നല്ല നിലയിലും ചീത്തനിലയിലും ഉപയോഗിക്കാൻ കഴിയും.

ഡോ. എ. വി. ഐസക്: കമ്മീഷനിൽ സ്ത്രീകൾ മാത്രം വേണമെന്ന് അങ്ങ് പറഞ്ഞത് ശരിയാണോ?

ശ്രീ. ബാബു ദിവാകരൻ: സ്ത്രീകൾ മാത്രമാകുമ്പോൾ പുരുഷൻമാരുടെ ആവശ്യമില്ലാത്ത ഇടപെടലുകൾ ഒഴിവാക്കാൻ കഴിയും. അതു മാത്രമല്ല കേരളത്തിലെ സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ തീരുമാനമെടുക്കാനുള്ള കഴിവും തന്റേടവും അവർക്കുണ്ട്. ഇൻഡ്യയിലെ പൊതുവായ സ്ഥിതി പരിശോധിക്കുമ്പോൾ കേരളത്തിലെ സ്ത്രീകളെ ഒരു രംഗത്തുനിന്നും മാറ്റി നിറുത്തേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. എല്ലാ രംഗങ്ങളിലും സ്ത്രീകൾ അവരുടെ പ്രാഗൽഭ്യം തെളിയിച്ചു കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾത്തന്നെ നമുക്കറിയാം, ഈ ബില്ല് പൈലറ്റ് ചെയ്യുന്നത് ഒരു വനിതയാണ്. ചെയറിൽ ഇരിക്കുന്നത് ഒരു വനിതയാണ്. ഏതു രംഗത്തു നോക്കിയാലും അവിടെ ഒക്കെ പ്രഗൽഭമതികളായ സ്ത്രീകളെ കാണാൻ കഴിയും. അതുകൊണ്ട് കേരളത്തിൽ ഇന്ന് സ്ത്രീകളെ കണ്ടുപിടിച്ച് കമ്മീഷനിൽ വച്ച് പ്രവർത്തനം നടത്തുന്നതിന് ബുദ്ധിമുട്ട് ഉണ്ടെന്ന് തോന്നുന്നില്ല. അതുകൊണ്ട് ഈ കമ്മീഷനിൽ പുരുഷൻമാരെ ഉൾപ്പെടുത്താൻ പാടില്ലെന്ന അഭിപ്രായമാണ് എനിക്കുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, സ്ത്രീകൾക്ക് സ്വാതന്ത്ര്യം കൊടുക്കണമെന്നു പറയുന്നതോടൊപ്പം അതിലൊക്കെ പുരുഷൻമാരെയുംകൂടി ഉൾപ്പെടുത്തണമെന്നു പറയുന്നതിൽ കാര്യമില്ല. ഇത് പൂർണ്ണമായി വനിതകൾ മാത്രം അടങ്ങുന്ന ഒരു കമ്മീഷൻതന്നെ ആയിരിക്കണം. പരിമിതമായ സാഹചര്യങ്ങളിൽ നിന്നുകൊണ്ട് പ്രവർത്തിക്കാൻ മാത്രമേ ഈ കമ്മീഷനു കഴിയൂ എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ കാര്യങ്ങൾ പരിശോധിക്കാനും എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായാൽ അതിൽ ഇടപെടാനും എന്തുനടപടി എടുക്കണമെന്നുള്ളതിനെ സംബന്ധിച്ച് ഒരു അഡ്വൈസ് ഗവൺമെൻറിന് നൽകാനും കമ്മീഷനു കഴിയണം. ആ അഡ്വൈസ് അല്ലെങ്കിൽ മാൻഡേറ്ററിയായിട്ട് ഗവൺമെൻറ് സ്വീകരിക്കണമെന്നുകൂടി ഇതിൽ വ്യവസ്ഥ ചെയ്യാൻ കഴിയുമോ എന്നുള്ളതിനെ സംബന്ധിച്ച് പരിശോധിക്കണം. ഇപ്പോൾ ഗവൺമെൻറിനെ അഡ്വൈസ് ചെയ്താൽ ഗവൺമെൻറിന് അതു സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യാം. മറ്റ് ഏതെങ്കിലും പബ്ലിക് സെക്ടർ അണ്ടർടേക്കിംഗിൽ സ്ത്രീകളോട് വിവേചനം കാണിക്കുന്നതിനെ സംബന്ധിച്ച് കമ്മീഷൻറെ മുൻപിൽ പരാതി വന്നാൽ ആ കമ്മീഷൻ പരിശോധിച്ച് അത് റിപ്പോർട്ട് ചെയ്താൽ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ് ആണെങ്കിൽ പോലും അത് പൂർണ്ണമായി ഉൾക്കൊള്ളണമെന്നില്ല, നിയമപരമായി അത് നിഷ്കർഷിക്കാൻ ഈ ബില്ലിൽ വ്യവസ്ഥയില്ല. ഇന്ന കോർപ്പറേഷനിൽ അല്ലെങ്കിൽ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗിൽ വിവേചനം നടക്കുന്നു, അത് തിരുത്തണം എന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെൻറിനെ അഡ്വൈസ് ചെയ്യാം. അധികാരത്തിലിരിക്കുന്ന എല്ലാ ഗവൺമെൻറും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെൻറിനെ പോലെ ആകണമെന്നില്ലല്ലോ. ഇവിടെ പലരും സംസാരിച്ചത് ഇങ്ങനെ ഒരു കമ്മീഷൻറെ പോരായ്മകളെക്കുറിച്ചും അതിൻറെ അപാകതകളെക്കുറിച്ചുമാണ്. ഇങ്ങനെയൊരു കമ്മീഷനെക്കുറിച്ച് അവർക്ക് ആർക്കും ചിന്തിക്കാൻ കഴിഞ്ഞില്ല. ഇപ്പോൾ ഇങ്ങനെ ഒരു കമ്മീഷൻ കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കുകയും അതിനു നടപടികളെടുക്കുകയും അതിനു ബിൽ കൊണ്ടുവന്ന് പ്രവർത്തിക്കുകയും ചെയ്തപ്പോൾ അത് പോരാ എന്നാണ് അഭിപ്രായം. ഇത് മോശമാണെന്ന അഭിപ്രായം ആണ് ഉള്ളത്. ഈ കമ്മീഷൻ വരുന്നതിലൂടെ കേരളത്തിലെ സ്ത്രീകൾക്ക് അവരോട് കാണിക്കുന്ന അനീതിക്കെതിരെ ചോദ്യം ചെയ്യാൻ ഒരു ആശ ഉണ്ടാകുന്നു, പ്രസ്ഥാനം ഉണ്ടാകുന്നു എന്ന ഒരു ഫീലിംഗ് ഉണ്ടാകുന്നു. അവരോട് കാണിക്കുന്ന അട്രോസിറ്റീസിനെതിരെ പരാതി പറയാനും അതിനെ ചോദ്യം ചെയ്യാനും ഒരാശ ഉണ്ടായിരിക്കുന്നു. ഇതുവരെ അങ്ങനെ ഒരു സംവിധാനം ഉണ്ടായിരുന്നില്ല. ഇപ്പോൾ ഇവിടെ പറയുന്നത് ഇതിനകത്ത് മുഴുവൻ പോരായ്മയാണ്, അതുകൊണ്ട് വലിയ പ്രയോജനമില്ല എന്നൊക്കെയാണ്. ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം നമ്മുടെ രാജ്യത്ത് സാമൂഹ്യ–സാമ്പത്തിക രംഗത്ത് ചലനാത്മകമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള നിരവധി നിയമനിർമ്മാണങ്ങളിൽ സുപ്രധാനമായ ഒരു നിയമമാണിത്. കേരളത്തിൻറെ നിയമനിർമ്മാണ ചരിത്രത്തിൽ തന്നെ നിർണ്ണായകമായിട്ടുള്ള ഒരു നിയമമായി മാറാൻ പോകുന്ന വനിതാ കമ്മീഷനെ സംബന്ധിച്ച് ചർച്ചയിൽ പങ്കുകൊണ്ട് സംസാരിക്കാൻ ഇടവന്നതിൽ സന്തോഷമുണ്ട്. ഒരിക്കൽകൂടി ഈ ബിൽ കൊണ്ടുവന്ന ബഹുമാനപ്പെട്ട മന്ത്രിയേയും ഗവൺമെൻറിനേയും അഭിനന്ദിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി റോസമ്മ ചാക്കോ: സർ, കേരളത്തിലെ ജനസംഖ്യയിൽ 50 ശതമാനത്തിൽ കൂടുതൽ സ്ത്രീകളാണ്. തിരുവനന്തപുരത്ത് ഡർബാർ ഹാളിൽ വന്ന് കുറെ സംഘടനകളുടെ ആളുകൾ തെളിവ് കൊടുത്തു എന്നതൊഴിച്ചാൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്ന വനിതകൾക്ക് ആ സമിതിയുടെ മുൻപിൽ വന്ന് തെളിവ് കൊടുക്കാനുള്ള അവസരം ഉണ്ടായിട്ടില്ല. ഇത് അതിപ്രധാനമായിട്ടുള്ള ഒരു ബില്ലാണെന്ന് ചിലരൊക്കെ വാനോളം പുകഴ്ത്തിപ്പറയുന്നത് കേട്ടു. എനിക്ക് അവരോട് പറയാനുള്ളത്, ഇത് പ്രധാനം ആണെന്ന് വാദിക്കുന്നുണ്ടെങ്കിൽ കേരളക്കരയിലെ എല്ലാ ജില്ലകളിലും ഉള്ള ആളുകളുടെ അഭിപ്രായം അറിയാൻ ഈ സെലക്ട് കമ്മിറ്റി എല്ലാ ജില്ലകളിലും പോയികൂടുകയും കൂടുതൽ സംഘടനകളുടെ മാത്രമല്ല, വ്യക്തികളുടേയും അഭിപ്രായങ്ങൾ ആരാഞ്ഞുകൊണ്ട് അതിന് പുതിയ രൂപവും ഭാവവും കൊടുക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം. അതുകൊണ്ടാണ് അതേ സെലക്ട് കമ്മിറ്റിക്ക് തന്നെ അയയ്ക്കണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നത്. ഈ ബില്ലിന്റെ കോട്ടവും വാട്ടവും മാറ്റാൻ അതേ സെലക്ട് കമ്മിറ്റിക്ക് തന്നെ അയയ്ക്കണം. ഈ ബിൽ ഇതുപോലെ പാസ്സായതുകൊണ്ട് ഈ നാട്ടിലെ സ്ത്രീകളുടെ മുഴുവൻ പ്രശ്നങ്ങൾക്കും ശാശ്വതമായ പരിഹാരം കാണാമെന്നുള്ള തെറ്റിദ്ധാരണയൊന്നും ഈ രാജ്യത്തെ ജനങ്ങൾക്കില്ല. കേരളാ വനിതാ കമ്മീഷൻ ബില്ലിന്റെ 14-ാമത്തെ പേജിൽ Congress Government keeping an eye on the vote bank.... ..... famous Muslim Women's Protection Act. എന്നൊക്കെ പറഞ്ഞ ഒരു ഭാഗമുണ്ട്. വോട്ട്ബാങ്കിൽ കണ്ണുവച്ചുകൊണ്ട് കേന്ദ്രഗവൺമെന്റ് ഒരു ബിൽ കൊണ്ടുവന്നു എന്നൊക്കെ പറയുന്നതു കേട്ടു. കേരളത്തിലെ വനിതകളെ സ്വാധീനിക്കാൻ അവരുടെ മുമ്പിൽ എന്തൊക്കെയോ ഞങ്ങൾ വലിയ കാര്യം ചെയ്യുന്നുവെന്ന് വരുത്തിത്തീർക്കാൻ വേണ്ടിയല്ലേ ഈ ബിൽ ഇന്ന് ഇത്ര തത്രപ്പെട്ട് നാളെ നിയമസഭ പിരിയുന്ന അവസാന നിമിഷത്തിൽ പാസ്സാക്കാൻവേണ്ടി കൊണ്ടുവന്നത് എന്ന് ഞാൻ സംശയിക്കുകയാണ്. കാരണം 1987-ലെ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ഇവിടെ വനിതാ കമ്മീഷൻ ബിൽ കൊണ്ടുവരുമെന്ന് പറഞ്ഞിട്ടുണ്ട്. 1987, '88, '89, '90, '91-ൽ ഈ നിയമസഭയുടെ കാലാവധി അവസാനിക്കാൻ പോകുന്നു എന്ന സ്ഥിതി വന്നപ്പോഴാണ് ഈ ബിൽ തത്രപ്പെട്ട് കൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ട് ഒരു തെറ്റിദ്ധാരണയും വേണ്ട സ്ത്രീകളുടെ വോട്ടിൽ കണ്ണുനട്ടുകൊണ്ട് അബദ്ധമായ ചില ധാരണകളും വിശ്വാസങ്ങളും സ്ത്രീകളിൽ വരുത്തി വോട്ട് സമ്പാദിക്കാൻവേണ്ടി കൊണ്ടുവന്ന ഒരു ബില്ലാണിത് എന്നു പറയാൻ എനിക്ക് ഖേദമുണ്ട്. കാരണം ഈ ബിൽ പാസ്സായാൽ ഈ നാട്ടിലെ മുഴുവൻ സ്ത്രീകളുടേയും പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണാമെന്നുള്ള തെറ്റിദ്ധാരണ ഈ രാജ്യത്തെ ജനങ്ങൾക്ക് ഇല്ല. മാത്രമല്ല ഈ കമ്മീഷന് എന്ത് അധികാരമാണുള്ളത്. ഒരു ശുപാർശ കമ്മീഷൻ എന്നുള്ളതിലപ്പുറം സ്റ്റാറ്റ്യൂട്ടറിയായിട്ട് ഒരു പവറുമില്ലാത്ത ഒരു കമ്മീഷനെ ഇവിടെ നിയമിച്ചതുകൊണ്ട് എന്തു പ്രയോജനമാണ് ഉണ്ടാകാൻ പോകുന്നത്? അതുകൊണ്ട് ഒരു സ്റ്റാറ്റ്യൂട്ടറി പവർ നൽകിക്കൊണ്ട് ഈ ബിൽ ഒന്നാമത് പൈലറ്റ് ചെയ്തുകൊണ്ട് വരുവാൻ ഗൗരിയമ്മ തയ്യാറാക്കുമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. ബന്ധപ്പെട്ട രാഷ്ട്രീയ ലക്ഷ്യം വച്ചുകൊണ്ട് ഇപ്പോൾ ഇത് പാസ്സാക്കാൻ ബുദ്ധിമുട്ടേണ്ടിയിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. വി. താമരാക്ഷൻ: സർ, വനിതയിൽ ബഹുമാനപ്പെട്ട മെമ്പറുടെ ഒരു ലേഖനം ഞാൻ വായിച്ചു. വിവാഹം എന്നു പറയുന്നതു തന്നെ അടിമത്വം ആണെന്നും വിവാഹം കഴിഞ്ഞാൽ ഭാര്യയുടെ സ്വാതന്ത്ര്യം ഭർത്താവിനു അടിമപ്പെടുത്തേണ്ടിവരുമെന്നും അതുകൊണ്ടു സ്ത്രീ സ്വാതന്ത്ര്യം സംരക്ഷിക്കാൻവേണ്ടിയാണു താൻ അവിവാഹിതനായി ജീവിക്കുന്നതെന്നും ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായി. ബഹുമാനപ്പെട്ട മെമ്പർക്കു കേരളത്തിലെ വനിതകളോടു ഈ ഉപദേശമാണോ വയ്ക്കാനുള്ളതു; അങ്ങനെയാണെങ്കിൽ ഈ നാടിന്റെ സ്ഥിതി എന്തായിരിക്കുമെന്നു അങ്ങു ആലോചിച്ചിട്ടുണ്ടോ?

ശ്രീമതി റോസമ്മ ചാക്കോ: മാഡം, ശ്രീ. താമരാക്ഷൻ പറഞ്ഞതിന്റെ ഉത്തരം ശ്രീമതി ഗൗരിഅമ്മ പറയും.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി അമ്മ): സർ, റോസമ്മയോടു ചോദിച്ചതിനു റോസമ്മ എഴുതുന്നതിനും ഞാൻ ഉത്തരം പറയണമെന്നു പറഞ്ഞാൽ എന്താണു ഗതി?

ശ്രീമതി റോസമ്മ ചാക്കോ: സർ, ഗൗരിയമ്മ തന്നെ പലപ്പോഴും ഇവിടെ പറയുന്നുണ്ടു് പുരുഷൻമാരുടെ ആധിപത്യം അവാസാനിപ്പിച്ചു് സ്ത്രീ, അവളുടെ വ്യക്തിത്വം പാലിച്ചു് നിൽക്കണമെന്നും പുരുഷൻമാരുടെ തോന്ന്യാസം അനുവദിച്ചുകൊടുക്കാൻ പാടില്ല എന്നും പറയുന്ന ഗൗരിഅമ്മയുടെ പക്ഷം എനിക്കും ഉണ്ടു്.

ശ്രീമതി കെ. ആർ ഗൗരി അമ്മ: സർ, കല്യാണം കഴിക്കേണ്ട എന്നു പറഞ്ഞിട്ടില്ല. പക്ഷേ സ്ത്രീ അടിമയല്ല.

ശ്രീമതി റോസമ്മ ചാക്കോ: കല്യാണം കഴിക്കേണ്ടതു് ഓരോരുത്തരുടെ ആവശ്യമാണു്. അതു് കഴിക്കാം. പക്ഷേ സ്ത്രീയും പുരുഷനും സമത്വം പാലിക്കണമെന്നും പരസ്പരം ബഹുമാനിക്കണമെന്നും കുടുംബ ജീവിതത്തിൽ അവർ തുല്യ പങ്കാളികൾ ആണെന്നും വിശ്വസിക്കുന്ന ആളാണു് ഞാൻ. പക്ഷേ ഈ രാജ്യത്തെ ബഹുഭൂരിപക്ഷം പുരുഷൻമാർക്കും ഒരു ധാരണയുണ്ടു് ഭാര്യ എന്നു പറഞ്ഞാൽ പുരുഷന്റെ ഇംഗിതം മാത്രമനുസരിച്ചു്, സ്വന്തം അഭിപ്രായത്തിനുപോലും വില കല്പിക്കാതെ അവന്റെ അടിമയായി അവർ പറയുന്നതു് എന്തും കേട്ടു് പ്രവർത്തിക്കണം എന്നു്. അതിനെ ഞാൻ എതിർക്കുകയാണു്. സ്ത്രീകളുടെ വ്യക്തിത്വം തങ്ങളെപോലെതന്നെ മാനിക്കാനുള്ള അഭിപ്രായമാണു് ഇവിടെ പ്രസംഗിച്ച ആളുകൾക്കു് ഉള്ളതെങ്കിൽ ഞാൻ അവരുടെ മുൻപിൽ നമോവാകം നടത്തുകയാണു്.

രജിസ്റ്റർ ചെയ്ത സംഘടനകൾക്കും ഈ കമ്മീഷനിൽ രജിസ്റ്റർ ചെയ്യാനുള്ള അവകാശം കൊടുക്കണം. സർ, ഈ ബില്ലിലെ 15-ാം വകുപ്പനുസരിച്ചു് അമിതമായ അധികാരങ്ങൾ കമ്മീഷനു കൊടുത്തിരിക്കുകയാണു്. 15 (iv)-ൽ "...such other places ..."
1 p. m.] എന്നുള്ള ഭാഗത്തു് ഒരു പ്രൊവൈസോ ചേർക്കണമെന്നു് അഭ്യർത്ഥിക്കുകയാണു്. സ്ത്രീകൾ നടത്തുന്നതും സംഘടിപ്പിക്കുന്നതുമായ ഏതു് സ്ഥാപനങ്ങളും ഏതു് സമയത്തും ഒരു ഇൻസ്പെക്ടറെക്കൊണ്ടോ ഡയറക്ടർ നിയോഗിക്കുന്ന മറ്റാളിനെക്കൊണ്ടോ പരിശോധിപ്പിക്കാമെന്ന വ്യവസ്ഥ എഴുതി ചേർത്തിരിക്കുന്നു, അതു് അസംബന്ധമാണു്, അതു് മതസൗഹാർദ്ദം തകരാനും മറ്റു കുഴപ്പങ്ങൾക്കും

LIBRARY ARCHIVES Kerala Legislative Assembly

ഇടവരുത്തും. കാത്തലിക്സും നോൺ കാത്തലിക്സുമൊക്കെ പല സ്ഥലങ്ങളിലും കന്യകാലയങ്ങളും കോൺവെൻറ്സുമൊക്കെ നടത്തുന്നുണ്ട്. ഈ സ്ഥലങ്ങളിലൊക്കെ ചെന്ന് തോന്നിയ സമയത്തൊക്കെ അന്വേഷിക്കാമെന്ന് വയ്ക്കുന്നതിൽപ്പരം ധിക്കാരം മറെറാന്നില്ല. അല്ലെങ്കിൽ ഈ വകുപ്പിൽ ഒരു പ്രൊവൈസോകൂടി എഴുതി ചേർക്കണം.

മറെറാരു കാര്യം സ്ത്രീകളോ, സ്ത്രീ സംഘടനകളോ ഏതെങ്കിലും തരത്തിലുള്ള പരാതികളം കൊടുത്താൽ അതേപ്പററി കോടതിയിൽ ചോദ്യം ചെയ്യാൻ പാടില്ല, എതിരു പറയാൻ പാടില്ല എന്നൊക്കെ ഇതിനകത്ത് എഴുതി വച്ചിട്ടുണ്ട്. ഞാനൊരു സ്ത്രീ പക്ഷപാതിയാണെങ്കിൽപോലും ഈ രാജ്യത്തുള്ള മുഴുവൻ സ്ത്രീകളും സൽസ്വഭാവികളോ എല്ലാവരേയും ബഹുമാനിക്കുന്നവരോ ആണെന്ന അഭിപ്രായമൊന്നും എനിക്കില്ല. നിരപരാധികളായ പുരുഷൻമാരെ അപമാനിക്കാൻ വേണ്ടിപലപ്പോഴും സ്ത്രീകളം പോലീസ് സ്റേറഷനിലും മറും പരാതികളം കൊടുക്കുന്നതായി ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അപ്പോൾ ഒരു പുരുഷനേയോ മറെറ് മാന്യ വ്യക്തിയേയോ മനഃപൂർവം അപമാനിക്കാൻ ഏതെങ്കിലുമൊരു സ്ത്രീ ഒരു പരാതി കൊടുത്താൽ പുരുഷന് തൻെറ നിരപരാധിത്വം തെളിയിക്കാൻ കോടതിയിലേക്ക് പോകാൻ പാടില്ല എന്ന് പറയുന്നത് വ്യക്തി സ്വാതന്ത്ര്യത്തെ നിഹനിക്കുന്ന ഒന്നാണ്. ഇനി വ്യാജമായി പരാതികളം നൽകിയതായി തെളിഞ്ഞാൽ പരാതി കൊടുക്കുന്ന ആളിന് ഇത്ര രൂപയെങ്കിലും പിഴ ചുമത്തണമെന്ന ഒരു വ്യവസ്ഥകൂടി എഴുതി ചേർക്കണം.

ശ്രീ. ടി. എം. ജേക്കബ്: സർ, ബില്ലിൻെറ സെലക്ട് കമ്മിററി മെമ്പറാണ് സംസാരിക്കുന്നത്. അപ്പോൾ നിങ്ങൾ സെലക്ട് കമ്മിററിയിൽ ഇതൊന്നും ചർച്ച ചെയ്തില്ലേ?

ശ്രീമതി റോസമ്മ ചാക്കോ: സെലക്ട് കമ്മിററിയിൽ ഞങ്ങൾ ഇതെല്ലാം പറഞ്ഞുനോക്കിയെങ്കിലും ചെയർമാൻ ഇതൊന്നും വേണ്ട എന്ന് ശാഠ്യം പിടിച്ചു. എല്ലാ ജില്ലകളിലും പോയി തെളിവെടുത്തശേഷമേ ഈ ബിൽ സഭയിൽ അവതരിപ്പിക്കാവൂ എന്നും ഞങ്ങൾ ആവശ്യപ്പെട്ടിരുന്നതാണ്. അതും ഗൗരിയമ്മ സമ്മതിച്ചില്ല.

സർ, ഇന്ന് വിവിധ കമ്മീഷനിലെ അംഗങ്ങളെ നിയമിക്കുന്നത് നോക്കുന്ന കക്ഷികളം ഇഷ്ടപ്പെട്ടവരെയാണ്. എല്ലാ ഗവൺമെൻറുകളും അതൊരു ഭൂഷണമാക്കി മാററിയിരിക്കുകയാണ്. ഞാൻ പറയുന്നത് വനിതാ കമ്മീഷനംഗങ്ങളെ നിയമിക്കുമ്പോൾ പ്രതിപക്ഷത്ത് വനിതാ എം.എൽ.എ. മാരുണ്ടെങ്കിൽ അവരുമായി ആലോചിക്കണം. പ്രതിപക്ഷത്ത് വനിതാ എം.എൽ.എ. ഇല്ലെങ്കിൽ പ്രതിപക്ഷ നേതാവുമായിട്ട് കൺസൽട്ട് ചെയ്യണം. വനിതകൾക്ക് തുല്യത വേണമെന്നാണല്ലോ ഗൗരിയമ്മയും ഞാനുമൊക്കെ വാദിക്കുന്നത്. എന്നാൽ കാർഷിക രംഗത്തും വ്യാവസായിക രംഗത്തും പുരുഷൻമാർക്ക് ഒപ്പം തൊഴിൽ ചെയ്യുന്ന സ്ത്രീകൾക്ക് തുല്യ വേതനം അവിടെനിന്നും ലഭിക്കുന്നില്ല. ഇതിനൊരു പരിഹാരം ഉണ്ടാക്കേണ്ടിയിരിക്കുന്നു. മറെറാരു കാര്യം കൂടി പറയട്ടെ. സ്ത്രീകളുടെ ആവലാതികൾക്കും, പരാതികൾക്കും, ബുദ്ധിമുട്ടുകൾക്കും പരിഹാരം കാണാൻ വന്ന ദേവതയാണ് ഗൗരിയമ്മ എന്നാണല്ലോ പറയുന്നത്. എന്നാൽ നൂറു നൂറമ്പത് രൂപ മാത്രം ലഭിക്കുന്ന ബാലവാടി-അംഗനവാടി അദ്ധ്യാപികമാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുവേണ്ടി ആ വിഭാഗം വനിതാ ജീവനക്കാർ ഈ സെക്രട്ടറിയേറ്റ്

LIBRARY ARCHIVES Kerala Legislative Assembly

പടിക്കൽ നൂറമ്പത് ദിവസം നിരാഹാര സമരം നടത്തിയിട്ടും അങ്ങോട്ടൊന്നു തിരിഞ്ഞുനോക്കാൻ പോലും ഗൗരിയമ്മക്ക് മനസ് വന്നില്ലല്ലോ എന്ന് ഓർക്കുമ്പോഴാ ഗൗരിയമ്മ വനിതകൾക്കുവേണ്ടി കൂടുതൽ എന്താണ് ചെയ്യാൻ പോകുന്നത് എന്ന് ഞാൻ സംശയിച്ചുപോകുകയാണ്. മറ്റ് ഡിപ്പാർട്ടുമെൻറുകളിൽ ലഭിക്കുന്ന വേതനം തങ്ങൾക്കും ലഭിക്കണമെന്ന് മാത്രമേ അവർ ആവശ്യപ്പെട്ടുള്ളു. ഏതായാലും സ്ത്രീകൾക്കുവേണ്ടി വാദിക്കുന്ന മന്ത്രി ഈ കാര്യത്തിൽ കൂടുതലായി ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഈ ബിൽ ഇതേ സെലക്ട് കമ്മിറ്റിക്കുതന്നെ തിരിച്ചയയ്ക്കണമെന്ന് ഒരിക്കൽകൂടി ഞാൻ അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: സർ, 1990-ലെ കേരള വനിതാ കമ്മീഷൻ ബിൽ ഇവിടെ നടപ്പിലാക്കുന്നത് സ്ത്രീകളുടെ സുരക്ഷിതത്വത്തിനും ഉയർച്ചയ്ക്കും വേണ്ടിയാണെന്നാണ് മന്ത്രി അവകാശപ്പെടുന്നത്. ഈ ബിൽ നിയമമായി വരുമ്പോഴാ നമ്മുടെ രാജ്യത്തെ സ്ത്രീ പീഡനങ്ങൾക്ക് പര്യവസാനം കുറിക്കുമെന്നുള്ള പ്രതീക്ഷ ഞങ്ങൾക്കുണ്ടായിരുന്നു. ഗവൺമെൻറ് അവകാശപ്പെടുന്നതുപോലെ സംസ്ഥാനത്തെ വനിതകൾക്ക് സംരക്ഷണം നൽകുന്ന അധികാരങ്ങളൊന്നുംതന്നെ ഈ കമ്മീഷനില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. ഈ ബിൽ നിയമമാകുമ്പോഴാ, ഈ കമ്മീഷന് എന്തെല്ലാം അധികാരങ്ങളുണ്ട്? ആരെയെങ്കിലും സമൻ ചെയ്തുകൊണ്ട് അവരുടെ തെറ്റായ പ്രവർത്തനത്തിൽ തീർപ്പ് കൽപ്പിക്കാനുള്ള അധികാരം ഈ കമ്മീഷനുണ്ടോ? ഇത് വെറുമൊരു ഉപദേശക സമിതി മാത്രമാണ്. വരുന്ന തെരഞ്ഞെടുപ്പിൽ സ്ത്രീകളുടെ വോട്ടു കിട്ടാൻവേണ്ടി ഗവൺമെൻറ് കൊണ്ടുവന്നിട്ടുള്ള ഒരു വനിതാ ഉപദേശക സമിതിയാണിത്. ഇല്ലെങ്കിൽ ബഹുമാനപ്പെട്ട ഗൗരിയമ്മ പറയട്ടെ, ഇതിൽ സ്ത്രീകൾക്ക് എതിരായിട്ട് പ്രവർത്തിക്കുന്നവർക്ക് നേരെ ശിക്ഷണ നടപടി എടുക്കുവാനുള്ള ഏതെങ്കിലുമൊരു വകുപ്പോ, അധികാരമോ ഈ ബില്ലിൽ കൊണ്ടുവന്നിട്ടുണ്ടോ? ഈ ബില്ലിൽ ഉപദേശങ്ങളും നിർദ്ദേശങ്ങളും മാത്രമാണ്. ആളുകളെ സമൻ ചെയ്യിക്കാം, എല്ലാ ഡിപ്പാർട്ടുമെൻറുകളിൽനിന്നും രേഖകൾ വരുത്താം, അത് പരിശോധിക്കാം, വിധി പറയാം. പക്ഷെ ശിക്ഷിക്കാനുള്ള വിധി പറയാനുള്ള അധികാരങ്ങളൊന്നുമില്ലാത്തതുകൊണ്ട് ഇതൊരു പ്രഹസനമായിരിക്കും. അതുകൊണ്ട് ഈ ബില്ലിൽ ശിക്ഷിക്കാനുള്ള അധികാരം കൊടുക്കുന്ന ഭേദഗതിയോടുകൂടി ഈ നിയമം നടപ്പിലാക്കാതെ ഈ രാജ്യത്തെ വനിതകൾക്ക് സംരക്ഷണം നൽകുന്ന ഒരു ബില്ലായി മാറുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല. ഈ ബില്ലിൻെറ ചർച്ചാവേളയിൽ ഭരണപക്ഷത്തുനിന്നും ശ്രീമതി മേഴ്സിക്കുട്ടിയമ്മ, ഈ ചർച്ചയെ ശരിയത്ത് സംവാദത്തിലേക്ക് കൊണ്ടുചെന്നെത്തിച്ചു. ഇവിടെ ഇസ്ലാം സമുദായത്തിൽ നാലും അഞ്ചും പെണ്ണ് കെട്ടുന്നവരുണ്ടെന്നുള്ള ആക്ഷേപം ഉന്നയിക്കുകയുണ്ടായി. അവർ നബിയുടെ വചനങ്ങൾ പോലും ഉദ്ധരിച്ചു. 'ചെകുത്താനും വേദമോതുന്നതുപോലെയാണ്' അത്. സഖാവ് നമ്പൂതിരിപ്പാടുവരെ പറഞ്ഞു, ശരിയത്ത് എന്താണെന്നറിയില്ലെന്ന്. ശ്രീമതി മേഴ്സിക്കുട്ടിയമ്മ നബി വചനം ഉദ്ധരിച്ചുകൊണ്ട് ഇസ്ലാമിനെ കരിവാരി തേയ്ക്കുവാനുള്ള ഒരു ഹീനമായ ശ്രമമാണ് ഈ സഭയിൽ നടത്തിയത്. അത് വളരെ ഖേദകരമാണ്. അത് രേഖയിൽ നിന്നും ഒഴിവാക്കണമെന്ന് അങ്ങയോട് ഞാൻ ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സീതിഹാജി: ഇത് സ്ത്രീകളെ സംരക്ഷിക്കുന്ന ഒരു കമ്മീഷനാണ്. പല സ്ത്രീകളും ഭർത്താക്കൻമാരെ വഞ്ചിച്ച് ഓടിപ്പോകുന്നുണ്ട്. അതിനെക്കുറിച്ച് ഈ ബില്ലിൽ ഒന്നും പറഞ്ഞിട്ടില്ല. അതിനെക്കുറിച്ച് മെമ്പറുടെ അഭിപ്രായമെന്താണ്?

ശ്രീ. ഇസഹാക്ക് കുരിക്കൾ: ഇത് ബില്ലിന്റെ ചർച്ചയിൽ തീരുമാനിക്കണം. ഞാൻ പറയുന്നത്, ഒരു മതത്തെ അധിക്ഷേപിക്കാൻ ഈ ബില്ലിന്റെ ചർച്ചയിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അവസരം ഉപയോഗിച്ചതിൽ ഞങ്ങൾക്ക് വേദമുണ്ട്. ഇസ്ലാം ഒരു സമ്പൂർണ്ണ ജീവിത വ്യവസ്ഥിതിയാണ്. അതിനെക്കുറിച്ച് പഠിച്ചിട്ട് ആധികാരികമായിട്ട് പറയണം. ശ്രീ. നമ്പൂതിരിപ്പാടുപോലും ശരിയത്ത് സംവാദത്തിൽ, ആദ്യം ശരിയത്ത് മാറണമെന്ന് പറഞ്ഞു, എന്നാൽ പിന്നീട് 'ശരിയത്ത് എനിക്കറിയില്ല', എന്നാണ് പറഞ്ഞത്. ഞാൻ ശ്രീമതി മേഴ്സിക്കുട്ടിയമ്മയോടും അപ്പുറത്തിരിക്കുന്ന സഹോദരി സംരക്ഷകരോടും ചോദിക്കട്ടെ, ശ്രീ. രാജീവ് ഗാന്ധി കൊണ്ടുവന്ന ബിൽ ഇൻഡ്യയിൽ നടപ്പിലാക്കിയതിനുശേഷം സ്ത്രീ വിവാഹമോചനം വളരെയധികം കുറഞ്ഞിട്ടില്ലേയെന്ന്. എനിക്ക് അതിന് തെളിവുസഹിതം പറയാൻ കഴിയും. പണ്ടുകാലങ്ങളിൽ ഇവർ പറയുന്ന ശരിയത്ത് നടപ്പിലാക്കുമ്പോഴും, വിവാഹമോചനം ചെയ്ത ഒരു സഹോദരി കേസ് കൊടുത്ത് വിധി വന്നാൽ 25 രൂപയ്ക്കും 50 രൂപയ്ക്കും മൊഴി ചൊല്ലിയ ഭർത്താവിന്റെ വീട്ടുപടിക്കൽ പോകേണ്ടതായി വരും. എന്നാൽ ശ്രീ രാജീവ് ഗാന്ധി, ഇൻഡ്യൻ യൂണിയൻ.....

ശ്രീ. സി. ടി. കൃഷ്ണൻ: ശരിയത്ത് നിയമം എന്തുമാകട്ടെ, ഭാര്യമാരെ വസ്ത്രം മാറുന്നതുപോലെ അങ്ങോട്ടുമിങ്ങോട്ടും മാറുന്നതിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ?

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: ഇസ്ലാംപോലും അതിനോട് യോജിക്കുന്നില്ല, പ്രത്യേകിച്ച് മുസ്ലീംലീഗ്. അതിൽ യാതൊരു സംശയവുമില്ല. അതൊന്നും ഒരു മതം പറയുന്നതുപോലെയല്ല. കമ്മ്യൂണിസ്റ്റ് സഖാക്കളോട് ഞാൻ ചോദിക്കട്ടെ, സ്ത്രീധനം നിങ്ങൾ അംഗീകരിക്കുന്നുണ്ടോ? എത്ര സഖാക്കളാണ് സ്ത്രീധനം വാങ്ങി കല്ല്യാണം കഴിക്കുന്നത്? എന്നാൽ സഹോദരിമാരെ അങ്ങോട്ട് പണം കൊടുത്ത് കല്യാണം കഴിക്കുന്ന ഒരു സമുദായമാണ് ഇസ്ലാം. സ്ത്രീക്ക് അങ്ങോട്ട് പണം കൊടുത്താൽ മാത്രമേ ആ വിവാഹം സാധൂകരിക്കുകയുള്ളു. അങ്ങനെയുള്ള ഒരു മതത്തെ വിവാഹ മൊഴി ചൊല്ലലിന്റെ പേരിൽ പരിഹസിക്കുന്നത് ദുഃഖകരമാണ്. ശ്രീ. രാജീവ് ഗാന്ധി കൊണ്ടുവന്നിട്ടുള്ള ശരിയത്തിന്റെ ഭേദഗതിമൂലം ഇൻഡ്യാ രാജ്യത്ത് വിവാഹ മോചനങ്ങൾ കുറഞ്ഞിട്ടുണ്ട്. വഖഫ് ബോർഡിൽനിന്നും പണം കൊടുക്കണമെന്ന് എവിടെയും പറഞ്ഞിട്ടില്ല. ഞാൻ വിവാഹ മോചനം ചെയ്തിട്ടുണ്ടെങ്കിൽ.....

മി. സ്പീക്കർ: ഇതൊന്നും ഈ ബില്ലിലുള്ളതല്ല.

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: ബില്ലിൽ ഇല്ലാത്ത കാര്യം സഭയിൽ പറഞ്ഞാൽ അതിൻമേലുള്ള തെറ്റിദ്ധാരണ മാറാനുള്ള അവസരം ഞങ്ങൾക്ക് ഉണ്ടാകണം.

മി. സ്പീക്കർ: അതു പറഞ്ഞപ്പോൾ ഞാനിവിടെ ഇല്ലായിരുന്നു. ഇത് ബില്ലിനോട് ബന്ധപ്പെട്ട കാര്യങ്ങളേയല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇസ്‌ഹാക്ക്‌ കുരിക്കൾ: ഞങ്ങളല്ല, ഇത്‌ വലിച്ചിഴച്ച്‌ കൊണ്ടു വന്നത്‌.

ശ്രീ. ടി. എം. ജേക്കബ്‌: ഈ ചർച്ചയിൽ ബഹുമാനപ്പെട്ട മേഴ്‌സിക്കുട്ടിയമ്മ ഈ പ്രശ്‌നം പറയുകയുണ്ടായി. അത്‌ തീർച്ചയായിട്ടും ഇസ്ലാം സമുദായത്തിലെ ആളുകളെ ബാധിക്കുന്ന പ്രശ്‌നമാണ്‌, അതിന്‌ അവർക്ക്‌ മറുപടി പറയേണ്ടേ?

ശ്രീ. ഇസ്‌ഹാക്ക്‌ കുരിക്കൾ: ഇത്‌ ഒരു മതത്തെ അടച്ചാക്ഷേപിക്കുന്ന കാര്യമാണ്‌, നബിവചനങ്ങളെ ഉദ്ധരിച്ചുകൊണ്ടാണ്‌ ശ്രീമതി മേഴ്‌സിക്കുട്ടിയമ്മ പറഞ്ഞത്‌. നമ്മുടെ മതത്തിൽ നാലു പെണ്ണ്‌ കെട്ടാമെന്ന്‌ എവിടെയും പറയുന്നില്ല.

മി. സ്‌പീക്കർ: ഇത്‌ ബില്ലിനോട്‌ ബന്ധപ്പെട്ട കാര്യമല്ല, ഇലക്‌ഷൻ കാലത്ത്‌ ഇത്‌ പറയാനും പാടില്ല. തെരഞ്ഞെടുപ്പ്‌ കാലത്ത്‌ ഇതൊന്നും മിണ്ടിപ്പോകരുത്‌.

ശ്രീ. ഇസ്‌ഹാക്ക്‌ കുരിക്കൾ: പറയാൻ പാടില്ലാത്തതായിരുന്നു. സഹോദരിമാരെ സംരക്ഷിക്കുന്നവരാണ്‌ മാർക്‌സിസ്‌റ്റ്‌ കമ്മ്യൂണിസ്‌റ്റ്‌ പാർട്ടിക്കാരെന്ന്‌ വരുത്തിത്തീർക്കാൻവേണ്ടി പരിശുദ്ധമായ ഇസ്ലാമിനെതിരായിട്ട്‌ ശ്രീമതി മേഴ്‌സിക്കുട്ടിയമ്മ ഇവിടെ പ്രസംഗിച്ചു. അതുകൊണ്ട്‌ ഞാൻ പറയുന്നു, ഇസ്ലാമിനെക്കുറിച്ച്‌ പഠിച്ചതിനുശേഷം ശ്രീമതി മേഴ്‌സിക്കുട്ടിയമ്മയും കമ്മ്യൂണിസ്‌റ്റ്‌ പാർട്ടിക്കാരും സംസാരിക്കണമെന്ന്‌. ഇതൊരു സമ്പൂർണ്ണ ജീവിത പദ്ധതിയാണ്‌, വിശാലവും വിസ്‌തൃതവുമായ ഒരു മേഖലയാണ്‌. അതിനെക്കുറിച്ച്‌ പഠിച്ചതിനുശേഷം വിമർശിക്കണം. വസ്‌ത്രം മാറുന്നതുപോലെ മാറാനും ഇഷ്‌ടംപോലെ മൊഴിചൊല്ലാനും ഒന്നും ഇസ്ലാംമതം അനുവദിക്കുകയില്ലായെന്ന്‌ പറഞ്ഞുകൊണ്ട്‌ എന്റെ വാക്കുകൾ ഞാൻ അവസാനിപ്പിക്കുന്നു.

വ്യവസ്‌ായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, വിചാരിക്കാത്ത വിധത്തിലുള്ള ആരോപണം ഇവിടെ ഉന്നയിച്ചത്‌ ശ്രീമതി റോസമ്മ ചാക്കോയാണ്‌. ശ്രീമതി റോസമ്മ ചാക്കോ പറഞ്ഞു, സെലക്‌ട്‌ കമ്മിറ്റി റിപ്പോർട്ടിൽ ഞങ്ങളുടെ അഭിപ്രായം വേണ്ട, ഇതൊക്കെ മതി, ഇനിയൊന്നും കേൾക്കേണ്ടയെന്നൊക്കെ പറഞ്ഞുവെന്ന്‌. ഇതൊക്കെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിലുള്ള കാര്യങ്ങളാണ്‌. ഈ കമ്മിറ്റി നാലുപ്രാവശ്യം യോഗം ചേർന്നു, അതിൽ രണ്ട്‌ കമ്മിറ്റി യോഗം ചേർന്നത്‌ തെളിവെടുപ്പിനുവേണ്ടിയായിരുന്നു. തെളിവെടുപ്പിന്‌ അവസാനം ആളില്ലാതെ വന്നപ്പോഴാണ്‌ ക്ലാസ്‌ ബൈ ക്ലാസ്‌ ഡിസ്‌കഷൻ ആക്കിയത്‌. ഇത്‌ യോജിച്ചുകൊണ്ടുള്ള ഒരു പ്രോഗ്രാമായിരുന്നു. ഞാൻ ശ്രീമതി റോസമ്മ ചാക്കോയെ തടഞ്ഞില്ല, അഭിപ്രായമുണ്ടായിരുന്നെങ്കിൽ എഴുതിത്തരാമായിരുന്നു, നിങ്ങടെ ഡിസെന്റിംഗ്‌ നോട്ടുപോലും തന്നില്ല. ചെയ്യാനുള്ളത്‌ ചെയ്യാതെ ഇവിടെ വന്ന്‌ ഈ നിയമത്തെക്കുറിച്ച്‌ എന്റെ സ്വന്തമായിട്ടുള്ള അഭിപ്രായമാണെന്ന്‌ പറയുന്നത്‌ ശരിയാണോ? ഒരു കമ്മിറ്റി കൂടുന്നത്‌ അതിനാണോ? നിങ്ങളുടെ പാർട്ടിയിലുള്ള കുറെയാളുകൾ ഇല്ലായിരുന്നോ? അഭിപ്രായവ്യത്യാസമുണ്ടായിരുന്നുവെങ്കിൽ ഡിസെന്റിംഗ്‌ നോട്ട്‌ എഴുതിത്തരാമായിരുന്നില്ലേ? യോജിച്ചുകൊണ്ടുള്ള ഒരു റിപ്പോർട്ട്‌ വന്നതിനുശേഷം മന്ത്രി നിർബന്ധമായി പറഞ്ഞു, അതുകൊണ്ട്‌ ഞങ്ങളെക്കൊണ്ട്‌ ഒന്നും സാധിച്ചില്ലെന്നു പറയുന്നത്‌ ചീത്ത കീഴ്‌വഴക്കമാണ്‌. ഉള്ളത്‌ ഉള്ളതുപോലെ പറയണം. നിങ്ങൾ കമ്മിറ്റിയുടെ പ്രവർത്തനത്തെക്കുറിച്ച്‌ അറിയാത്ത ആളാണോ? കമ്മിറ്റിയിൽ ഇഷ്‌ട

LIBRARY ARCHIVES Kerala Legislative Assembly

മുള്ള അഭിപ്രായം പറയാം. പക്ഷേ ഭൂരിപക്ഷമോ, ന്യൂനപക്ഷമോ നോക്കി യിട്ടല്ല തീരുമാനമെടുക്കുന്നത്. ഇതെല്ലാവരും യോജിച്ചുകൊണ്ടുള്ള റിപ്പോർട്ടാണ്. അതിനെ തെരഞ്ഞെടുപ്പിനുവേണ്ടി, വോട്ട് പിടിക്കാൻ വേണ്ടി, കൊണ്ടുവന്ന നിയമമാണിതെന്നൊക്കെ പറയുന്നത് ശരിയല്ല. ഇത് പാസ്സാക്കിയിട്ടാണോ ഡിസ്ട്രിക്ട് കൗൺസിൽ തെരഞ്ഞെടുപ്പിൽ വോട്ട് കിട്ടിയത്? അങ്ങനെ ചീപ്പായിട്ടൊന്നും ഈ നിയമത്തെക്കുറിച്ച് പറയരുത്. ഈ നിയമം പുരുഷൻമാരുടെ അവകാശത്തെ ഹനിക്കുന്ന താണെന്ന് ഇവിടെ പറഞ്ഞു. ആരുടെയെങ്കിലും പേരിൽ ഒരു സ്ത്രീ കേസ് കൊടുത്താൽ, പുരുഷനെ വിളിച്ച് ചോദ്യം ചെയ്യും. അതുകൊണ്ട് ഇത് പാടില്ലെന്ന് ഇവിടെ പറഞ്ഞു. എവിടെയെങ്കിലും പെൺകുട്ടികളെ താമസിപ്പിച്ചാൽ അതിന് കത്തോലിക്ക സ്ഥാപനങ്ങളും മറ്റ് സ്ഥാപന ങ്ങളുമുണ്ട് എന്ന് പറഞ്ഞു. അതുകൊണ്ട് ഇതൊന്നും നടപ്പിലാക്ക രുതെന്ന് പറയുന്നത് ശരിയല്ല. അത് സ്ത്രീകളുടെ കാര്യമാണ്. നമ്മുടെ നാട്ടിലെ സ്ത്രീകളെ പഠിപ്പുള്ളവരാണ്. നമ്മളെ ഇപ്പോൾ സാക്ഷരത പ്രഖ്യാപിക്കാൻ പോവുകയാണ്. മറ്റ് സംസ്ഥാനങ്ങളെക്കാൾ നമ്മുടെ സംസ്ഥാനം ഭേദമാണ്. എങ്കിലും ഇന്നും സ്ത്രീധനം വാങ്ങുന്നുണ്ട്, സ്ത്രീകൾക്ക് കുടുംബത്തിൽ രണ്ടാം സ്ഥാനമാണുള്ളത്. സ്നേഹിക്കുന്ന അച്ഛനും അമ്മയുമാണെങ്കിൽപോലും അറിയാതെ പെൺകുട്ടികൾക്ക് രണ്ടാം സ്ഥാനം കൊടുത്തുപോകുന്നു. നമ്മുടെ സാമൂഹ്യനീതി അതാണ്. ഇന്ന് നടക്കുന്നത് അതാണ്. സ്ത്രീകൾക്ക് കിട്ടേണ്ട അവകാശങ്ങൾ കിട്ടുന്നില്ല. ഞാൻ വളരെ സന്തോഷത്തോടുകൂടി പറയുകയാണ്, ശ്രീമതി ലീലാദാമോദരമേനോൻ സംസാരിച്ചപ്പോൾ പറഞ്ഞു, 1975-ൽ യൂണൈറ്റഡ് നേഷൻസ് ഇതുപോലൊരു കമ്മീഷൻ സ്ഥാപിക്കണമെന്ന് തീരുമാനിച്ചതാണെന്ന്. കഴിഞ്ഞ വളരെ വർഷമായി ദീർഘകാലമായി പല സന്ദർഭങ്ങളിൽ കോൺഗ്രസ് മന്ത്രിസഭ വന്നിട്ടും ഈ നിയമം കൊണ്ടുവന്ന് പാസ്സാക്കാനുള്ള ഭാഗ്യം എനിക്കാണ് കിട്ടിയത്. ഇത് നമ്മുടെ രാജ്യത്തെ ഒരു സാമൂഹ്യ നിയമമാണ്. ഇതിൽ രാഷ്ട്രീയ മൊന്നും നോക്കാൻ പാടില്ല. സ്ത്രീയെന്നുള്ള നിലയിൽ അനുഭവിക്കുന്ന ദുഃഖങ്ങളിൽനിന്നും ഒരു മാറ്റം വരുത്താൻവേണ്ടിയുള്ള ഒരു നടപടി ക്രമമാണിത്. പുരുഷൻ ഇന്നുവരെ സമൂഹത്തിൽ സ്ത്രീകളിൽ ഏൽപ്പി ച്ചിട്ടുള്ള ആഘാതം-ചിലപ്പോൾ അറിഞ്ഞുകൊണ്ടായിരിക്കില്ല, അതിൽ നിന്നും സ്ത്രീയെ തുല്യതയിലേക്ക് എത്തിക്കാൻവേണ്ടിയുള്ളതാണിത്. ഈ നിയമം പാസ്സായതുകൊണ്ടുമാത്രം സ്ത്രീക്ക് തുല്യത കിട്ടുകയില്ല. അതിന് സംഘടനകളുണ്ടാകണം; മഹിളാ സംഘടനയിൽ നിങ്ങളം പ്രവർത്തിക്കാത്തതിന്റെ ബുദ്ധിമുട്ടാണ്, കോൺഗ്രസ് പാർട്ടിയിൽ മാത്രം പ്രവർത്തിച്ചാൽ പോരാ. സ്ത്രീകളുടെ സംഘടനയിൽ പ്രവർത്തിക്കണം. എങ്കിൽമാത്രമേ സ്ത്രീകളുടെ ദുഃഖം അറിയുകയുള്ളൂ, സ്ത്രീകളുടെ വിഷമം അറിയുകയുള്ളൂ. സ്ത്രീയെ ഇന്ന് ഏതെല്ലാം വിധത്തിൽ വേർതിരിച്ചാണ് കാണുന്നത്? സ്ത്രീകൾക്ക് അവകാശപ്പെട്ട സ്ഥാപനങ്ങൾ അവർക്ക് നിഷേധിക്കപ്പെടുന്നു. സ്ത്രീയെ ഇന്നും വെറും സുഖഭോഗ വസ്തുവായിട്ടാണ് കാണുന്നത്. നമ്മുടെ സമുദായത്തിലെ രണ്ട് ഘടകങ്ങളായി സ്ത്രീയെയും പുരുഷനേയും ഒന്നിച്ച് യോജിപ്പിച്ചു കൊണ്ടുള്ള ഒരു പ്രയാണത്തിലേക്ക് നീങ്ങാൻവേണ്ടിയുള്ള നടപടിക്രമ മാണിത്. അത് നടത്താൻ സംഘടനകളുണ്ടാകണം, പ്രക്ഷോഭണങ്ങ ളുണ്ടാകണം, കമ്മീഷൻ നല്ലതുപോലെ വർക്ക് ചെയ്യണം. ഇത്തരത്തിലുള്ള നടപടികളുണ്ടായെങ്കിൽ മാത്രമേ ഫലപ്രദമാകുകയുള്ളൂ. അതാണ് ഈ നിയമത്തിൽ പറഞ്ഞിട്ടുള്ളത്. ഇക്കാര്യങ്ങളാണ് ശ്രീമതി റോസമ്മ ചാക്കോ യോട് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇവിടെ ശ്രീമതി മേഴ്സിക്കുട്ടിയമ്മ സംസാരിച്ചതുസംബന്ധിച്ച് ഒരു തർക്കം വന്നു. അവർ പറഞ്ഞത് ഇവരൊക്കെ പറയുന്നതുപോലെ മുസ്ലീം സമുദായത്തെക്കുറിച്ചല്ല. അവർ പറഞ്ഞത്, Muslim Women (Protection of Rights on Divorce) Act, 1986-നെ സംബന്ധിച്ചാണ്. അതിലുള്ള വ്യവസ്ഥയാണ് ഇവിടെ പറഞ്ഞത്. അതിലുള്ള വ്യവസ്ഥ എന്താണെന്നുവച്ചാൽ സ്ത്രീക്ക് അതിൽ രണ്ടാം വകുപ്പിൽ പറഞ്ഞിരിക്കുന്ന മെയിൻറനൻസിനുള്ള അവകാശമുണ്ട്. അവരുടെ ഇദ്ദാത്ത് പീരീഡാണ്. ആ ഇദ്ദാത്ത് പിരീഡ് എന്താണ്? Three menstrual courses after the date of divorce. അല്ലെങ്കിൽ ഇങ്ങനെയില്ലാത്ത സ്ത്രീക്ക് മൂന്ന് ലൂണാർ മാസം. ഇത് പറഞ്ഞിട്ട് അവർക്ക് ഈ കാലത്താണ് മെയിൻറനൻസ് കൊടുക്കാൻ പറഞ്ഞിരിക്കുന്നത്. ഈ കാലത്തേ മെയിൻറനൻസിന് കൊടുക്കാൻ പറഞ്ഞിട്ടുള്ളൂ. ശ്രീമതി മേഴ്സിക്കുട്ടിയമ്മ പറഞ്ഞത് ഒട്ടും തെറ്റെന്നുമല്ല. സ്ത്രീകളുടെ സ്വത്ത് അവർ മരിച്ചാൽ ആർക്ക് ഇൻഹെരിറ് ചെയ്യുന്നോ അവർ കൊടുത്തുകൊള്ളാനാണ്. ഒരു പുരുഷൻ ഉപേക്ഷിച്ച സ്ത്രീ വിവാഹം കഴിക്കാതിരുന്നാൽ മാർക്കറ്റിൽ പുരുഷനോടൊപ്പം സ്ത്രീക്ക് സ്ഥാനമുണ്ടോ? 20 കല്യാണം കഴിച്ച പുരുഷന് പെണ്ണിനെ കിട്ടുമെന്നും ഒരു കല്യാണം കഴിച്ച സ്ത്രീക്ക് പുരുഷനെ കിട്ടാൻ വിഷമമാണെന്നും പറയുന്നു.

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: ബഹുമാനപ്പെട്ട മന്ത്രി ഖുറാനിൽ പറഞ്ഞിട്ടുണ്ട്എന്നു പറഞ്ഞു, ഖുറാനിൽ എവിടെയാണ് പറഞ്ഞിട്ടുള്ളത്?

ശ്രീമതി കെ. ആർ. ഗൗരി അമ്മ: ഞാൻ ഒരു ഖുറാനും പറഞ്ഞില്ല. ഞാൻ പറഞ്ഞത്, ശ്രീമതി മേഴ്സിക്കുട്ടി അമ്മ പറഞ്ഞതാണ്. അത് എന്താണെന്നുവെച്ചാൽ Muslim Women's (Protection of Rights on Divorce) Act, 1986 ശ്രീ. രാജീവ്ഗാന്ധി പാസ്സാക്കിയ നിയമത്തിലെ വ്യവസ്ഥയാണ്. ആ വ്യവസ്ഥയിൽ ഇദ്ദാത്ത് പീരീഡിൽ മാത്രമാണ് മെയിൻറനൻസ്കൊടുക്കാൻ പറഞ്ഞിരിക്കുന്നത്. ബാക്കിയുള്ള കാലങ്ങളിൽ ആരു കൊടുക്കാനാണ് പറഞ്ഞിരിക്കുന്നത്? അതിൽ സെക്ഷൻ 3 വായിച്ചു നോക്കിയാൽ എല്ലാം മനസ്സിലാകും. നിങ്ങളും അതു വായിച്ചാൽ മതി. എന്താണെന്നു വച്ചാൽ, Mahar or other Properties of Muslim Women to be given to..... അതുപറഞ്ഞിട്ട്, ഇവരുടെ സ്വത്ത് ആരു ഇൻഹെരിറ് ചെയ്യുന്നോ അവർ കൊടുക്കണം. മക്കളുണ്ടെങ്കിൽ അവർ കൊടുക്കണം. അല്ലെങ്കിൽ അവരുടെ സ്വത്ത് എടുക്കുന്നവർ കൊടുക്കണം. അല്ലെങ്കിൽ അമ്മാവൻ കൊടുക്കണം. ഇവരാരും കൊടുത്തില്ലെങ്കിൽ പിന്നെ കൊടുക്കേണ്ടത് വഖഫ് ബോർഡാണ്. ഇതാണ് എഴുതിയിരിക്കുന്നത്. അതാണ് തെറ്റെന്ന് പറഞ്ഞത്. നിങ്ങളും അത് തെറ്റിദ്ധരിച്ചിട്ട് മുസ്ലീം സമുദായത്തിനെതിരായിട്ടുള്ള, അവർക്ക് അവഹേളനാപരമായ വിധത്തിൽ അങ്ങോട്ടും ഇങ്ങോട്ടും തർക്കംവന്നു. ഇതാണ് നിയമം. ആ നിയമത്തിലുള്ള വ്യവസ്ഥയാണ് അവർ പറഞ്ഞത്, അതിൽ ആർക്കെങ്കിലും മതപരമായോ മാനസികമായോ എന്തെങ്കിലും ബുദ്ധിമുട്ട് വന്നിട്ടുണ്ടെങ്കിൽ മേഴ്സിക്കുട്ടിയമ്മയ്ക്കുവേണ്ടി ഞാൻ മാപ്പുചോദിക്കുകയാണ്. ഇതിൽ ആർക്കും ഒരു വികാരവും വരേണ്ട കാര്യമില്ല. ഒരു നിയമത്തിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥ പറഞ്ഞാൽ എന്തിനാണ് വികാരമുണ്ടാകുന്നത്. ആ നിയമം മാറ്റി തീർക്കണമെന്നുപറയണം. ഭർത്താവ് ഉപേക്ഷിച്ച ഒരു സ്ത്രീക്ക് അവർ വിവാഹം കഴിക്കാതിരിക്കുന്നതുവരെയും കാലം ഭർത്താവ് മെയിൻറനൻസ് കൊടുക്കണം. അങ്ങനെയല്ല നിയമം, അത് മാറ്റണം.

LIBRARY ARCHIVES Kerala Legislative Assembly

ഈ നിയമത്തെ സംബന്ധിച്ച് സംസാരിച്ചപ്പോൾ ശ്രീ. കെ. വി. സുരേന്ദ്രനാഥും ശ്രീ. സി. ടി. കൃഷ്ണനും പറഞ്ഞത് ഇതൊരു ചൊറിയ ബോർഡാണെന്നാണ്. നമ്മൾ ഇതിൽ സബ് കമ്മിറ്റി ഉണ്ടാക്കാമോ സബ് കമ്മിറ്റി സ്ഥിരമായിട്ട് ഇരിക്കത്തക്ക വിധത്തിൽ ഭേദഗതി വരുമോ എന്ന് ആലോചിക്കണം. എന്താണെന്നുവെച്ചാൽ, വിപുലമായിട്ടുള്ള ഒരു കമ്മിറ്റി വന്നാൽ ഉടൻതന്നെ പല പ്രശ്നങ്ങളെപ്പറ്റിയും സബ് കമ്മിറ്റി ഉണ്ടാക്കി ആളുകളെ വിളിക്കാം എന്നു ഞങ്ങൾ എഴുതിച്ചേർത്തിട്ടുണ്ട്. അത് വേണമെങ്കിൽ ആലോചിക്കണം. ഞാൻ എല്ലാവരോടും ആലോചിക്കാൻ തയ്യാറാണ്. പ്രത്യേക പ്രശ്നങ്ങളെപ്പറ്റി നോക്കാൻ ഇവർക്കുതന്നെ സബ് കമ്മിറ്റി ഉണ്ടാക്കാമോ എന്നത് സംബന്ധിച്ച് പരിശോധിക്കണം.

അതുപോലെ വേറൊരു പ്രശ്നം വന്നത്, ഇവർക്കുള്ള അധികാരം ഒരു തർക്കപ്രശ്നമാണ്. ഇതിൽ ചേർത്തിരിക്കുന്ന ഏതെങ്കിലും കാര്യം വന്നാൽ എല്ലാം ഒഫൻസായിട്ട് ഡിക്ലയർ ചെയ്യാം. ഡിക്ലയർ ചെയ്തില്ലെങ്കിൽ നമുക്ക് നടപടിയെടുക്കാൻ പറ്റുകയില്ല. ഞാൻ പറയുന്നത്, കുറെ കാര്യങ്ങളും ഈ കമ്മീഷന്റെ ഉപദേശപ്രകാരം അവർ വയ്ക്കുന്ന വിജിലൻസ് കമ്മീഷനോ അല്ലെങ്കിൽ പ്രൊട്ടക്ഷൻ കൗൺസിൽ പോലെയുള്ള അധികാരമോ ഇതിൽ കൊടുക്കാമോ എന്നത് നമ്മൾ പരിശോധിക്കണം. എല്ലാ കാര്യങ്ങളിലുമല്ല ഒഫൻസായിട്ട് ഡിക്ലയർ ചെയ്യുന്നതിൽ എന്താണെന്നുവച്ചാൽ, ഗവൺമെന്റ് മെഷിനറിയെക്കുറിച്ച് നമുക്കറിയാം. ചെന്നാൽ അവിടെ കിടക്കും, ഇവിടെ കിടക്കും. അതിനെ സംബന്ധിച്ച് നിങ്ങൾ ഭേദഗതി കൊണ്ടുവന്നാൽ അതു പരിശോധിക്കാൻ ഞാൻ തയ്യാറാണ്. ഞാൻ അഞ്ചാറു പ്രാവശ്യം പറഞ്ഞിട്ടും ഇത് ഒഫൻസായിട്ട് ഡിക്ലയർ ചെയ്യാൻ വിഷമം. ഈ കമ്മിറ്റിക്ക് അധികാരം കൊടുക്കുന്നതാണ്. അതു കൊണ്ട് ഇത് നമ്മൾ നോക്കണം. ആദ്യകാലത്തെങ്ങാനും അൽപം എക്സസ് വന്നുപോയാൽ തെറ്റില്ല, അതുകൊണ്ട് നമ്മൾ അതിനെപ്പറ്റി ആലോചിക്കണം.

ശ്രീ. പി. പി. തങ്കച്ചൻ: അതിന് ഇനി സമയമുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി അമ്മ: അതിനു നിങ്ങൾ ആലോചിക്കണം. ഇന്നു രാത്രി ഭേദഗതി എഴുതുന്ന മിടുക്കൻമാരുണ്ട്. ഇതൊക്കെ ചെയ്യുന്ന ആളുകളുണ്ട്. ഞാനും എന്റെ ഉദ്യോഗസ്ഥൻമാരുമായിട്ട് ആലോചിച്ച് ഞാൻ ഭേദഗതിതരാം. ഇത് പാസ്സാക്കാൻ അജണ്ടയിൽ വരാതിരുന്നതാണ്. എന്നെ സ്പീക്കറാണ് സഹായിച്ചത്. ആദ്യം കഴിഞ്ഞ നിയമസഭയിൽ പറഞ്ഞെന്നും പറഞ്ഞ് ഇവിടെ വലിയ കോലാഹലമുണ്ടായി. ഇന്ന് ആരോ പരാമർശിച്ചു. അങ്ങ് ഇല്ലാത്തതുകൊണ്ട് ഇതു വേഗം നടക്കുമെന്ന്. ഇതിൽ ഞാൻ അങ്ങേക്ക് പ്രത്യേക നന്ദി രേഖപ്പെടുത്തുകയാണ്. എന്താണെന്നുവെച്ചാൽ, ഇത് അജണ്ടയിൽ ചേർക്കാനുള്ള എന്റെ ശ്രമത്തെ അങ്ങാണ് സഹായിച്ചത്. അതിന് ഒരിക്കൽകൂടി നന്ദിരേഖപ്പെടുത്തുന്നു. സ്ത്രീ എന്നുപറഞ്ഞാൽ അവർക്ക് രാഷ്ട്രീയമില്ല. അവർക്ക് മതമില്ല, ജാതിയില്ല, ഏതു തലത്തിലിരിക്കുന്നവരാണെന്നില്ല. ഇന്ന് ഇവിടെ ചിലർ സംസാരിച്ചപ്പോൾ പറഞ്ഞു, വരുമാനമുണ്ടെങ്കിൽ സ്ത്രീ കുറേക്കൂടി ഭേദമാണ് എന്ന്. വരുമാനമുള്ള ഒരു സ്ത്രീ വരുമാനമുള്ള ഒരു പുരുഷനെ കല്യാണം കഴിക്കണമെങ്കിൽ, അയാൾ ഒരു ഡോക്ടറോ, ഐ. എ. എസ്. കാരനോ ഐ. എഫ്. എസ്. കാരനോ ആയിപ്പോയാൽ വിവാഹമാർക്കറ്റിൽ കൊടുക്കേണ്ട തുകയ്ക്ക് കണക്കുണ്ടോ? ഉള്ളവൻ കൊടുക്കുന്നു, ഇല്ലാത്തവൻ കൊടുക്കുന്നില്ല. പാവപ്പെ

LIBRARY ARCHIVES Kerala Legislative Assembly

ആളുകളുടെ വീട്ടിൽ ഇന്നും 10, 15 വയസ്സുള്ള, പതിനെട്ടു വയസ്സുമുതൽ ഒരു കുടുംബ ജീവിതം നയിക്കാൻ ആഗ്രഹിച്ചുകൊണ്ടും അതു സ്വപ്നം കണ്ടുകൊണ്ടും നിൽക്കുന്ന അനേകം സ്ത്രീകളെ ഇന്നും വിവാഹം കഴിക്കാതെ നിൽക്കുന്നതു കാണാം. വിവാഹം കഴിച്ച സ്ത്രീകളെ, വിവാഹം കഴിച്ച് ഒരു കുട്ടി ഉണ്ടായിക്കഴിഞ്ഞാൽ പിന്നെ പുരുഷനു ഫ്രീഡം കൊടുക്കാത്തതിന്റെ പേരിൽ, ടെലിവിഷൻ കൊടുക്കാത്തതിന്റെ പേരിൽ അവർക്കുണ്ടായ കുട്ടിയുമായി ഭർത്താവിനോടൊത്ത് താമസിക്കുവാൻവേണ്ടി ഹൃദയം നൊന്തു കഴിയുന്നവരുണ്ട്. നമ്മൾ അറിഞ്ഞും അറിയാത്തതുമായ ലൈസൻസുള്ളതും ലൈസൻസില്ലാത്തതുമായ വ്യഭിചാരശാലകളും ജീവിക്കുവാൻവേണ്ടിയാണ് നടത്തുന്നത്. സ്ത്രീ ഇന്നും കച്ചവടച്ചരക്കാണ്. നിങ്ങളും പറയും നാട്ടിൽ പ്രഗത്ഭരുണ്ടെന്ന്. അതുകൊണ്ട് കാര്യമായോ? 90 ശതമാനം സ്ത്രീയും ഇവിടെ നെടുവീർപ്പിട്ടു കഴിയുകയാണ്. അവർക്ക് അഭിമാനത്തോടുകൂടി ജീവിക്കാനുള്ള സൗകര്യം ഉണ്ടാക്കാൻ വേണ്ടിയുള്ള ഒരു നിയമനിർമ്മാണമാണ് ഇത്. അതിനു വേണ്ടിയുള്ള നിയമനിർമ്മാണത്തിൽ ഈ രാജ്യത്തെ സംഘടനകളും, സ്ത്രീകളും ഇതിന്റെ പിന്നിൽ അണിനിരന്ന് അവർക്ക് കിട്ടേണ്ട സ്ഥാനം സ്ഥാപിച്ചെടുക്കുന്നതിന് സഹകരിക്കണം. അതിനുവേണ്ടിയുള്ള ഒരു നിയമമാണ് ഇത്. അതുകൊണ്ട് ഈ ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്കും, എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. വയലാർ രവി: സർ, സഭ അവസാനിക്കുന്ന ദിവസമെങ്കിലും ശ്രീമതി ഗൗരി അമ്മ അങ്ങയെക്കുറിച്ച് വളരെ നല്ല വാക്കുകൾ പറഞ്ഞതിൽ അങ്ങേക്ക് അത്യധികം സന്തോഷമായിട്ടുണ്ടെന്നു എടുക്കാം.

ശ്രീ. കെ. വി. സുരേന്ദ്രനാഥ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി. ടി. കൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1991-ലെ കേരള വനിതാ കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

Shri T. M. Jacob: Sir, I move the following amendments.

75. In clause 2 (h) for "under the provision of any law" substitute "under any law".

76. In clause 2 (h) for "distinction" substitute "discrimination" and for "restriction" substitute "restraint".

77. After clause 2(h) add the following as clause 2 (bb), namely:-
"(bb) 'Government' means the Government of Kerala".

LIBRARY ARCHIVES Kerala Legislative Assembly

79. In clause 2 (d) for "shall include" substitute "includes"

87. In clause 2(d) for "including agencies" substitute "including any agency".

90. In clause 2 (f) for "or any corporation" substitute "or any company, corporation or board".

93. In clause 2(f) and the following at the end, namely:—

"or a firm or association of persons whether incorporated or not".

104. After clause (h) add the following Explanation, namely:

"*Explanation*.—For the purpose of this sub-section it is hereby clarified that if, the time honoured personnel laws or custom or usage of any society or class or group of citizens recognises the abrogation of any economic or civil rights as respects the women of that society, class or group it shall not be treated as unfair practice".

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി അമ്മ): സർ, 2-ാം വകുപ്പിൽ ശ്രീ. ടി. എം. ജേക്കബ്ബിന്റെ 77-ാം നമ്പർ ഭേദഗതിയിൽ പറഞ്ഞിട്ടുള്ള "Government of Kerala" എന്നുള്ളത് അംഗീകരിക്കാം; ഒരു Ambiguity ഇല്ലാതിരിക്കാൻ. എന്റെ ഡിപ്പാർട്ടുമെന്റുകാർ അത് വേണ്ടെന്നുപറഞ്ഞാലും അത് വേണം. എന്താണെന്നുവച്ചാൽ ഇത് കേരളത്തിലെ ഗവൺമെന്റിനെ സംബന്ധിച്ചിട്ടുള്ള നിയമമാണ്.

മി. സ്പീക്കർ: ശ്രീ. ടി. എം. ജേക്കബ് കൊണ്ടുവരുന്ന ഭേദഗതികളൊന്നുംതന്നെ ഗൗരിയമ്മ ഇതുവരെ ചരിത്രത്തിൽ അംഗീകരിച്ചിട്ടില്ല. ഇപ്പോൾ അംഗീകരിച്ചിട്ടുണ്ട്. എന്നോട് സ്നേഹവും കാണിച്ച്, ശ്രീ. ടി. എം. ജേക്കബ്ബിന്റെ അമൻറുമെൻറും അക്സപ്റ്റ് ചെയ്തു.

ശ്രീ. ടി. എം. ജേക്കബ്: സർ, വളരെ മാറ്റം ഉണ്ട്. എന്റെ ആദ്യത്തെ ഭേദഗതി 75 ആണ്. ഇവിടെ under the provision of any law, എന്ന് പറഞ്ഞിട്ടുണ്ട്. ഇതിനകത്ത് 'under any law' എന്നു മതി. ഇത് ശ്രീമതി കെ. ആർ. ഗൗരിയമ്മയ്ക്ക് സ്വീകരിക്കാവുന്ന ഒരു ഭേദഗതിയാണെന്ന് എനിക്ക് തോന്നുന്നു.

എന്റെ അടുത്ത ഭേദഗതി 76 ആണ്. ഇത് അങ്ങ് കൂടി ശ്രദ്ധിക്കേണ്ട ഒരു സംഗതിയാണ്. (h) 'unfair practice' means any distinction, exclusion or restriction made on the basis of sex for the purpose of or which has the effect of impairing.....' എന്നു പറഞ്ഞുകൊണ്ടാണ് പറഞ്ഞിരിക്കുന്നത്, ഇതിനകത്ത് distinction എന്ന വാക്കിനു പകരം 'discrimination' എന്ന വാക്ക് ചേർക്കുന്നതാണ് നല്ലത്. നമ്മുടെ ഭരണഘടനയിൽപ്പോലും പ്രയോഗിച്ചിരിക്കുന്ന പദം അതുതന്നെയാണ്. അതുപോലെതന്നെ restriction എന്നുള്ളതിനുപകരം restraint എന്ന പദമാണ് നല്ലത്. അത് രണ്ടും അൺഫെയർ പ്രാക്ടീസ് ഡിഫൈൻ ചെയ്തു വരുമ്പോൾ ഈ പദങ്ങളാണ് അതിന് അനുയോജ്യമായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

എന്റെ അടുത്ത ഭേദഗതിയായ 77-ാം നമ്പർ ഭേദഗതി ബഹുമാനപ്പെട്ട കെ. ആർ. ഗൗരിയമ്മ സ്വീകരിക്കുന്നുവെന്നു പറഞ്ഞു. പല സ്ഥലത്തും Government എന്നുള്ള പദപ്രയോഗം ഉണ്ട്. അത് കുറച്ചുകൂടി ക്ലീയർ ആക്കി നമ്മുടെ സ്റ്റേറ്റ് ഗവൺമെന്റിനെ ആണ് ഉദ്ദേശിക്കുന്നതെന്നു പറയാൻ വേണ്ടിയിട്ടാണ് ഞാൻ ആ ഭേദഗതി നിർദ്ദേശിച്ചിരിക്കുന്നത്. അങ്ങ് അതു ശ്രദ്ധിച്ചുകാണും. അതായത് distinction എന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. Distinction-നേറെയും discrimination-നേറെയും അർത്ഥം രണ്ടും രണ്ടാണ്. അതുപോലെതന്നെ ഇവിടെ പറഞ്ഞിരിക്കുന്ന മറൊരു വാക്ക് Restriction എന്നാണ്. അതിന് restraint എന്നുള്ള വാക്കാണ് ഞാൻ നിർദ്ദേശിച്ചിരിക്കുന്നത്. അതു രണ്ടുമാണ് വേണ്ടത്. മറേറത് എങ്ങനെയാണ് വന്നതെന്നുള്ളതിനെക്കുറിച്ച് എനിക്ക് അറിഞ്ഞുകൂടാ. Distinction എന്ന വാക്കും discrimination എന്ന വാക്കും തമ്മിൽ അർത്ഥത്തിൽ വളരെ വ്യത്യാസം വരുന്നുണ്ട്. അത് ബഹുമാനപ്പെട്ട മന്ത്രി ഒന്നു നോക്കേണ്ടതായിട്ടുണ്ട്. Unfair practice എന്നുള്ളതു വരുമ്പോഴും ആ വാക്കുകളം വരുന്നതായിരിക്കും ഡഫനിഷനിൽ ശരിയായിട്ടുള്ളതെന്നാണ് എനിക്ക് തോന്നുന്നത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി അമ്മ): സർ, ഇതിൽ ഉദ്ദേശിക്കുന്നത് നിങ്ങളം പറയുന്നതുപോലെ discrimination എന്നുള്ളതല്ല. സ്ത്രീയും പുരുഷനും തമ്മിലുള്ള distinction ആണ് ഉദ്ദേശിക്കുന്നത്, അതുകൊണ്ടാണ് distinction എന്ന് എഴുതിയത്. അതുപോലെ restriction—സ്ത്രീകൾക്ക് കൊടുക്കുന്തായിട്ടുള്ള ചില റെസ്ട്രിക്ഷൻസ് ഉണ്ട്. ഇതാണ് അതുകൊണ്ട് ഉദ്ദേശിച്ചത്. മറ്റുവിധത്തിലുള്ള infringement of any right, അല്ലെങ്കിൽ discrimination അതെല്ലാം ഭരണഘടനയിൽ വരുന്നതുപോലെ ചേർത്തിട്ടുണ്ട്. അതുകൊണ്ട് distinction between men and women, അതുപോലെതന്നെ restriction on the movement or any rights of woman, ഇതാണ് എന്റെ മനസ്സിൽ ഇതു വന്നപ്പോൾ ഉദ്ദേശിച്ചത്.

ശ്രീ. വയലാർ രവി: സർ, വിവേചനം എന്ന വാക്കിന്റെ ശരിയായ ഇംഗ്ലീഷ് discrimination എന്നാണ്. Distinction എന്ന വാക്കിന് ഡിക്ഷനറിയിൽ പല അർത്ഥങ്ങളുമുണ്ട്.

ശ്രീ. ടി. എം. ജേക്കബ്: ഇതിനകത്തുള്ളത് നമ്മം ഡഫനിഷൻ ക്ലാസ്സിന്റെ ബേസ്സിസിലാണല്ലോ ബാക്കി ഇൻറർപ്രട്ടേഷൻസ് വരുന്നത്. ബാക്കി സെക്ഷൻസിനകത്ത് വരുന്ന കാര്യങ്ങളെ സംബന്ധിച്ച് കൂടുതൽ ക്ലാരിറ്റി വരുത്താൻ വേണ്ടിയിട്ടും അതുപോലെതന്നെ അത് ഡിഫൈൻ ചെയ്യാൻ വേണ്ടിയിട്ടുമാണ് ഡഫനിഷൻ ക്ലാസ് നമ്മം ഉൾപ്പെടുത്തിയിരിക്കുന്നത്. അപ്പോൾ ഡഫനിഷൻ ക്ലാസ്സ് വളരെ പ്രധാനപ്പെട്ടതാണ്. Unfair practice എന്നു പറയുന്നത് എന്താണെന്ന് നമ്മം ഡിഫൈൻ ചെയ്തിരിക്കുകയാണ്. എനിക്ക് ഇങ്ങനെ ചെയ്യുന്നതാണ് നല്ലതെന്നുതോന്നുന്നു.

എന്റെ 79-ാം നമ്പർ ഭേദഗതിയിൽ ഞാൻ പറഞ്ഞിരിക്കുന്നത് shall include എന്നുള്ളതിനു പകരം includes എന്ന് ആക്കണമെന്നാണ്. മറ്റുള്ള സബ് ക്ലാസ്സിലെല്ലാം means എന്നാണ് പ്രയോഗം. അതുമായി യോജിച്ചുപോകാൻ ഈ ഭേദഗതി ആവശ്യമായിട്ടുണ്ട്. എന്റെ അടുത്ത ഭേദഗതി 87 ആണ്. "including agencies" എന്നുള്ളത്

LIBRARY ARCHIVES Kerala Legislative Assembly

"including any agency" എന്നു് ആക്കുന്നതാണു് നല്ലതു്. ഒന്നുകൂടി നല്ല പ്രയോഗം അതാണു്. എന്റെ അടുത്ത ഭേഗതി 90 ആണു്. ഇവിടെ 2 (എഫ്)–നകത്തു് "or any corporation"– എന്നാണു് പറഞ്ഞിരിക്കുന്നതു്. അതിനു് ഞാൻ പറഞ്ഞിരിക്കുന്നതു് substitute "or any company, corporation or board" എന്നാണു്. ഇതിനകത്തു് public servant എന്നുള്ളതു് ഡിഫൈൻ ചെയ്തിട്ടുള്ളതു് ഗവൺമെന്റു കമ്പനികളിലും മറ്റും അൺഫെയർ പ്രാക്ടീസു് നടത്തുന്നുണ്ടോ എന്നു് പരിശോധിക്കാനാണു്. അങ്ങനെവരുമ്പോഴും കോർപ്പറേഷൻ മാത്രം ഇതിന്റെ പരിധിയിൽ വന്നാൽ പോര, കമ്പനിയും ബോർഡും കൂടി വരണം. അങ്ങനെ വന്നെങ്കിലേ അതു് പൂർണ്ണമാകൂ. അതുകൊണ്ടാണു് ഞാൻ ആ ഭേഗതി നിർദ്ദേശിച്ചിരിക്കുന്നതു്.

എന്റെ അടുത്ത ഭേഗതി 93 ആണു്. അതും 2 (എഫ്)–നുള്ള ഒരു ഭേഗതിയാണു്. "Or a firm or association of persons whether incorporated or not" (എഫ്)–ന്റെ അവസാനം അതുകൂടി ചേർക്കണമെന്നാണു് ഞാൻ ആവശ്യപ്പെട്ടിരിക്കുന്നതു്. ഫേമിലോ അസോസിയേഷനിലോ അൺഫെയർ പ്രാക്ടീസു് നടക്കുന്നുണ്ടോ എന്നു് പരിശോധിച്ചു് വേണ്ട നിർദ്ദേശം നൽകി നടപ്പിലാക്കണമെങ്കിൽ ഇവയെക്കൂടി 'പബ്ലിക് സർവ്വന്റ്'–ന്റെ പരിധിയിൽ കൊണ്ടുവന്നെങ്കിൽ മാത്രമേ അതു് നടക്കുകയുള്ളു. "or a firm or association of persons whether incorporated or not" അതായതു് 'പബ്ലിക് സർവ്വന്റ്'–ന്റെ പരിധിയിൽ കൊണ്ടുവരണമെങ്കിൽ ഇതുംകൂടി വന്നെങ്കിലേ സാദ്ധ്യമാവുകയുള്ളു. പിന്നെ ഒരു എക്സ്പ്ലനേഷൻ ഞാൻ കൂട്ടിച്ചേർക്കണമെന്നു് പറഞ്ഞിട്ടുണ്ടു്. അതു് പറയാൻ കാരണം മുസ്ലീം പേഴ്സണൽ ലാ അനുസരിച്ചാണെങ്കിൽ ആൺമക്കൾക്കും പെൺമക്കൾക്കും തുല്യ അവകാശമല്ല കൊടുത്തിട്ടുള്ളതു്. അതുപോലെതന്നെ ശരിയത്തു് ആക്ടും മുസ്ലീം സക്സഷൻ ആക്ടുമെല്ലാം കേന്ദ്ര നിയമങ്ങളാണു്. അപ്പോൾ കേന്ദ്ര നിയമവും നമ്മുടെ സംസ്ഥാന നിയമവും തമ്മിൽ എന്തെങ്കിലും ഒരു ഇൻകൺസിസ്റ്റൻസി ഉണ്ടായാൽ അതു് കേന്ദ്ര ആക്ടു് പ്രാവെയിൽ ചെയ്യുമെന്നാണു് ഭരണഘടനാപരമായിട്ടുള്ള വ്യവസ്ഥ. അതു് നിലനിർത്താൻവേണ്ടിയാണു് ഞാൻ ഈ എക്സ്പ്ലനേഷൻ കൊണ്ടുവന്നിരിക്കുന്നതു്.

Shri K. J. Thomas: Sir, I move the following amendments.

78. Clause 2 (d) shall be deleted and the remaining sub clauses may be renumbered accordingly.

92. In section 2 (f) insert the words "or Board" between the words 'corporation' and "owned".

99. In clause 2 (h) for the words "fundamental constitutional rights" substitute the words "any right under any law in force".

103. In clause 2 (h) the words "or sexual excesses" may be deleted.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇവിടെ 'പേഴ്സൺ' എന്ന വാക്കിന് ആക്ടിൽ വിശദീകരിച്ചിരിക്കുന്നത് ഫേം, കമ്പനി, കോർപ്പറേഷൻ, അസോസിയേഷൻ, ഗവൺമെന്റ്, ഗവൺമെന്റ് ഏജൻസികൾ, ഗവൺമെന്റ് ഉടമയിലുള്ള ഏജൻസികൾ എന്നൊക്കെയാണ്. ഈ 'പേഴ്സൺ' എന്ന വാക്ക് മേൽ പറഞ്ഞ കാര്യങ്ങൾക്കൊന്നും ഈ ആക്ടിനകത്ത് ഉപയോഗിക്കുന്നില്ല. വ്യക്തി എന്ന നിഘണ്ടുവിലെ അർത്ഥം മാത്രമാണ് ഈ ആക്ടിൽ 'പേഴ്സൺ' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. 'പേഴ്സൺ' എന്ന വാക്കിന് ആക്ടിൽ പ്രത്യേക നിർവ്വചനത്തിന്റെ ആവശ്യമില്ല. അതുകൊണ്ട് ഇത് ഡിലീറ്റ് ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

അതുപോലെ 92-ാം നമ്പർ ഭേദഗതിയിൽ 'പബ്ലിക് സർവ്വന്റ്' എന്ന നിർവ്വചനത്തിൽ ഇവിടെ പറഞ്ഞിരിക്കുന്നത് ഗവൺമെന്റ് എംപ്ലോയി, ലോക്കൽ ബോഡിയിലെ എംപ്ലോയി, കോർപ്പറേഷനിലെ എംപ്ലോയി, അതുപോലെ ഗവൺമെന്റ് നിയന്ത്രിക്കുന്ന സ്ഥാപനങ്ങളിലെ എംപ്ലോയി എന്നാണ്. എന്നാൽ ഇവിടെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഉണ്ട്. അതുപോലെ റൂറൽ ഡവലപ്പ്മെന്റ് ബോർഡ് ഉണ്ട്. അങ്ങനെ പല ബോർഡുകളും ഉണ്ട്. അതുകൊണ്ട് ഇതിന്റെ കൂട്ടത്തിൽ 'ബോർഡ്' എന്നുകൂടി ഉൾപ്പെടുത്തണമെന്നുള്ളതാണ് 92-ാമത്തെ ഭേദഗതി.

അതുപോലെ എന്റെ 99-ാം നമ്പർ ഭേദഗതി 2 (എച്ച്)-ൽ 'അൺഫെയർ പ്രാക്ടീസ്' എന്നതിന്റെ നിർവ്വചനത്തിൽ ഭരണഘടനാപരമായി സ്ത്രീകൾ അനുഭവിക്കുന്ന അവകാശത്തെ ഇല്ലാതാക്കുന്ന കാര്യമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഭരണഘടനാപരമായ അവകാശങ്ങൾ മാത്രമല്ല ഭരണഘടനാപരമല്ലാത്ത അവകാശങ്ങളും സ്ത്രീകൾക്കുണ്ട്. ഇപ്പോൾ നമ്മുടെ നാട്ടിൽ വിവാഹ നിയമങ്ങളുണ്ട്, സ്വത്ത് അവകാശത്തെ സംബന്ധിക്കുന്ന നിയമങ്ങളുണ്ട്, പിന്തുടർച്ചാവകാശ നിയമങ്ങളുണ്ട്. അപ്പോൾ ഭരണഘടനാപരമല്ലാത്ത മറ്റ് അവകാശങ്ങളും സ്ത്രീകൾക്ക് ഇവിടെ ഉള്ളതുകൊണ്ട് അതുകൂടി നമ്മൾ ചേർക്കണം. അതുകൊണ്ട് എന്റെ 99-ാം നമ്പർ ഭേദഗതി അംഗീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

എന്റെ അടുത്ത ഭേദഗതി 103 ആണ്. വളരെ പ്രധാനപ്പെട്ട ഒരു കാര്യം 103-ൽ പറയുന്നത് "mental or physical torture or sexual excesses" എന്നിവ ഇതിനകത്ത് ഉൾപ്പെടുത്തിയിരിക്കുകയാണ്. 'Sexual excesses' എന്നുള്ളതിന്റെ അർത്ഥം പറയാനുമൊക്കെ വളരെയധികം ബുദ്ധിമുട്ട് ഈ ആക്ടിൽ വരും. അതുപോലെ ഈ വനിതാ കമ്മീഷന്റെ മുമ്പാകെ ഈ പ്രശ്നം വരുമ്പോൾ അതിനെ സംബന്ധിച്ച് ഒരു തീരുമാനമെടുക്കാൻ വളരെയധികം ബുദ്ധിമുട്ട് ഉണ്ടാകുന്നതാണ്. നിഘണ്ടുവിൽ ഇതിന് പറയുന്ന അർത്ഥം 'ആധിക്യം' എന്നാണ്. അപ്പോൾ അതിനെ സംബന്ധിച്ച് ഇവിടെ വനിതാ കമ്മീഷന് ഈ കാര്യത്തിൽ തെളിവ് എടുക്കാനും മറ്റും ബുദ്ധിമുട്ടുള്ളതുകൊണ്ട് ആ വാക്ക് ഒഴിവാക്കി മറ്റ് ഏതെങ്കിലും വാക്ക് ഉപയോഗിക്കണം. അതിന് ഓറൽ അമൻറുമെന്റ് മന്ത്രി കൊണ്ടുവന്നാൽ മതി. അതാണ് 103-ാം നമ്പർ ഭേദഗതിയെ സംബന്ധിച്ചിടത്തോളം എനിക്ക് പറയാനുള്ളത്.

ശ്രീമതി എം. ടി. പത്മ: Sir, I move my amendments.

80. In clause 2(d) after "corporation" add "co-operative society".

LIBRARY ARCHIVES Kerala Legislative Assembly

84. In clause 2 (d) after "association of persons" add "local body".

100. In clause 2 (h) for "or the mental or physical torture or sexual excesses" substitute "or the commission of or any attempt to commit any mental or physical torture or sexual excesses".

സർ, 80–ഉം 84–ഉം അമൻറ്മെൻറ് പേഴ്സൺ എന്നുള്ള ഡഫനിഷനോടുകൂടി ചേർക്കേണ്ട രണ്ടു വാക്കുകളാണ്. കോർപ്പറേഷൻ എന്നതിനു ശേഷം കോ-ഓപ്പറേറീവ് സൊസൈറ്റിയെ കൂടി പേഴ്സണിൽ ഉൾപ്പെടുത്തണമെന്നുള്ളതാണ്. അതുപോലെതന്നെ "association of persons"-ന് ശേഷം local body-യെ കൂടി പേഴ്സണിൽ ഉൾപ്പെടുത്തണം.

സർ, എൻറെ 100–ാമത്തെ അമെൻറ്മെൻറ് unfair practice, commission of offence മാത്രമാണ് ഇതിൽ ചേർത്തിട്ടുള്ളത്. അതിൻറെ കൂട്ടത്തിൽ exemption–ഉം കൂടി ഉൾപ്പെടുത്തണമെന്നുള്ളതാണ്. Commission മാത്രമല്ല unfair practice ആകുന്നത്. excempt the commission of offence അതുംകൂടി unfair practice ആക്കണമെന്നുള്ളതാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി അമ്മ): സർ, ഇപ്പോൾ പേഴ്സണിൻറെ ഡഫനിഷനിൽ വ്യക്തി മാത്രമല്ല അതിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരുമൊക്കെ വരണം. അല്ലാതെ ഗവൺമെൻറ് സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നതായാലും കോർപ്പറേഷനിൽ പ്രവർത്തിക്കുന്നതായാലും ഗവൺമെൻറ് കൊടുക്കുന്ന എയ്ഡിൽ വരുന്ന സ്ഥാപനങ്ങളുടേത് വരും. അതുകൊണ്ട് person shall include a firm, ഏത് ഫേമും ആകാം. Company, Corporation, association of persons, or the Government and its agencies including agencies receiving aid from the Government അത് വളരെ വിപുലമാണ്. ഗവൺമെൻറ് എയ്ഡ് കൊടുക്കുന്ന ഏത് ഏജൻസിയും ഇതിൽ വരുമെന്നാണ് പറഞ്ഞിരിക്കുന്നത്. അപ്പോൾ പേഴ്സണെ എക്സ്ക്ലൂഡ് ചെയ്തിട്ടില്ല. person shall include എന്നേയുള്ളൂ. അപ്പോൾ വിപുലമാക്കുകയാണ് ചെയ്തത്. അതുകൊണ്ട് വിപുലമാക്കത്തക്കവിധത്തിൽ ഇത് നിൽക്കണം. അതുകൊണ്ട് പേഴ്സൺ മാത്രം മതിയെന്നുള്ള ശ്രീ. കെ. ജെ. തോമസിൻറെ ഭേദഗതി ഞാൻ അംഗീകരിക്കുന്നില്ല. ഇതിൽ ഞാൻ അംഗീകരിക്കുന്ന ഭേദഗതി പറയാം. ശ്രീ. ടി. എം. ജേക്കബിൻറെ 79–ാമത്തെ ഭേദഗതി 'കേരള ഗവൺമെൻറ്' എന്നുള്ളതാണ്. 76–ാമത്തെ ഭേദഗതി ഒന്നുകൂടി നോക്കിയിട്ട് പറയാം. അത് നാളത്തേയ്ക്ക് മാറ്റി വയ്ക്കണം. Unfair practice-ൽ distinction and restraint എന്നുള്ളിടത്ത് discriminatory and restraint എന്ന് വന്നു. അത് ഒന്നു കൂടി നോക്കണം. ബാക്കിയുള്ള ഭേദഗതികളെ സംബന്ധിച്ച് ഭേദഗതി ഒന്നും അവശ്യമില്ല എന്നാണ് എൻറെ അഭിപ്രായം. attempt to എന്നുപറഞ്ഞാൽ അത് ക്രിമിനൽ കേസിൽ എന്തെങ്കിലും വരുമെങ്കിൽ attempt to ആണെങ്കിൽ അത് ഇതിൽ വന്നുകൊള്ളും. അതുകൊണ്ട് ഇതിൽ പ്രത്യേകമായിട്ടുള്ളത് വേണമെന്ന് എനിക്ക് അഭിപ്രായമില്ല.

ശ്രീ. കെ. ജെ. തോമസ്: Public servant എന്നുള്ളതിനകത്ത് ബോർഡുകളിലെ ജീവനക്കാരും വരുമല്ലോ. അത് വേണ്ടേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി അമ്മ: സർ, public servant എന്നു പറഞ്ഞാലും ബോർഡ് എന്നു പറഞ്ഞാലും ഒന്നുകിൽ കമ്പനി ആക്ട് പ്രകാരം ആയിരിക്കും അല്ലെങ്കിൽ ബോർഡ് വരികയില്ല. അല്ലെങ്കിൽ ചാരിറ്റബിൾ സൊസൈറ്റീസ് അക്ട് പ്രകാരമായിരിക്കും. അതല്ലെങ്കിൽ ബോർഡ് എന്നു പേര് വന്നാൽ വേറെ വല്ലവരും വല്ലയിടത്തും ഇട്ടിട്ടുണ്ടോ എന്ന്, നോക്കണ്ടേ. അതുകൊണ്ട് കമ്പനീസ് ആക്ടോ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ടോ—അതെല്ലാം ഇതിൽ വരും. അതുകൊണ്ട് പ്രത്യേകം ബോർഡ് എന്ന് ചേർക്കേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ശ്രീ. ടി. എം. ജേക്കബിന്റെ ഏത് അമെൻറ്മെൻറാണ് നാളത്തേയ്ക്ക് മാറ്റി വയ്ക്കാൻ പറഞ്ഞത്?

ശ്രീമതി കെ. ആർ. ഗൗരി അമ്മ: ശ്രീ. ടി. എം. ജേക്കബിന്റെ 76-ാമത്തെ ഭേദഗതി. അതാണ് ഞാൻ ശ്രീ. ടി. എം. ജേക്കബിനോട് ചോദിച്ചത്, distinction and restriction എന്നാണ്. അത് ഒന്നുകൂടി നോക്കാനാണ് നാളത്തേയ്ക്ക് മാറ്റിവയ്ക്കാൻ പറഞ്ഞത്.

മി. സ്പീക്കർ: അപ്പോൾ ശ്രീ. ടി. എം. ജേക്കബിന്റെ 77, 79 എന്നീ ഭേദഗതികൾ അക്സെപ്റ്റ് ചെയ്തു. 76-ന്റെ കാര്യം നാളെ തീരുമാനിക്കും.

ശ്രീ. ടി. എം. ജേക്കബ്: സർ, 77-ഉം 79-ഉം അക്സെപ്റ്റ് ചെയ്തത് എന്നു പറഞ്ഞു. 76-ന്റെ കാര്യം നാളെ തീരുമാനിച്ചാൽ മതി.

ശ്രീമതി കെ. ആർ. ഗൗരി അമ്മ: സർ, അത് ഒന്നുകൂടി നോക്കണം. അതിൽ apt word വന്നില്ലെങ്കിൽ ബുദ്ധിമുട്ടുണ്ടാകും. Unfair practice ആണ് അതിൽ പ്രധാനമായിട്ട് വരുന്നത്.

ശ്രീ. വയലാർ രവി: സർ, unfair practice വേണമെങ്കിൽ ആകാം distinction മാത്രം മാറ്റിയാൽ മതിയാകും.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 87, 90, 93, 104 എന്നീ ഭേദഗതികൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ. ജെ. തോമസ് അവതരിപ്പിച്ച 78, 92, 99, 103 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീമതി എം. ടി പത്മ അവതരിപ്പിച്ച 80, 84, 100 എന്നീ ഭേദഗതികൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

മി. സ്പീക്കർ: ശ്രീ. ടി. എം ജേക്കബ് അവതരിപ്പിച്ച 77, 79 എന്നീ ഭേദഗതികൾ പ്രകാരം ഭേദഗതിചെയ്ത രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം.....

ശ്രീമതി കെ. ആർ. ഗൗരി അമ്മ: സർ, ഭേദഗതി നിൽക്കുന്നതുകൊണ്ട് രണ്ടാം വകുപ്പ് നാളത്തേയ്ക്ക് മാറ്റിവയ്ക്കാതെ നമ്മൾ ഇന്ന് പാസാക്കി കഴിഞ്ഞാൽ പിന്നെ അത് റീഓപ്പൺ ചെയ്യണം. അതുകൊണ്ട് ഇന്ന് പാസാക്കേണ്ട. 2-ാം വകുപ്പിൽ 76-ാം നമ്പർ ഭേദഗതി ഒന്നുകൂടി നോക്കേണ്ടതുണ്ട്.

മി. സ്പീക്കർ: അത് ഫൈനലായിട്ട് നാളെ പാസാക്കാം. നാളെ ആ ഒറ്റക്കാര്യം മാത്രമേയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

3–ാം വകുപ്പ്

ശ്രീ. ടി. എം. ജേക്കബ്: Sir, I move the following amendments.

105. In clause 3 (i) for sub-clause (i) substitute the following, namely:—

"(i) the Central Government or any of the departments thereof".

106. In clause 3 (ii) delete the words "directly".

109. After clause 3 (ii) add the following, namely:—

"(iii) any department or wing of any other State Government functioning in the State of Kerala either permanently or temporarily;

(iv) any office or institution owned or controlled or financed by any other State Government and functioning in the State of Kerala either permanently or temporarily;

(v) any office or institution of any foreign Government having friendly relation with the Government of India which is situated in Kerala;

(vi) any temble or other centre for worship where entry for the women folk is restricted by custom or usage".

105. സർ, അതിനകത്ത് 3–ാം വകുപ്പിൽ Act not to apply in certain cases സെൻട്രൽ ഗവൺമെൻറ് എന്നാണ് പറഞ്ഞിരിക്കുന്നത്. സെൻട്രൽ ഗവൺമെൻറ് എന്നു പറഞ്ഞാൽ അതിനകത്ത് കേന്ദ്ര സെക്രട്ടറിമാർ, മന്ത്രിമാർ, ഇവരെല്ലാം ഉൾപ്പെടുന്നുണ്ട്. പക്ഷേ, അതിൽ ഡിപ്പാർട്ടുമെൻറും കൂടി വരണമെന്നുള്ളതാണ് ഞാൻ ഈ ഭേദഗതി കൊണ്ട് ഉദ്ദേശിക്കുന്നത്. കാരണം, കേരളത്തിൽ പ്രവർത്തിക്കുന്നത് അതിൻറെ ഡിപ്പാർട്ടുമെൻസ് ആണ്. അപ്പോൾ അതുകൂടി വന്നെങ്കിലേ അത് ശരിയാകൂ. അതുപോലെതന്നെ സെലക്ട് കമ്മിറ്റിക്ക് പോയപ്പോൾ ഇല്ലാത്ത ഒരു ഭേദഗതി ഇപ്പോൾ ഇവിടെ വന്നിട്ടുണ്ട്. 'അതിനകത്ത് or controlled or financed directly by the Central Government എന്നാണ്. സർ, പല ധനസഹായങ്ങളും കേന്ദ്ര ഗവൺമെൻറ് നമുക്ക് നേരിട്ട് നൽകുന്നതല്ല. ഖാദി കമ്മീഷൻ, സോഷ്യൽ വെൽഫെയർ ബോർഡ്, അതുപോലെ കമ്മാഡിറ്റിബോർഡ് മുതലായവ ഇതിന് ഉദാഹരണമായിട്ട് പറയാൻ കഴിയും. ആ ഡയറക്ട്‌ലി എന്നുള്ളവാക്ക് നേരത്തെ ഇല്ലായിരുന്നു. ഇപ്പോൾ ഡയറക്ട്‌ലി നമ്മൾ സെലക്ട് കമ്മിറ്റിയിൽ വച്ച് കൂട്ടിച്ചേർത്തു. ''ഡയറക്ട്‌ലി'' വേണ്ടെന്നാണ് എൻറെ അഭിപ്രായം.

109. സർ, അതിനകത്ത് ഞാൻ പറഞ്ഞിരിക്കുന്നത് മറ്റ് സംസ്ഥാനങ്ങളിൽ—തമിഴ്നാട്, കർണ്ണാടക ഗവൺമെൻറുകളുടെ പല ഓഫീസുകളും താല്ക്കാലികമായിട്ട് നമ്മുടെ സ്റ്റേറ്റിൽ പ്രവർത്തിക്കുന്ന സാഹചര്യമുണ്ട്. അതുപോലെതന്നെ സെൻട്രൽ ഗവൺമെൻറിൻറെ ചില ഓഫീസുകൾ വരാൻ സാദ്ധ്യതയുണ്ട്. ഇങ്ങനെയൊക്കെ വരുന്ന സാഹചര്യത്തിൽ അവർക്ക് ഇത് ബാധകമല്ലാത്ത നിലയിൽ വരുത്താൻ വേണ്ടിയാണ് ഞാൻ 109–ൽ നിർദ്ദേശിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി അമ്മ), സർ. ശ്രീ. ടി. എം. ജേക്കബിനു് അറിയാം. ചിലതിലെല്ലാം 50 ശതമാനം കോൺട്രിബ്യൂഷൻ ഉള്ളതുണ്ടു്. നമ്മുടെ ബഡ്ജറ്റിൽ തന്നെ സെൻട്രൽ അസിസ്റ്റൻറു് 50 ശതമാനമുള്ളതുണ്ടു്, 100 ശതമാന മുള്ളതുമുണ്ടു്. അപ്പോഴും അവർ തരുന്നതു് ഡയറക്ടു്ലി അല്ലെങ്കിൽ സെൻട്രൽ ഗവൺമെൻറിൻറെ പൈസ വാങ്ങിച്ചു് നടത്തുന്നതിനു് ബാധക മല്ലാതെവരും. അതുകൊണ്ടാണു് ഡയറക്ടു്ലി എന്നു ചേർത്തതു്. ഖാദി കമ്മീഷൻറെ ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടിയെടുക്കണം. അതു് ഗവൺമെൻറിനു് അധികാരമുള്ളതാണു്. സെൻട്രൽ ഗവൺമെൻറു് നേരിട്ടു് അധികാരം ഉപയോഗിക്കുന്ന സ്ഥാപനങ്ങളും ഒഴിച്ചു് ബാക്കിയുള്ള സ്ഥാപനങ്ങളിൽ നമുക്കു് ലെജിസ്ലേറ്റു് ചെയ്യാൻ അവകാശമുണ്ടു്. അതുകൊണ്ടാണു് ഡയറക്ടു്ലി എന്നു് എഴുതിയതു്. അതിൽ commodity board വരും. നമ്മളു് കൊടുക്കുന്നില്ല. വേറെ ചിലതു് ഉണ്ടു്. അതിനൊന്നും നമ്മളു കൊടുക്കുന്നില്ല. റബ്ബർ ബോർഡുണ്ടു്. നമുക്കു് അതിൽ ഒരു കാര്യവുമില്ല. ആ വിധത്തിൽ ചിലതെല്ലാം വരുന്നതൊഴിച്ചു് ബാക്കിയുള്ളതിനു് നടപടിയെടുക്കാൻ direct അല്ല എന്നുള്ള വാക്കു് വന്നാൽ 50 ശതമാനം വരും; 100 ശതമാനവും വരും. അവർ ഗ്രാൻറു് കൊടുക്കുന്നതൊക്കെ വരും. സോഷ്യൽ വെൽഫെയർ, അതുപോലെ മറ്റുള്ളതു്, ഇതൊക്കെ വന്നാൽ ഗ്രാൻറു് കൊടുക്കുന്നതു് വരും. അതുകൊണ്ടാണു് directly എന്നുള്ള വാക്കു വളയെധികം ചർച്ച ചെയ്തതിനുശേഷം ഞങ്ങളു ഏഴുതിച്ചേർത്തതു്, ഈ ഒരു ബുദ്ധിമുട്ടു് ഒഴിവാക്കാൻവേണ്ടി.

ശ്രീ. ടി. എം. ജേക്കബു് അവതരിപ്പിച്ച 105, 106, 109 എന്നീ ഭേദഗതികളും സഭ വോട്ടിനിട്ടു് നിരാകരിച്ചു.

3-ാം വകുപ്പു് ബില്ലിൻറെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ടു് അംഗീകരിച്ചു.

3-ാം വകുപ്പു് ബില്ലിൻറെ ഭാഗമായി സഭ അംഗീകരിച്ചു.

4-ാം വകുപ്പു്

4-ാം വകുപ്പു് ബില്ലിൻറെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ടു് അംഗീകരിച്ചു.

4-ാം വകുപ്പു് ബില്ലിൻറെ ഭാഗമായി സഭ അംഗീകരിച്ചു.

5-ാം വകുപ്പു്

Smt. M. T. Padma: Sir, I move my amendment.

115. In clause 5 (a), for "by notification in the gazette" substitute "in consultation with the Lady Members in the Opposition benches of the Legislative Assembly or if there is no such member in the opposition benches in consultation with the Leader of Opposition in the Legislative Assembly".

LIBRARY ARCHIVES Kerala Legislative Assembly

സർ, അതിൽ Constituion of the Commission അതിൽ പ്രതിപക്ഷത്തിരിക്കുന്ന വനിതാ എം., എൽ. എ.-മാരോട് കൺസൾട്ട് ചെയ്തിട്ടുവേണം ഈ അംഗങ്ങളെ തീരുമാനിക്കാനെന്നുള്ളതാണ് എന്റെ ഈ അമെൻഡ്മെന്റ് അഥവാ വനിതാ എം. എൽ. എ-മാരില്ലെങ്കിൽ പ്രതിപക്ഷനേതാവിനോട് കൺസൾട്ട് ചെയ്തിട്ടുവേണം അത് തീരുമാനിക്കാൻ എന്നുള്ളതാണ്. ഇതിൽ വന്നിട്ടുള്ള ഒരു അപാകത ഈ ആക്ടിൽ കമ്മീഷൻ ഡിസ്കാളിഫിക്കേഷനെക്കുറിച്ച് പറഞ്ഞിട്ടില്ല. ആ അംഗങ്ങളുടെ ഡിസ്കാളിഫിക്കേഷൻ 5-ാം വകുപ്പിലെ 6-ാമത്തെ ഉപവകുപ്പായി ചേർക്കണമെന്നാണ് ഞാൻ പറഞ്ഞിട്ടുള്ളത്. അത് ഒരു നീണ്ട ക്ലാസ് ആയതുകൊണ്ട് ഞാൻ ഇവിടെ വായിക്കാൻ ഉദ്ദേശിക്കുന്നില്ല.

140. After clause 5 add the following as clause 6 and renumber the remaining clause, namely:—

Disqualification for Membership of the Commission;

അത് സ്വീകരിക്കണമെന്നാണ് പറയാനുള്ളത്.

Shri T. M. Jacob: Sir, I move the following amendments:—

(112) In clause 5 (a) for "the State Government shall by notification in the Gazette" substitute "the Governor shall in consultation with the Chief Minister and the Leader of Opposition in the Legislative Assembly".

(117) In clause 5 (a) delete the words "to be appointed by the Government".

(123) In clause 5 delete sub-clause (b).

(125) In clause 5 (c) delete the words "of ability, integrity, intelligence and standing".

(127) In clause 5 for sub-clause (c) substitute the following, namely:—

" (c) The Chair person and members of the Commission shall be persons of eminence and those who have been or are working for the welfare of the women or for safeguarding and promoting their rights and interests or those who have intimate knowledge or experience in dealing with the problems of women".

(132) In clause 5 (c) for the words "Adequate" substitute "Intimate".

(135) In clause 5 after sub-clause (c) add the following as sub-clause (d) namely:—

"(d) the Chair person shall—

(a) Preside over the sittings of the Commission; and

(b) In consultation with the members exercise administrative control over the Director and other officers and employees of the Commission".

LIBRARY ARCHIVES Kerala Legislative Assembly

(136) In clause 5 after clause (c) add the following as clause (d), namely:—

"(d) The Commission shall be a body corporate by the aforesaid name having perpetual succession and a common seal with power, subject to the provisions of this Act to acquire, hold and dispose of property both movable and immovable and to contract and shall by the said name sue and be sued".

സർ, സെലക്ട് കമ്മിറ്റിയിൽ പോയ അവസരത്തിൽ കമ്മീഷന്റെ രൂപീകരണത്തെ സംബന്ധിച്ചുള്ള വ്യവസ്ഥയ്ക്ക് മൊത്തത്തിൽതന്നെ ഒരു മാറ്റം വരുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഗൗരി അമ്മ ഇതിന്റെ പൊതു ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ച അവസരത്തിൽ ഇതിന് ചില സബ് കമ്മിറ്റികളൊക്കെ രൂപീകരിച്ച് ഇതിന്റെ പ്രവർത്തനങ്ങൾ കുറച്ചു കൂടി ഭംഗിയാക്കണമെന്നുള്ള അഭിപ്രായം പറയുകയുണ്ടായി. എനിക്ക് തോന്നുന്നത് ഈ കമ്മീഷന്റെ പ്രവർത്തനത്തിന് കൂടുതൽ അംഗങ്ങൾ ആവശ്യമാണോയെന്നുള്ള കാര്യത്തെക്കുറിച്ച് ആലോചിക്കേണ്ടതായിട്ടുണ്ട് എന്നാണ്. അത് ഡിസൈഡ് ചെയ്യേണ്ടത് ഗവൺമെന്റാണ്.

സർ, ഞാൻ 112-ൽ പറഞ്ഞിരിക്കുന്നത് ഈ കമ്മീഷന്റെ രൂപീകരണത്തെ സംബന്ധിച്ചിടത്തോളം ഇത്, "in consultation with the Chief Minister and the Leader of Opposition in the Legislative Assembly" എന്നാണ്. ഇതിനകത്ത് ഇപ്പോൾ കമ്മീഷൻ നമ്മളൊരു പുതിയ സംരംഭമായിട്ടാണ് കൊണ്ടുവന്നിരിക്കുന്നത്. ഇപ്പോൾ ഗവൺമെന്റ് പിന്നീട് ചെയ്യാമെന്നു പറഞ്ഞിരിക്കുന്നു. ആ സ്ഥാനത്ത് കുറച്ചുകൂടി നന്നാകുന്നത് ഇതാണ് എന്നൊരു അഭിപ്രായം എനിക്കുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ അത് മൂവ് ചെയ്തിരിക്കുന്നത്.

സർ, 117-നകത്ത് പറയുന്നത്, 'Government shall constitute' എന്ന് ഇതിന്റെ ആരംഭത്തിൽതന്നെ പറയുന്നുണ്ട്. എന്നാൽ അത് കഴിഞ്ഞതിനു ശേഷം പിന്നീട് ഗവൺമെന്റ് അപ്പോയിന്റ് ചെയ്യണമെന്ന് പറയേണ്ട ആവശ്യമില്ല. Government shall constitute എന്നു പറയുമ്പോൾ പിന്നെ അത് രണ്ടാമത് റിപ്പീറ്റ് ചെയ്തു പറയേണ്ട ആവശ്യമില്ല. അതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി 117 കൊണ്ടുവന്നിരിക്കുന്നത്. ഞാൻ ആ പറഞ്ഞിരിക്കുന്ന ഭേദഗതിയാണ് യഥാർത്ഥത്തിൽ ആ വകുപ്പിൽ നല്ലത്. അല്ലെങ്കിൽ 'Government shall constitute' എന്ന് പ്രാരംഭത്തിൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് വീണ്ടും ഗവൺമെന്റ് അപ്പോയിന്റ് ചെയ്യണമെന്ന് പറയേണ്ട ആവശ്യമില്ല. അത് 127-ൽ ഞാൻ കുറച്ചുകൂടി ഡീറ്റയിൽഡ് ആയിട്ട് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് 123-നെക്കുറിച്ച് ഞാൻ കൂടുതൽ എക്സ്പ്ലെയിൻ ചെയ്യാനുദ്ദേശിക്കുന്നില്ല. സർ, പിന്നെ 125, ഇതിനകത്ത് ഈ അപ്പോയിന്റ് ചെയ്യപ്പെടുന്ന മെമ്പർമാരെ സംബന്ധിച്ച് പറഞ്ഞിരിക്കുന്നത് എന്താണ്. 'The members of the Commission shall be persons of ability, integrity, intelligence and standing having adequate knowledge or experience or have shown ability in dealing with problems relating to safeguarding and promoting the interests of women and protecting their rights.' സാധാരണ ഗതിയിൽ ഒരു സ്ഥലത്തും പറയാത്ത ഈ എബിലിറ്റി, ഇന്റഗ്രിറ്റി, ഇൻഡിപെൻഡൻസ് (ഇതിപ്പോൾ കമ്മീഷനിലെ അംഗങ്ങളായിട്ട് വരുന്നവരെയൊക്കെ നമുക്കറിയാം) ഇതൊക്കെ എങ്ങനെയാണ് വരാൻ

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നത്. അതുകൊണ്ട് അതിനെക്കുറിച്ചൊന്നും ഇതിനകത്ത് പറയേണ്ട കാര്യമില്ല. അതൊക്കെ പറഞ്ഞാൽ ഈ കമ്മീഷന്റെ രൂപീകരണത്തിന് വെറുതെ കുറേ പ്രശ്നങ്ങളുണ്ടാക്കാൻ സാദ്ധ്യതകളുണ്ടാവും. അതുകൊണ്ട് ഈ കമ്മീഷനൊക്കെ കോൺസ്റ്റിറ്റ്യൂട്ട് ചെയ്തു കഴിഞ്ഞിട്ട് ആർക്കെങ്കിലും ഒരു ലിറ്റിഗേഷനു പോകാനോ ഒക്കെയുള്ള സാഹചര്യങ്ങളുണ്ടാക്കും. കമ്മീഷനകത്ത് വരുന്ന അംഗങ്ങളും നല്ല ആളുകളായിരിക്കണം. അത് ഗവൺമെൻറാണ് അപ്പോയിൻറ് ചെയ്യേണ്ടത്. അത് ഗവൺമെൻറ് അപ്പോഴും നോക്കിയാൽ മതി. ഇപ്പറഞ്ഞ ഗുണങ്ങളെല്ലാമുള്ള ആളുകളെ എവിടെ കിട്ടും സർ? എനിക്കു തോന്നുന്നത് ഈ പറഞ്ഞ മുഴുവൻ കാര്യങ്ങളുമുൾക്കൊണ്ട് കൊള്ളാവുന്ന ഒരാളെ കമ്മീഷനിലേക്ക് അംഗമായിട്ട് കിട്ടാൻ പോകുന്നില്ല. അതുകൊണ്ട് ഇത് വേണ്ടായെന്നാണ് എന്റെ അഭിപ്രായം. കമ്മീഷനിലെ ആളുകളെ മെംബേഴ്സിനെ ഗവൺമെൻറ് അപ്പോയിൻറ് ചെയ്യണം. അതിനു കൊള്ളാവുന്നവരെ തന്നെ ഗവൺമെൻറ് അപ്പോയിൻറ് ചെയ്യണം. കാലാകാലങ്ങളിൽ വരുന്ന ഗവൺമെൻറാണ് അത് ഡിസൈഡ് ചെയ്യേണ്ടത്. അതുപോലെതന്നെ ഇതിനകത്ത് ഈ 127-ന് അകത്ത് ചെയർ പേഴ്സണും അംഗങ്ങളും എമിനൻറ് ആയിട്ടുള്ളവരായിരിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ഇപ്പോഴും സ്ത്രീകളുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്നവരോ പ്രവർത്തിച്ചവരോ അവരുടെ അവകാശങ്ങളും താല്പര്യങ്ങളും സംരക്ഷിക്കുന്നവരോ അല്ലെങ്കിൽ പിന്നെ പ്രമോട്ട് ചെയ്യുന്നവരോ ആയിരിക്കണം. സ്ത്രീകളുടെ പ്രശ്നങ്ങളും കൈകാര്യം ചെയ്യുന്നതിൽ ആത്മാർത്ഥമായ അറിവ് ഉണ്ടായിരിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. ഞാൻ അതിനകത്ത് ഭേദഗതിയായിട്ട് നിർദ്ദേശിച്ചിരിക്കുന്നത് നേരത്തെ പറഞ്ഞതുപോലെ നല്ലത് ഇതാണെന്നാണ് എനിക്കു തോന്നുന്നത്.

അതുപോലെ 132. ഇതിൽ ആഡിക്കേറ്റർ എന്നുള്ളതിനു പകരം ഇൻറിമേറ്റർ എന്നുള്ള വാക്ക് ചേർക്കണമെന്നാണ് ഞാൻ ആവശ്യപ്പെട്ടിരിക്കുന്നത്.

പിന്നെ 135. In clause 5 after sub clause (c) add the following as sub clause (d), namely:-

"(d) The Chair person shall—

(a) Preside over the sittings of the Commission and

(b) In consultation with the other members exercise administrative control over the Director and other officers and employees of the Commission".

ഈ ചെയർ പേഴ്സണിന്റെ ജോലിയായിട്ട് പറഞ്ഞിരിക്കുന്നത് കമ്മീഷൻ യോഗത്തിൽ അദ്ധ്യക്ഷം വഹിക്കണം, സ്റ്റാഫിന്റെ മേൽ നിയന്ത്രണം അവർക്ക് ആവശ്യമാണ്. എന്നാൽ അക്കാര്യം ഇവിടെ എങ്ങും പറഞ്ഞിട്ടില്ല. അതുകൊണ്ട് ഈ ഒരു ഭേദഗതി ആവശ്യമാണ്. കാരണം നമ്മുടെ ജില്ലാ കൗൺസിൽ നിയമത്തെ സംബന്ധിച്ചാണെങ്കിലും ഇക്കാര്യം പറഞ്ഞിട്ടുണ്ട്. അതേ സമയത്ത് ഈ ചെയർ പേഴ്സണെ സംബന്ധിച്ചിടത്തോളം ആ ചെയർ പേഴ്സണിന്റെ അധികാരം എന്താണെന്നതിനെ സംബന്ധിച്ച് പറഞ്ഞിട്ടില്ല. അത് പറയാതെ ഈ ആക്ട് നമ്മൾ പാസ്സാക്കുന്നത് ശരിയായിരിക്കുകയില്ല. അതുകൊണ്ട് ജില്ലാ കൗൺസിൽ നിയമത്തിൽ പറഞ്ഞിരിക്കുന്നതിനു അനുസൃതമായ ഒരു ഭേദഗതിയാണ് ഞാൻ ഈ 135-ലൂടെ നിർദ്ദേശിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

136-ൽ ഞാൻ പറയുന്നത് In clause 5 after clause (c) add the following as clause (d), namely:—

"(d) The Commission shall be a body corporate by the aforesaid name having perpetual succession and a common seal with power, subject to the provisions of this Act to acquire, hold and dispose of property both movable and immovable and to contract and shall by the said name sue and be sued". എന്നാണ് ഇത് ഈ കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം വളരെ ആവശ്യമായിട്ടുള്ള ഒരു ഭേദഗതിയാണ്.

ശ്രീമതി ലീലാ ദാമോദരമേനോൻ: Sir, I move amendment.

(122) In clause 5 (a) for "woman belonging to" substitute "person belonging to". അപ്പോഴും അതിന് തക്കതായിട്ടുള്ള ഒരു സ്ത്രീയെ പെട്ടെന്ന് കിട്ടിയില്ലെങ്കിലും.....place should not be left vaccant. A Scheduled Caste person should be there. So a person can include a woman also if there is not a person who is ready.

ശ്രീ. വയലാർ രവി: സർ, എന്റെ 133-ാം നമ്പർ ഭേദഗതി ഞാൻ മൂവ് ചെയ്യുന്നു. In clause 5 after sub-clause (c) add the following as sub-clause (d), namely:—

"(d) Once appointed, the Chair person shall sever all connections with the political party, if any". ഇതിൽ പ്രധാനമായിട്ടും ഉദ്ദേശിച്ചിരിക്കുന്നത് ഈ ചെയർ പേഴ്സൺ ആയിട്ട് നിയോഗിക്കപ്പെടുന്ന വ്യക്തി അവർ ഒരുപക്ഷെ മഹിളാ സംഘടനാ സംഘാനത്തൊക്കെ പ്രവർത്തിച്ചിട്ടുണ്ടാവാം. അവർക്ക് രാഷ്ട്രീയമായ ബന്ധങ്ങളുണ്ടാകാം. മെമ്പർമാർക്ക് വേണമെങ്കിൽ അവരുടെ രാഷ്ട്രീയ വിശ്വാസം തുടരാമെങ്കിൽപോലും ഇതൊരു ക്വാസി ജുഡീഷ്യൽ ഫംഗ്ഷൻ അതായത് സി. ആർ. പി. സി. അനുസരിച്ചും സി.പി.സി. അനുസരിച്ചുമൊക്കെ ആളുകളെ സമൻ ചെയ്യാൻവരെയുള്ള അധികാരം അഡ്വൈസറി പവർ ആണെങ്കിൽപ്പോലും അധികാരം കൊടുത്തിരിക്കുന്ന ഒരു സ്ഥിതിയിൽ കുറെയേറെ വൈഡ് പവേഴ്സും വരുന്നുണ്ട്. അപ്പോഴും രാഷ്ട്രീയമായ അതിപ്രസരം ഉണ്ടാകാതിരിക്കുവാനും അതോടൊപ്പം ജനങ്ങളെ ബോധപൂർവ്വം അത് ബോദ്ധ്യപ്പെടുത്താനും കഴിയണമെങ്കിൽ ചെയർ പേഴ്സണ് രാഷ്ട്രീയമായി എന്തെങ്കിലും ബന്ധമുണ്ടെങ്കിൽ ഒരിക്കൽ ആ സ്ഥാനം ഏറ്റെടുത്തുകഴിഞ്ഞാൽ അവരുടെ രാഷ്ട്രീയബന്ധം ഉപേക്ഷിക്കുന്നത് നല്ലതാണ്. അതുകൊണ്ട് ചെയർ പേഴ്സനെ എങ്കിലും രാഷ്ട്രീയ ബന്ധങ്ങളിൽനിന്ന് വിമുക്തമാക്കുന്ന ഒരു പ്രൊവിഷൻ ഇതിനകത്ത് ഉണ്ടായിരിക്കുന്നത് ഈ കമ്മീഷന്റെ വിശ്വാസയോഗ്യത വർദ്ധിപ്പിക്കാനും നിഷ്പക്ഷമായും നീതിപൂർവ്വമായും പ്രവർത്തിക്കുമെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്താനും ആവശ്യമായതുകൊണ്ട് ആ ഭേദഗതി സ്വീകരിക്കണമെന്ന് ഞാനഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. ജെ. തോമസ്: സർ. ഞാൻ 121-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുകയാണ്. In section 5 (a) the words "one shall be a woman belonging to Scheduled Castes or Scheduled Tribes" may be substituted by the words "majority shall be women and one woman belonging to Scheduled Castes or Scheduled Tribes." ഈ കമ്മീഷന്റെ നിയമനത്തെ സംബന്ധിച്ചാണ് 5.0 വകുപ്പിൽ പറയുന്നത്. 5 (എ) ഉപവകുപ്പിൽ പറഞ്ഞിരിക്കുന്നത്.

2 p.m.]

LIBRARY ARCHIVES Kerala Legislative Assembly

ചെയർ പേഴ്സൺ സ്ത്രീ ആയിരിക്കണമെന്നാണ്. അതുപോലെതന്നെ ബാക്കി ആറു പേരിൽ ഒരാൾ ഹരിജൻ-ഗിരിജനസമുദായത്തിൽപ്പെട്ട ഏതെങ്കിലും ഒരു സ്ത്രീ ആയിരിക്കണമെന്നാണ്. അപ്പോൾ ഏഴ് പേരുള്ള ഈ കമ്മീഷനിൽ അഞ്ചു പേർ പുരുഷൻമാരായിരിക്കാനാണ് സാദ്ധ്യത. രണ്ടുപേർ മാത്രമേ സ്ത്രീകളുള്ളു. അതുകൊണ്ട് എന്റെ ഭേദഗതി ചെയർ പേഴ്സൺ സ്ത്രീയായിരിക്കണം, ബാക്കി ആറുപേരിൽ ഭൂരിപക്ഷവും സ്ത്രീയായിരിക്കണമെന്നാണ്. അപ്പോൾ നാലും ഒന്നും കൂടെ അഞ്ചുപേർ വരും. വനിതകളോട് ചെയ്യുന്ന അനീതി പരിശോധിക്കാൻ ഭൂരിപക്ഷം സ്ത്രീകളുള്ള കമ്മീഷനാണ് നല്ലത്. അത് മന്ത്രി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ടി. എം. ജേക്കബ്: ഈ അഭിപ്രായത്തിൽ അദ്ദേഹം ഉറച്ചു നിൽക്കുമോ?

മി. സ്പീക്കർ: ഇല്ല. ഇപ്പോൾ അതിനൊന്നും സമയമില്ല.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി അമ്മ): സർ, ഭൂരിപക്ഷം സ്ത്രീകളെത്തന്നെ നോമിനേറ്റ് ചെയ്യാൻ പോവുകയാണ്, പുരുഷൻമാരെ നോമിനേറ്റ് ചെയ്യാൻ പോകുന്നില്ല. അങ്ങനെയൊരു സംശയവും വേണ്ട. ഭൂരിപക്ഷമെന്ന് പറഞ്ഞാൽ ന്യൂനപക്ഷം വേറെ വല്ലതുമാകണ്ടെ? അതുകൊണ്ട് അത് വിട്ടിരിക്കുകയാണ്. എന്താണെന്നുവച്ചാൽ പെണ്ണുങ്ങളുടെ കമ്മീഷനാണ്. അതുകൊണ്ട് ശ്രീ. കെ. ജെ. തോമസ് അവതരിപ്പിച്ച ഭേദഗതി സ്വീകരിക്കുന്നില്ല.

സർ, രണ്ടാമത്, ശ്രീ. വയലാർ രവി അവതരിപ്പിച്ച ഭേദഗതിയാണ്. വയലാർ രവി പറഞ്ഞതെല്ലാം രാഷ്ട്രീയമായി കണക്ഷനുള്ളതാണ്. എന്താണ് രവി, ബില്ലിൽ എഴുതിവച്ചിട്ട് അടിയിൽക്കൂടെ വല്ലതും വേണമോ? അതാണ് ഞാൻ പറഞ്ഞത് ഇതൊക്കെ വന്നു കഴിഞ്ഞാൽ ചെയർ പേഴ്സൺ ഒരു ഉദ്യോഗസ്ഥനായാൽ, ഗവൺമെന്റിൽ ഉദ്യോഗത്തിനു വരുന്ന ആളുകളുടെ കാര്യം അറിയാവുന്നവർക്കൊക്കെ അറിയാം. അതുകൊണ്ട് ഈ വരുന്ന ആളുകളെ ആശ്രയിച്ചാണിരിക്കുന്നത്. ഒരു പ്രശ്നം വന്നാൽ ന്യായമായി നടത്തണം. അതിൽ രാഷ്ട്രീയമുണ്ടോ? ന്യായം വരുമ്പോൾ അന്യായം കിട്ടണമെന്ന് ആഗ്രഹിക്കുന്നവർ ചിലപ്പോൾ രാഷ്ട്രീയമെന്ന് പറഞ്ഞേക്കും. അതുകൊണ്ട് അതില്ലാതിരിക്കുകയാണ് നല്ലത്. അതുകൊണ്ട് അതുപോലുള്ള ആളുകളെ മാത്രമേ ഈ കമ്മീഷന്റെ ചെയർമാനാക്കുകയുള്ളു.

ശ്രീ. ടി. എം. ജേക്കബിന്റെ 135-ാം നമ്പർ ഭേദഗതിയിൽ ഞാൻ മുമ്പ് പറഞ്ഞതുകൂടെ ചേർത്തിട്ട്—as may be prescribaed by the rules—റൂളിൽ വരത്തക്കവിധത്തിൽ ഒരു പ്രൊവിഷൻ കൂടെ ചേർത്തിട്ട്—135-ാം നമ്പർ ഭേദഗതി 18-ാം വകുപ്പ് വരുന്ന സമയത്ത് എടുക്കാം. The Chair person shall—Preside over the sittings of the Commission; അത് 18 (2)-ൽ ഉണ്ട്. He shall preside over the sittings of the Commission എന്ന് പറഞ്ഞ് 18 (2)-ൽ വന്നിട്ടുണ്ട്. അവർക്കുള്ള അധികാരങ്ങളെ സംബന്ധിച്ച് വരുമ്പോൾ അതിന്റെ താഴെ ഇതും കൂടെ ചേർക്കാം. Presided over the Commission മാറ്റിയിട്ട് exercise administrative control over the Director or other officers.....

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. എം. ജേക്കബ്: 18 (2)-ൽ 'The Commission shall with the previous approval of the Government make regulations for regulating its procedure and the disposal of its business and which regulations shall, after they are made, be published in the gazette'. എന്നാണ് പറയുന്നത്..

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): The Commission shall hold sittings ordinarily at Thiruvananthapuram എന്ന് പറഞ്ഞിട്ട് the Commission shall with the previous approval of the Government make regulations for regulating its procedure and the disposal of its business and which regulations shall, after they are made, be published in the gazette. എന്ന് പറയുന്നുണ്ട്. 18-ാം വകുപ്പ് വരുമ്പോൾ അതിനെക്കുറിച്ച് ആലോചിക്കാം. അവരുടെ അധികാരങ്ങളെക്കുറിച്ച് 18-ാം വകുപ്പിലാണ് കൊടുത്തിരിക്കുന്നത്. ആരു preside ചെയ്യണമെന്നുള്ളതിനെ സംബന്ധിച്ച് അതിലാണ് പറയുന്നത്. അല്ലെങ്കിൽ അവർക്ക് എല്ലാ അധികാരങ്ങളും കൊടുക്കത്തക്ക വിധത്തിൽ as may be prescribed by the rules—എന്ന് വരണം. ഇപ്പോൾ കമ്മീഷനുതന്നെ ഇതിന്റെ അധികാരം കൊടുത്തിരിക്കുകയാണ്. എന്താണെന്നു വച്ചാൽ അഴിമതി നിരോധന കമ്മീഷനാണ് റൂൾ ഉണ്ടാക്കുന്നത്, ഗവൺമെന്റ് അല്ല. അവർ റൂളുണ്ടാക്കി ഗവൺമെന്റിനു സമർപ്പിച്ച് ഗവൺമെന്റ് നോട്ടിഫൈ ചെയ്താണ് ഇവിടെ വെയ്ക്കുന്നത്. അതുപോലെതന്നെ ഇവർക്ക് റൂൾ ഉണ്ടാക്കാൻ എന്തൊക്കെ അധികാരങ്ങൾ വേണമെന്നുള്ള നിലയിൽ ഇവർ തന്നെ റൂളും ചട്ടവുമുണ്ടാക്കട്ടേയെന്നാണ് ഇന്ന് നിബന്ധന കൊടുത്തിരിക്കുന്നത്. ഇപ്പോൾ ഈ വകുപ്പിൽ ഇത് വേണം. 18-ാം വകുപ്പ് വരുമ്പോൾ preside ചെയ്യണമോ അതോ കൂട്ടിച്ചേർക്കണമോ എന്നുള്ളത് നമുക്ക് നോക്കാം.

സർ, അതുപോലെതന്നെ ഇതിൽ പ്രതിപക്ഷ നേതാവെന്നൊന്നും വേണ്ട. അങ്ങോട്ടും ഇങ്ങോട്ടും തർക്കവും വഴക്കും വന്ന് ഒന്ന് ഒന്നര ക്കൊല്ലം വരെ താമസിച്ചുപോകും. അതുകൊണ്ട് അതൊന്നും വേണ്ട.

ശ്രീമതി എം. ടി. പത്മ അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 112, 117, 123, 125, 127, 132, 136 എന്നീ ഭേദഗതികളും സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീമതി ലീലാ ദാമോദരമേനോൻ അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വയലാർ രവി അവതരിപ്പിച്ച 133-ാം നമ്പർ ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ. ജെ. തോമസ് അവതരിപ്പിച്ച 121-ാം നമ്പർ ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

LIBRARY ARCHIVES Kerala Legislative Assembly

5-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ 139-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

After clause 5 add the following as clause 6 and renumber the remaining clauses, namely:—

"6. Disqualification for membership of the Commission.—A person shall be disqualified for being nominated as or for being a member of if he,—

(*a*) has been convicted and sentenced to imprisonment for an offence involving moral turpitude and five years have not elapsed from the date of expiry of the sentence; or

(*b*) if he is of unsound mind and is so declared by a court of competent jurisdiction; or

(*c*) if he is an undischarged insolvent; or

(*d*) if he has been removed or dismissed from the service of the Central Government or the State of Kerala or a Corporation owned or controlled by the Central Government or State Government of from the membership of the Commission constituted under this Act; or

(*e*) if he is employed as a legal practitioner on behalf of the Commission or accepts employment as legal practitioner by or on behalf of the Commission;

(*f*) if he has completed sixty two years of age on the date of appointment as member or while continuing as such". ഇപ്പോൾ ഏത് കമ്മീഷനാണെങ്കിലും, ഈ കമ്മീഷൻ എടുത്താലും, വേറെ കമ്മീഷനെടുത്താലും ബില്ലിനകത്ത് Disqualification for Membership of the Commission, എന്നുള്ളതിനെക്കുറിച്ച് പറയുന്നില്ല. കമ്മീഷനിലെ അംഗമായി വരുന്നവർക്കുണ്ടാകുന്ന ക്വാളിഫിക്കേഷനെക്കുറിച്ച് പറയുന്നില്ല. മിക്കവാറും ഏതു നിയമം എടുത്താലും ഡിക്വാളിഫിക്കേഷൻ കൂടെ പറയേണ്ടതു് ആവശ്യമാണ്. അതു് ഇതിനകത്ത് വിട്ടുപോയിരിക്കുന്ന ഒരു സംഗതിയാണ്. എന്റെ അമൻറുമെൻറിൽ കുറച്ച് സജഷൻസ് പറഞ്ഞിട്ടുണ്ട്. "Has been convicted and sentenced to imprisonment for an offence involving moral turpitude and five years have not elapsed from the date of expiry of the sentence; or if he is of unsound mind and is so declared by a court of competent jurisdiction; or if he is an undischarged insolvent;" എന്ന് പറഞ്ഞ് ചില നിർദ്ദേശങ്ങൾ ഞാൻ പറഞ്ഞിട്ടുണ്ട്. സാധാരണ ഗതിയിൽ മറ്റു നിയമങ്ങളിൽ പറയുന്ന വ്യവസ്ഥകളാണ് ഇതിനകത്ത് ഉൾക്കൊള്ളിച്ചിരിക്കുന്നത്. അപ്പോൾ ഡിസ്ക്വാളിഫിക്കേഷൻക്കൂടി പറയുകയെന്നുള്ളത് സാധാരണ നിയമത്തിൽ ചെയ്യേണ്ടതാണ്. അത് വിട്ടുപോയിയെന്ന് എനിക്ക് തോന്നുന്നു. അതുകൊണ്ട് ഈ ഭേദഗതി നിർദ്ദേശിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ ഗൗരി അമ്മ): കമ്മീഷൻ അംഗമാകാൻ യോഗ്യതയുള്ള ആളുകളുടെ കാളിഫിക്കേഷനെക്കുറിച്ച് രണ്ടാം വകുപ്പിലോ മൂന്നാം വകുപ്പിലോ പറഞ്ഞിട്ടുണ്ട്. 5-ാം വകുപ്പിൽ പറയുന്നത് for the purpose of this Act, the Government shall, by notification in the Gazette, constitute a commission to be known as the Kerala Women's Commission which shall consist of a Chairperson and not more than six other members to be appointed .....എന്നാണ്. ഡിസ്കാളിഫിക്കേഷനെ സംബന്ധിച്ച് ഇവരുടെ റിമൂവൽ വരുന്നതിന്റെ ക്ലാസിൽ പറഞ്ഞിട്ടുണ്ട്. നിയമിക്കാവുന്നത് ഇന്നതാണെന്ന് പറഞ്ഞാൽ ഇന്നയാളുകളെ നിയമിക്കാൻ പാടില്ലെന്ന് പറയണമോ? പിന്നെ അത് പറയണ്ട. വേറെ ഒരു നിയമത്തിലും ഇത് കാണുന്നില്ല.

ശ്രീ. ടി. എം. ജേക്കബ്: സർ, എനിക്ക് ഒരു നിർദ്ദേശമുള്ളത് ഇപ്പോൾ സ്വീകരിക്കണമെന്നില്ല. മിനിസ്റ്റർ ബന്ധപ്പെട്ടവരുമായി ഡിസ്കസ് ചെയ്യുന്നത് നന്നായിരിക്കും. സാധാരണ നിയമത്തിൽ ഇത് കാണാറുണ്ട്. അതുകൊണ്ടാണ് ഞാൻ അത് നിർദ്ദേശിച്ചിരിക്കുന്നത്.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്. സഭ വ്യാഴാഴ്ച രാവിലെ 8.30-ന് സമ്മേളിക്കുന്നതിലേയ്ക്കായി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.07-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly